സുഭദ്രാർജ്ജുനം

സുഭദ്രാൎജ്ജുനം

ഭാഷാനാടകം.

തോട്ടയ്ക്കാട്ട ഇക്കാവമ്മ

ഉണ്ടാക്കിയത.

മൂന്നാം പതിപ്പ

കോഴിക്കോട

ഗട്ടൻബൎഗ്ഗ് അച്ചുക്കൂടത്തിൽ അച്ചടിച്ചത.

൧൦൭൭.

അണ വു.]

സുഭദ്രാൎജ്ജുനം

ഭാഷാനാടകം.

തോട്ടയ്ക്കാട്ട ഇക്കാവമ്മ

ഉണ്ടാക്കിയത.

മൂന്നാം പതിപ്പ

കോഴിക്കോട

ഗട്ടൻബൎഗ്ഗ അച്ചുക്കൂടത്തിൽ അച്ചടിച്ചത.

൧൦൯൯.

അണ വൃ.]

അവതാരിക.

രസകരമാകുംവണ്ണം "കൃത്യാകൃത്യോപദേശം" ചെയ്യുകയാ
നാടകോദ്ദേശം എന്ന വിദ്വാന്മാർ അഭിപ്രായപ്പെട്ടിരിക്കു
ഈ ഗുണം ഈ കൃതിയ്ക്കു പൂർത്തിയായി ഉണ്ടോ എന്നും, ഇത
നക്കും നിലനില്ക്കേണ്ടതോ അല്ലയോ എന്നും വിധിപറയേ
ചാദ്ധ്യത ഭാവിയായ കാലത്തിന്നാകയാൽ, ഇതിനെക്കുറിച്ചു
യുടെ മനസ്സ് ആയാസപ്പെട്ടിട്ടു ഒരു പ്രയോജനവും ഇല്ല.
ാൽ, ജനസാമാന്യത്തിന്റെ വിദ്യാഭിവൃദ്ധിക്കുപകരിക്കുന്ന
മലയാളഭാഷയുടെ കഷ്ടാവസ്ഥയെ കഴിയുന്നതും പരിഹരി
നതുമായ ഈ പരിശ്രമം ഗ്രന്ഥകർത്രിക്കു വളരെ അഹ്ല
ദൃനന്ദത്തിന്ന തക്കതായ ഒരു കാരണമായി തീരുമെന്ന
, ഇവിടെ സമാസിച്ചു പറയുന്നു. അബലകൾക്കു സഹജ
യിരിക്കുന്ന അനേകം കൃത്യങ്ങളുടെ ഇടയിൽ ഉണ്ടാക്കിയ
്രമാകയാൽ ഇതിൽ അററകുററങ്ങൾ ഉണ്ടാകുവാൻ ഇടയുള്ള
ാണ്ടു, അവയെ ചൂണ്ടിക്കാണിച്ചുതരേണമെന്ന, എന്റെ
വസോദരികൾക്കുവേണ്ടി, സുജനങ്ങളായിരിക്കുന്ന വായനക്കാ
; ഞാൻ വിനയത്തോടെ ആവശ്യപ്പെടുന്നു.

൯൩ മിഥുനം ൨൫-ാംനു — ടി. കെ. കെ. എം.

മുഖവുര.

ഠരം ലൊകത്തിൽ പരൊപകാരത്തിൽ 'പരമായി യാതൊരു ധൎമ്മവുമില്ലെന്ന സൎവ്വ സമ്മതമായിട്ടുള്ളതാണെല്ലൊ. എന്നാൽ ആ പരൊപകാരം തന്നെ പലവിധമായി കാണാവുന്നതാണ. അതിൽ ജനങ്ങൾക്ക ഏതവിധെനയും ജ്ഞാനാഭിവൃദ്ധിയെ ചെയ്തു പരിഷ്കരിപ്പിക്കുന്നതാണ മുഖ്യമായിട്ടുള്ളത എന്ന ആരും സമ്മതിക്കാതെ ഇരിക്കുന്നതല്ല. ഇപ്രകാരമുള്ള ജ്ഞാനാഭിവൃദ്ധിയെ ചെയ്തുകൊടുക്കുന്നതിൽ പല മാൎഗ്ഗങ്ങളും ഉണ്ട. അതിൽ ഒന്ന പലവിധങ്ങളായ സൽകാവ്യങ്ങളെ ഉണ്ടാക്കി തദ്വാരാ ശ്രീരാമ യുധിഷ്ഠിരാദിമഹാന്മാരെ പോലെ സദാചാരപരന്മാരായിരിക്കേണ്ടതാണെന്നും രാവണാദികളെപോലെ ദുരാചാരനിരതന്മാരായിരിക്കരുതെന്നും മററും സന്മാൎഗ്ഗങ്ങളെ അനുഭവസാക്ഷികമായികാണിച്ചുകൊടുത്ത ഉപദേശിക്കുന്നത ശ്ലാഘനീയമായ ഒരു കാൎയ്യമാകുന്നു. ശ്ലൊ. കാവ്യം യശസെർത്ഥകൃതെ. വ്യവഹാരവിദെശിവെതരക്ഷതയെ. സദ്യഃ പരനിൎവൃതയെ. കാന്താസംമിതതയൊപദെശയുജെ എന്ന മഹാന്മാർ പറഞ്ഞിരിക്കുന്നു. കാവ്യനിൎമ്മാണത്തിന്റെ ഫലം 1 യശസ്സ. 2 ദ്രവ്യസമ്പാദ്യം. 3 ലോകവ്യവഹാരജ്ഞാനം. 4 പാപനിവൃത്തി. 5 പരമനിവൃതി. 6 തന്റെ പ്രിയവല്ലഭയെപോലെ മനസ്സിനെ രമിപ്പിച്ചുംകൊണ്ട സദുപദേശത്തെ ചെയ്യുക. ഇതുകളാകുന്നു.

ഇത്രയും ഫലവത്തായ ഠരം കാൎയ്യം പ്രായെണ തൎക്കവ്യാകരണാദി ശാസ്ത്രപണ്ഡിതന്മാരായ വിദ്വാന്മാൎക്കുകൂടി അസാദ്ധ്യമായിട്ടുള്ളതുമാകുന്നു. കണക്കുകൂട്ടുന്നതായാൽലോകത്തിലുള്ള ജനങ്ങളിൽ നൂററിന്ന അഞ്ചുകണ്ട സംസ്കൃതവിദ്വാന്മാരും അവരിൽതന്നെ നൂററിന്ന അഞ്ചുകണ്ട കവികളും ഉണ്ടായിരിക്കുമൊ എന്ന വളരെ സംശയമാണ. ഇങ്ങിനെയിരിക്കെ പ്രായെണ അജ്ഞമാരായ സ്ത്രീകളിൽ വിദുഷികളും കവികളും ഇപ്രകാരം ഉണ്ടായിരിക്കുമൊ എന്ന ഊഹിപ്പാനെ അവകാശമില്ല. കാൎയ്യസ്ഥാ

വം ഇങ്ങിനേയിരിക്കുമ്പോൾ നമ്മുടെ മലയാളത്തിൽ അവിടവിടെയായി അല്പം ചില വിദുഷിമാരും കവികളും ഉണ്ടെന്നു കേൾക്കുന്നതിൽ പൊന്നിൽ പരിമളംപോലെ സകലജനങ്ങൾക്കും കൌതുകത്തെ ഉണ്ടാക്കിത്തീൎക്കുമെന്നു നിസ്സംശയമാണ്. ഈ കേരളത്തിൽ അല്പമായി ചില വിദുഷികളും കവികളും ഉണ്ടെന്നു മുമ്പ വിവരിച്ചതിൽ ഗണകന്മാരുടെ ചെറുവിരലിന്നു അവകാശിയായ തോട്ടെയ്ക്കാട്ടു കുഞ്ഞിക്കാവു എന്നു ഒരു വിദുഷിയാൽ കുറെനാൾ മുമ്പെ സുഭദ്രാൎജ്ജുനം എന്നു ഒരു ഭാഷാനാടകം നിൎമ്മിക്കപ്പെടുകയും ആയതു നമ്മുടെ അഭിപ്രായത്തിന്നു അയക്കപ്പെടുകയും ചെയ്തിട്ടുണ്ടായിരുന്നതിനെ നാം അന്നു നല്ലവണ്ണം പരിശോധിക്കുകയും സന്തോഷപുരസ്സരം എട്ടു അനുമോദന ശ്ലോകങ്ങളെ ഉണ്ടാക്കി അയക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആപുസ്തകം ഉടനെ തന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുമുണ്ടായിരുന്നു. ആപുസ്തകത്തിന്റെ ഇപ്പോൾ രണ്ടാംപതിപ്പിന്നു ഇത്രവേഗത്തിൽ സംഗതിവന്നതുകൊണ്ടുതന്നെ അതിന്റെ പ്രചാരബാഹുല്യവും; എഫ്- എ. പരീക്ഷക്കു മലയാളം ടെക്സ്റ്റാക്കി വെച്ചതായി കാണുന്നതുകൊണ്ടു സൎവ്വകലാശാലയുടെ സാരജ്ഞതയും പ്രകൃതഗ്രന്ഥത്തിന്റെ യോഗ്യതയും വെളിവാവുന്നതാണെല്ലൊ. ഇതനാം മുമ്പ വായിച്ചതാണെങ്കിലും ഇപ്പോഴും നമ്മുടെ ഹൃദയത്തിന്നു പുതുതായി തന്നെ തോന്നുവാനിടയായി കാണുന്നതുകൊണ്ടു നാം ആശ്ചൎയ്യപ്പെടുന്നു. അഥവാ അത്ര ആശ്ചൎയ്യപ്പെടുവാനില്ലെന്നും തോന്നുന്നുണ്ടു. എന്തുകൊണ്ടെന്നാൽ ശ്ലോകം. പ്രതിക്ഷണം യന്നവതാമുപൈതിതദെവരൂപം രമണീയതായാഃ എന്നു പ്രാചീനകവിവചനമുണ്ടല്ലൊ. ഏതായാലും ഈ ഗ്രന്ഥകൎത്രിയായ വിദുഷി ഇനിയും ഈ മാതിരി അനേകം ഗ്രന്ഥങ്ങളുടെ നിൎമ്മാണത്തിൽ ശ്രദ്ധാവതിയായി കാണ്മാനും ദീൎഘായുഷ്മതിയായിരിപ്പാനും നാം ആഗ്രഹിച്ചുംകൊണ്ടു ഈ പ്രസംഗത്തെ തൽക്കാലം ഇവിടെ അവസാനിപ്പിക്കുന്നു.

കോഴിക്കോട്ട്
6. 6. 02.

മാനവിക്രമ ഏട്ടൻ രാജാ [ഒ

ശ്രീ.

സുധാമാധുൎയ്യം യൽപരിവഹതി ഭാഷാഭണിതിഭി-
ൎന്നിബദ്ധാഭിസ്തത്രരസനിരവദ്യാഭാസേ പടുതയാ
തദേതൽപ്രത്യഗ്രം ജനയതി സുഭദ്രാൎജ്ജുനമിതി
പ്രതീതം നശ്ചിത്തേ പ്രമദമതുലം നാടകമഹോ ॥ ൧ ॥

ഭാഷാസൂക്തിനിബന്ധനാനി ബഹവഃ കുൎവ്വന്തി നാമാധുനാ
ദോഷം കഞ്ചന തേഷു നാവകലയേ ജാനാമി നോ വാ ഗുണാൻ
ഏഷാ കാപി കൃതിഃ പ്രസഹ്യ കുരുതേ ഭദ്രാൎജ്ജുനാഖ്യാവതീ
ജോഷം പ്രാപ്യ മനോധൃതാസ്ഥമസകൃൽഭൂയോപി സംപ്രേക്ഷണേ

കയ്ക്കുളങ്ങരെ വാരിയത്ത രാമവാരിയർ.

ഇക്കാലത്തൊരുപെണ്ണു തെറ്റുകളകന്നുള്ളോരെഴുത്തെങ്കിലും
മുക്കാലും ശരിയാക്കിയിങ്ങെഴുതിയാലൊട്ടല്ലതാശ്ചൎയ്യമാം
ഇക്കാണുന്നൊരു ചാരുനാടകമദുഷ്ടാക്ലിഷ്ടശബ്ദാൎത്ഥമാ-
യിക്കാവമ്മ ചമച്ചതോൎത്തു മുഴുകുന്നുള്ളത്ഭുതാംഭോനിധൌ.

ഈ സുഭദ്രാൎജ്ജുനം ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ ഭാഷാനാടകങ്ങളേയും ലാളിത്യംകൊണ്ടും മാധുൎയ്യംകൊണ്ടും അതിശയിച്ചിരിക്കുന്നു എന്നു പറയുന്നതിന്നു ഞാൻ ഒട്ടും മടിക്കുന്നില്ല.

കേരളവൎമ്മ
വലിയ കോയിത്തമ്പുരാൻ

സദ്വൃത്തത്തിലുമില്ല ഭേദമമലശ്ലോകത്തിലോ കേവലം
ഭേദം നാസ്തി സമസ്തസൽകവിവരശ്രേണീപ്രിയം ഭാവുകെ ।
വിദ്വന്മോദനവും സമം പുനരലങ്കാരാഭിരാമപ്രഭാ
ഹൃദ്യേ നിൻ കവിതക്കുമിന്നു ഭവതിക്കും പാൎക്കിലെല്ലാം സമം ॥

മാനവിക്രമനേട്ടൻതമ്പുരാൻ.

നന്നായീടുന്ന ഭദ്രത്തെയുമമലയശോ
രാശികൊണ്ടിന്നു രാജ്യ
ത്തിന്നെല്ലാമൎജ്ജുനത്വത്തെയുമഴകിലണ
ച്ചീട്ടമീനാടകത്തെ
ധന്യേ ഭംഗ്യാധരിച്ചിപ്പൊഴുതിൽ വിലസിടും
നാടകങ്ങൾക്കശേഷം
മാന്യേ പാൎത്താൽ സുഭദ്രാൎജ്ജുനതയതണയു
ന്നുണ്ടു നൽകൊണ്ടൽവേണി

കൊടുങ്ങല്ലൂർ കൊച്ചുണ്ണിതമ്പുരാൻ.

നവീനകവിതകൾ പലതും ഞാൻ ഈയ്യിടെ വായിച്ചിട്ടുണ്ട. എന്നാൽ സുഭദ്രാൎജ്ജുനംപോലെ രസം അതുകളിൽ ഒന്നും എനിക്ക ഉണ്ടായിട്ടില്ലെന്ന സത്യമായി ഞാൻ പറയുന്നു- ശ്ലോകങ്ങളുടെ സാരള്യവും മാധുൎയ്യവും ഇടക്കിടെയുള്ള വാക്യങ്ങളിൽ കാണുന്ന ചാതുൎയ്യവും ഭംഗിയും ഇത്ര എന്ന അളവില്ല എന്നു പറവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. അൎത്ഥത്തിന്ന ക്ലിഷ്ടത ഒട്ടും കൂടാതെ പ്രാസഭംഗിവരുത്തുന്നത സംസ്കൃതകവനങ്ങളിൽ തന്നെ വളരെ പ്രയാസമുള്ളതാണ. എന്നാൽ ഒരു വിധം അൎത്ഥപുഷ്ടിയും പ്രാസഭംഗിയും മലയാളഭാഷയിൽ ഉണ്ടാക്കുന്ന ശ്ലോകങ്ങൾക്ക വരുത്തുന്നത അത്യന്തം പ്രയാസമാകുന്നു എന്നുള്ളതിലേക്ക സംശയമില്ല. വിദുഷിയായി ബുദ്ധിശാലിനിയായിരിക്കുന്ന ഒരു സ്ത്രീയുടെ കവനത്തിൽ പലേടങ്ങളിലും അൎത്ഥപ്രാസവും അതിഭംഗിയായി ചേൎന്നു കാണുന്നതിൽ ഞാൻ അത്യന്തം ആഹ്ലാദിക്കുന്നു.

ഒ. ചന്തുമേനോൻ.

തോട്ടക്കാട്ട ഇക്കാവമ്മ ഉണ്ടാക്കിയതും ഈയ്യിടെ 'കേരളകല്പദ്രുമം' അച്ചുക്കൂടത്തിൽ അച്ചടിച്ചതുമായ സുഭദ്രാൎജ്ജുനം എന്ന ഭാഷാനാടകം ഒരു സ്ത്രീയുണ്ടാക്കിയതാകകൊണ്ട എന്നുള്ള വിശേഷം കൂടാതെതന്നെ വളരെ നന്നായി എന്ന പറയത്തക്കതായിരിക്കുന്നു. എന്നുതന്നെയല്ല, കുറച്ചുകാലമായിട്ട മലയാളഭാഷയിൽ ഉ

ണ്ടാക്കപ്പെട്ടിട്ടുള്ള കവിതകളിൽ ഇതിനേക്കാൾ വളരെ മേലെയാണെന്ന പറയത്തക്കതായി വേറെ വല്ല കൃതിയും ഉണ്ടോ എന്ന കൂടി സംശയമാണ

സുഭദ്രാൎജ്ജുനം മുഴുവൻ വായിച്ചുനോക്കിയതിൽ അതിന്റെ പ്രധാനഗുണങ്ങളെന്ന ഞങ്ങൾക്ക തോന്നിയത അതിന്റെ നിൎദ്ദോഷതയും ആകപ്പാടെയുള്ള രസികത്വവും ആകുന്നു. 'ശാകുന്തളേചതുൎത്ഥോങ്കസ്തത്രശ്ലോകചതുഷ്ടയം' എന്ന പറഞ്ഞതുപോലേ ഇന്നിന്ന ഘട്ടങ്ങൾ അതിമനോഹരങ്ങളായിരിക്കുന്നു. എന്നൊ ഇന്നിന്ന ശ്ലോകങ്ങളിൽ വളരെ ചമൽകാരവും മനോധൎമ്മവും ഉണ്ടെന്നൊ പറയത്തക്കതായിട്ട ഇതിൽ വളരെ ഒന്നും ഇല്ലായിരിക്കാം. എന്നാൽ അതുപോലെതന്നെ ഹൃദയത്തിന്നാകട്ടെ കൎണ്ണത്തിന്നാകട്ടെ ശല്യത്തെ ഉണ്ടാക്കുന്നതായിട്ടും ഇതിൽയാതൊന്നും കാണുന്നില്ല. അൎത്ഥം മനസ്സിലാകുവാൻ പ്രയാസമായാൽ കവിതക്ക ഭംഗിയുമായി എന്ന 'മനൊരമാവിജയ' കൎത്താവിന്നും തൽപ്രശംസകന്മാൎക്കും, ശബ്ദഭംഗി ധാരാളമായിട്ടുണ്ടെങ്കിൽ അൎത്ഥത്തിന്റെ കാൎയ്യം അത്രനോക്കുവാനില്ലെന്ന മറ്റു ചിലൎക്കും ഉള്ള പ്രമാദങ്ങൾ ഈ ഗ്രന്ഥകാരിയ്ക്കു ഇല്ലെന്ന വളരെ സ്പഷ്ടമാണ. കവിതയുടെ സ്വാരസ്യത്തിന്ന അത്യന്തം ബാധകമായ 'ബലാദാകൃഷ്ടിമാണത' യുടെ പ്രധാനകാരണം ഈ പ്രമാദങ്ങളാണല്ലൊ. അതുകൊണ്ട കവിതാവാസനയുള്ളവരിൽ ചിലരുടെ കൃതികളിൽകൂടി കാണുന്നതായ ഒരു ന്യൂനത സുഭദ്രാൎജ്ജുനത്തിലില്ലെന്ന സന്തോഷപൂൎവ്വം പറയേണ്ടിയിരിക്കുന്നു. വാക്യങ്ങൾക്കും വളരെ കൌതുകവും സരളതയും ഉണ്ട. അതുകൊണ്ടാണ ഇതിന്ന മേല്പറഞ്ഞ ആകപ്പാടേയുള്ള രസികത്വവും ഇത്രയും ഉണ്ടായത.

അതാതു പ്രകൃതത്തിൽ വേണ്ടതായ രസങ്ങൾ സാധാരണയായി നല്ലവണ്ണം പറകപ്പെട്ടിട്ടുണ്ട.

സ്ത്രീകൾക്ക വിദ്യാഭ്യാസത്തിൽ ഉത്സാഹം ഉണ്ടാകുന്നതിന്ന കൊച്ചിശ്ശീമയിൽ ഇതുവരെ ഓരോന്ന ചെയ്തിട്ടുള്ളതിൽ ഇക്കാവമ്മയുടെ ഈ പ്രവൃത്തിയെപ്പോലെ ഫലവത്താകുന്നതായിട്ട വേറെ ഒന്നുമില്ലെന്ന നിസ്സംശയമാണ. 'ഞങ്ങളിതിന്നൊന്നും മ

തിയാവില്ല' എന്ന ജന്മപ്രകൃതിഉരുവിട്ടിട്ടാണ സ്ത്രീകൾ വിദ്യാവിഷയത്തിൽ നിരുത്സാഹിനികളാകുന്നത. സ്ത്രീസാദ്ധ്യമല്ലാത്ത കൂട്ടത്തിലാണ കവിധൎമ്മത്തെ സ്ത്രീകൾതന്നെ വെച്ചിരിക്കുന്നത. ഇപ്പോൾ അത സാദ്ധ്യമാണെന്നുള്ള വിവേകം അവൎക്കുണ്ടാകുന്നതോടുകൂടി വേറെ പലകാൎയ്യത്തിലും കണ്ണുതുറക്കുവാൻ വഴിയുണ്ട. ഈ അവസ്ഥകൾ നോക്കുമ്പോൾ സ്ത്രീജാതിയിൽ തുഞ്ചത്തെഴുത്തച്ഛനെന്ന സംജ്ഞെക്കു ഈ ഗ്രന്ഥകാരി അൎഹയാണെന്ന എല്ലാവരും സമ്മതിയ്ക്കുമെന്ന ഞങ്ങൾ വിശ്വസിക്കുന്നു.

വിദ്യാവിനോദിനി.

ശ്രീമതി- തോട്ടക്കാട്ട ഇക്കാവമ്മയാൽ ഉണ്ടാക്കപ്പെട്ട സുഭദ്രാൎജ്ജുനം ഭാഷാനാടകം ഞങ്ങൾക്കു അയച്ചുതന്നതിനെ സ്വീകരിക്കുകയും അതിന്റെ ആസ്വാദനത്താലുണ്ടായ ആനന്ദത്തെ അനുഭവിക്കുകയും ചെയ്തു. സാധാരണ കേരളഭാഷയിൽ ഗദ്യമയങ്ങളായും, പദ്യമയങ്ങളായും, ഗദ്യപദ്യസമ്മിളിതങ്ങളായും അനേകം കാവ്യങ്ങളും നാടകാദികളും ഉണ്ടാക്കപ്പെട്ടിട്ടുണ്ട. അവയിൽ അഭിനന്ദനീയങ്ങളായവയുടെ ഇടയിൽ ഒന്നാണ ഇതെന്നുള്ളതിന്ന ഞങ്ങൾക്കൊരു സംശയവുമില്ല. എന്നാൽ ലാളിത്യാതിരേകത്താലും യഥോചിതമായ രസസ്ഫുരണത്താലും സംസ്കൃതഗ്രന്ഥങ്ങളിൽ ലയിച്ചിരിക്കുന്ന ഞങ്ങളുടെ മനസ്സിനെപ്പോലും ഇതു ആകൎഷിക്കുന്നു. ദുരവഗാഹങ്ങളായ പദബന്ധങ്ങളാലും ദുരൂഹാൎത്ഥങ്ങളാലും പുനരുക്തിപ്രായമായ മാധുൎയ്യത്താലും നിറയപ്പെട്ട കാവ്യങ്ങളെ ചിലർ അഭിനന്ദിക്കുന്നു. ഞങ്ങളാവട്ടെ ലളിതപദബന്ധങ്ങളെകൊണ്ടും സുഖവെദ്യമായ അൎത്ഥംകൊണ്ടും ആപാദചൂഡം വ്യാപിച്ചിരിക്കുന്ന മാധുൎയ്യംകൊണ്ടും രുചിരമായ കാവ്യമാണ കൊണ്ടാടുന്നത. പ്രയോഗസൌകൎയ്യം കുറഞ്ഞ കേരളഭാഷയിൽപോലും ഈ വിധമുള്ള ഗ്രന്ഥത്തെ രചിച്ച ഈ സ്ത്രീ സുഗ്രഹങ്ങളായിരിക്കുന്ന അനേകം ശബ്ദരത്നങ്ങളോടുകൂടിയ സംസ്കൃതഭാഷയിലും ചില ഗ്രന്ഥങ്ങൾ ഉണ്ടാക്കുവാൻ മനസ്സിനെ പ്രവൃത്തിപ്പിക്കുന്നതിന്നുവേണ്ടി ഞങ്ങൾ ഓൎമ്മപ്പെടുത്തുന്നു.

സദ്വൃത്താരസപൂൎണ്ണകോമളവചോരമ്യാസുവൎണ്ണോജ്വലാ
സംസ്കാരൈരുചിരൈരനേകരുചിരാലങ്കാരസംശോഭിതാ
ലാളിത്യാദിവിശേഷഭാസ്വരപദന്യാസാഗഭീരാശയാ
മാധുൎയ്യൈകനിധിഃസമസ്തകൃതിനാംമോദായജീയാദിയം

വിജ്ഞാനചിന്താമണി.

പുസ്തകത്തിൽ അധികവും ശ്ലോകങ്ങളാണ. ആ ശ്ലോ:
ക്കം എത്രയൊ ലളിതമായ പദങ്ങളെകൊണ്ടും അൎത്ഥകല്പന
കൊണ്ടും ശൃംഗാരാദി രസങ്ങളെകൊണ്ടും വിശേഷമായി ?
രിച്ചിരിക്കുന്നു എന്ന പറയുന്നതിൽ ഞങ്ങൾക്ക സംശയ
ന്ന മാത്രമല്ല അത്യന്തം സന്തോഷവും ഉണ്ട.

കേരളപത്രിക.

കഥയെ കഴിയുന്നതും പുരാണത്തിന്നനുസരിച്ചും വള
ഭംഗിയായിട്ടും ചേൎത്തിരിക്കുന്നു. എന്നുമാത്രമല്ല, പ്രകൃതകഥ
നിൎവ്വഹിപ്പാൻ വേണ്ടി പൂൎവ്വാംഗങ്ങളിലും മററും ചേൎത്തിരിക്കു
ഉപകഥകളും പ്രകൃതകഥയോട ഏററവും യോജിച്ചിരിക്കുന്നു.
സ്താവനയിൽ നടീസൂത്രധാരന്മാരുടെ സംവാദത്തിൽ പുരു
സാദ്ധ്യമായ ഏതുകാൎയ്യവും സ്ത്രീകളാലും സാദ്ധ്യമാകുമെന്നുള്ള
ടിയുടെ അഭിപ്രായത്തെ സ്ഥിരപ്പെടുത്തുന്നതായ പദ്യവും ര
വരുടെ സംവാദത്തിന്നുള്ള പ്രകൃതോപയോഗിത്വവും ഞങ്ങ
വളരെ സന്തോഷിപ്പിക്കുന്നു.

അതാത സ്ഥലങ്ങളിൽ വേണ്ടുന്ന രസത്തെ കഴിയുന്ന
തും പ്രകാശിപ്പിക്കുന്ന നല്ല ലളിതപദങ്ങളെയല്ലാതെ അപ്രസ
ിദ്ധങ്ങളായും മററുള്ള പദങ്ങളെ ഒട്ടുംതന്നെ ഉപയോഗിച്ചിട്ടില്ല
അതാതുപാത്രങ്ങളുടെ സ്വഭാവം അവരവരുടെ വാക്യങ്ങളിൽ
സ്പഷ്ടമായി വരുത്തീട്ടുമുണ്ട. രണ്ടാമങ്കം വായിച്ചാൽ ബലഭദ്ര
ടെ കപടമില്ലാത്ത മനോഗതിയും, ശ്രീകൃഷ്ണന്റെ മുൻകരുതലോടു
കൂടിയ ആലോചനശക്തിയും, ഉദ്ധവരുടെ പരാഭിപ്രായ ഗ്രഹണ
സാമൎത്ഥ്യവും ഹൃദയത്തിൽ നല്ലവണ്ണം പ്രതിഫലിക്കുന്നു.

രുഭക്തി, ദമ്പതിമാരിൽ അന്യോന്യം വേണ്ടനടത്ത,
ടെ ഉൽകൃഷ്ടവിദ്യാഭ്യാസം ഇവയെ പററിയുള്ള ശ്ലോകങ്ങ
്രീഷ വിദ്യാഭ്യാസം ഉണ്ടായിട്ടുള്ള ഏവക്കും ആനന്ദപ്രദമാ
ഇരിക്കുന്നതല്ല.

കേരളനന്ദിനി.

ഈ നാടകം പണ്ടോരൊ വിദ്വാന്മാർ ഉണ്ടാക്കിയതായ സം
നാടകങ്ങൾക്കു സദൃശമായി പഞ്ചാംഗങ്ങളോടു കൂടിയതായും
ാസനിബന്ധനമായ ഇതിവൃത്തത്താൽ ശോഭിതമായും
രസപ്രചുരമായും സരസപദവിന്യാസസഹിതമായും അ
രങ്ങളോടുകൂടിയതായും ശ്രുതിമധുരമായും ഇരിക്കുന്ന എന്ന
ധിതമായിപറയാം. ഇങ്ങിനെയുള്ള എല്ലാവിശേഷഗുണങ്ങ
ടുകൂടിയ ഈ ഗ്രന്ഥം ഉണ്ടാക്കിയത ഒരു വിദുഷിയായ യുവ
ാകകൊണ്ടും ഇന്നെവരെ സ്ത്രീകളാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതി
ഇത ആദ്യത്തെതാണെന്നറിയുന്നതുകൊണ്ടും ഞങ്ങൾ അത്യ
ആനന്ദിക്കുന്നു.

കേരളസഞ്ചാരി.

സമർപ്പണം.

തോട്ടയ്ക്കാട്ടു കുട്ടിപ്പാറു അമ്മയ്ക്കു.

അത്യന്തശുദ്ധിയൊടുമീശ്വരപാദപത്മം
നിത്യം ഭജിച്ചുമരുവുന്നമദീയമാതഃ!
പ്രീത്യാത്വദീയപദതാരതിൽവെച്ചിടുന്നു
ഭക്ത്യാമയാകൃതമതാമൊരുനാടകംഞാൻ.

എന്നു__ തോ. ഇ.

സുഭദ്രാൎജ്ജുനം.

ഭാഷാനാടകം.

ഒന്നാമംകം

ഹരിഃശ്രീഗണപതയെ നമഃ

നാന്ദീ

ആറും നീറുമണിഞ്ഞുനല്ലജടയും
ബന്ധിച്ചരുദ്രാക്ഷവും
മാറിൽചേൎത്തുമയോടുചേൎന്നരസമാ
ൎന്നോരോവിനോദങ്ങളാൽ
ഏറീടുന്നനുരാഗമോടുമധികം
മേളിച്ചുവാഴുംശിവൻ
കൂറോടേകുദിതന്നിടട്ടെയനിശം
നിങ്ങൾക്കുസന്മംഗളം (൧)

[നാന്ദിയുടെ അവസാനത്തിൻ നാലുപുറത്തും നോക്കീട്ട
സന്തോഷത്തോടുകൂടി]

ഈ ലക്ഷ്മീനാഗക്കളക്ഷേത്രസന്നിധിയിങ്കൽ മഹോത്സവത്തിന്നായി പല ദിക്കുകളിൽനിന്നും വന്നു ചേൎന്നിരിക്കുന്ന മഹാന്മാരുടെ മുമ്പാകെ നമ്മുടെ നാട്യവിദ്യയെ പ്രകടിപ്പിക്കുവാൻ ഇതൊരു നല്ല സമയം തന്നെ.

[അണിയറയിലേക്കു നോക്കീട്ട]

ആൎയ്യേ! ഇവിടെ വരു.

നടീ [പ്രവേശിച്ചു]

ആൎയ്യ! ഇതാഞാൻ. എന്തിനായിട്ടാണു എന്നെ വിളിച്ചത?

സൂത്രധാരൻ.

പലതരമതിരസജ്ഞന്മാർനിറഞ്ഞുള്ളതാമീ
വലിയസഭയിൽനമ്മൾക്കുള്ളനാട്യപ്രഭാവം

ചിലതുടനിഹ കാണിക്കേണമോൎത്താലതത്രെ
ഫലമിതുവരെയും നാം ചെയ്യുയത്നത്തിനെല്ലാം. (൮)

നടീ.

ആൎയ്യ! എന്നാൽ ഏതു നാടകമാണിവിടെ അഭിനയിച്ചു സാമാജികന്മാരെ സന്തോഷിപ്പിക്കേണ്ടുത?

സൂത്രധാരൻ.

ലളിതപദങ്ങൾകൊണ്ടും മനോഹരസന്ദൎഭങ്ങൾ കൊണ്ടും ഭംഗിയുള്ളതായ ഒരു പുതിയ മലയാളനാടകത്തേയാണ ഇവിടെ ഉപയോഗിച്ചു ഇവരെ ആരാധിക്കേണ്ടുത. എന്നാൽ അങ്ങിനെയുള്ള നാടകം ഏതാണെന്ന എന്റെ ആലോചനയിൽ എത്തുന്നതുമില്ല.

നടീ.

ഇയ്യിടെ തോട്ടയ്ക്കാട്ട ഇക്കാവമ്മ ഒരു നാടകം ഉണ്ടാക്കീട്ടുണ്ട. അതായാൽ നന്നായിരിക്കുമെന്ന എനിക്ക തോന്നുന്നു.

സൂത്രധാരൻ [പുഞ്ചിരിയോടുകൂടി]

യോഗ്യന്മാരായ പുരുഷന്മാരാൽ സാധിക്കാവുന്ന കാൎയ്യങ്ങളിൽ ഒന്നാകുന്നു കവിധൎമ്മം. ഇപ്രകാരമുള്ളതിൽ ഒരു സ്ത്രീയുടെ പ്രവൃത്തി ഒരിക്കലും നന്നായിതീരുമെന്ന ഞാൻ വിചാരിക്കുന്നില്ല.

നടീ.

പുരുഷന്മാരാൽ സാദ്ധ്യമായ ഏതു കാൎയ്യവും സ്ത്രീകളാലും സാദ്ധ്യമാവുമെന്നുതന്നെയാകുന്നു എന്റെ അഭിപ്രായം. കേട്ടാലും,

മല്ലാരിപ്രിയയായ ഭാമ സമരം
ചെയ്യീലയൊ, തേർതെളി
ച്ചില്ലേ പണ്ടു സുഭദ്ര, പാരിതു ഭരി
ക്കുന്നില്ലേ വിക്ടോറിയാ?
മല്ലാക്ഷീമണികൾക്കു പാടവമിവ
യ്ക്കെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിതയ്ക്കുമാത്രമിവ
രാളല്ലെന്നു വന്നീടുമോ! (൯)

സൂത്രധാരൻ. [ലജ്ജയോടുകൂടി]

ശരിതന്നെ. സ്ത്രീകൾക്ക കവിതയുണ്ടാകയില്ലെന്ന ശാസ്ത്ര

മോ ശാപമൊഇല്ല. എന്നാൽ, ഇതത്ര സാധാരണയല്ലെന്നു മാത്രമെ ഞാൻ പറഞ്ഞതിനൎത്ഥമുള്ളു. ആകട്ടെ, ആ നാടകത്തിൻെറ പേരെന്താണ്?

നടീ.

'സുഭദ്രാൎജ്ജുനം' എന്നാകുന്നു.

സൂത്രധാരൻ.

വള്ളരെപ്രഥിതൻനായക
നല്ലവററരസങ്ങളുള്ളതായസഭാ
കള്ളമൊഴിയാളുടെകവിതാ
വള്ളരുന്നുഹൃദിനമുക്കുത്സാഹം. (൪)

അതിനാൽ മനോഹരമായിരിക്കുന്ന ഈ വസന്തകാലത്തെ ഉദ്ദേശിച്ചു ഭവതി സംഗീതം ആരംഭിച്ചാലും. ഇപ്പോൾ ഇതാ,

മെല്ലെച്ചെന്നുലതാഗൃഹത്തിലുതിരും
പൂരേണഭസ്മംധരി
ച്ചുല്ലാസാലണയുന്നഭൃംഗനിരയാം
രുദ്രാക്ഷമാല്യത്തൊടും
നല്ലാമോദമിയന്നമാധവസഖൻ
മന്ദാനിലൻഗ്രൂഢമായ്
ചെല്ലുന്നുയതിപോലെമാധവിയെയൊ
ന്നാലിംഗനംചെയ്യുവാൻ. (൫)

നടീ.

അങ്ങിനേതന്നെ [ഗാനം ചെയ്യുന്നു]

വള്ളരുമൊരൌത്സുക്യമൊടും
കള്ളവാക്കാൽധാൎത്തരാഷ്ട്രശകുനികളാൽ
വള്ളരെക്കണ്ണാനന്ദം
തെളിവൊടുനൽകപ്പെടുന്നിതിതുകാലം. (൬)

[അണിയറയിൽ]

ആരാണങ്ങുമറഞ്ഞുനിന്നിവർപറ
ഞ്ഞീടുന്നതെല്ലാംബലാൽ

നേരായിന്നധരിച്ചുമററുചിലരോ
ടേവംകഥിക്കുന്നതും!
ദൂരെപ്പോകുകതള്ളുകൊള്ളുമിഹനീ
നിന്നീടിലോകാവലായ്
ശ്ശൂരൻകഞ്ചുകിഞാനിരിക്കുമളവീ
പ്പിട്ടിങ്ങുപററാദ്ദുഢം (൭)

നടീ. [പരിഭ്രമിക്കുന്നു]

സൂത്രധാരൻ [തിരിഞ്ഞു നോക്കീട്ടു]

ആര്യേ! ഭയപ്പെടേണ്ട. ആലോചനാമണ്ഡപത്തിലിരുന്നു കൊണ്ടു ദുര്യോധനാദികൾ പ്രവേശിക്കുകയാണെന്നു തോന്നുന്നു. അവരുടെ കഞ്ചുകി ഭവതിയുടെ ഗാനത്തെ കേട്ടു അന്യഥാ ശങ്കിച്ചു പറഞ്ഞ വാക്കാണിത. ഇനി വേണ്ട കാര്യങ്ങൾക്കായി നമുക്കും വേഗം പോവുക.

[രണ്ടുപേരും പൊയി]

പ്രസ്താവന കഴിഞ്ഞു.

അനന്തരം ദുര്യോധനനും കർണ്ണനും ശകുനിയും പ്രവേശിക്കുന്നു.

ദുര്യോധനൻ [ആത്മഗതം]

അന്യനിൽപ്രേമമേറീടുംതനയിയിൽകാമമേവനും
നിന്ദ്യമെന്നാകിലുംകഷ്ടമിന്നതിൽചെന്നിതെന്മനം (൮)

ധന്യൻപാർത്ഥനിവർണ്ണമുള്ളതരുണീ
രത്നത്തിനിന്നീവിധം
തന്നിൽപ്രേമമിയന്നമൂലമരിയെ
ന്നാലുംമഹാഭാഗ്യവാൻ
ഇന്നസ്സുന്ദരിയായഭദ്രയെലഭി
ച്ചീടാനുപായങ്ങളെ
ത്തുന്നിനോക്കണമെന്നതിന്നൊരു
സഖാവാരുള്ളുകർണ്ണംവിനാ (൯)

കപടോപായങ്ങളിൽ വിദഗ്ദ്ധനായിരിക്കുന്ന മാതുലൻ കൂടെ

യുണ്ടെങ്കിലും ഈ കാൎയ്യമാകയാൽ കൎണ്ണനോടാലോചിക്കുവാനെ ത രമുള്ളൂ. എന്നാൽ അദ്ദേഹത്തിന്റെ അഭിപ്രായവും അറിയാമെ ല്ലൊ. [പ്രകാശം]

സഖേ, കൎണ്ണ!

കഷ്ടംസുഭദ്രയിലിനിക്കുളവായിരാഗം
മറ്റോന്നൊഴിക്കുവിജയങ്കലുമപ്രകാരം
കിട്ടീടുവാനവളെയെന്തിനിവേണ്ടതെന്നെ
ന്നിഷ്ടൻഭവാൻവഴിതിരഞ്ഞുപറഞ്ഞിടേണം. (൨൦)

ശത്രുവായിരിക്കുന്ന അൎജ്ജുനൻ ഈ വിവരം അറിഞ്ഞാൽ ഏതു വിധമെങ്കിലും വിഘ്നം വരുത്തും. ആ ദുഷ്ടന ഞാൻ കാമി ക്കുന്ന സ്ത്രീകളെ കൈവശമാക്കേണമെന്നൊരു ദുസ്സ്വഭാവം കൂടി യുണ്ടു. പാഞ്ചാലിയെ കൊണ്ടുപോന്നതു കണ്ടില്ലേ? തന്നിൽ അ നുരാഗ ലേശംപോലുമില്ലാത്ത അവളെ അപഹരിച്ചവൻ അനു രക്തയായ സുഭദ്രയെ ഉപേക്ഷിക്കുമൊ?

കൎണ്ണൻ.

സഖേ! സുയോധന! ഭവാൻ ആത്മാവിനെ എന്തിനായി ട്ടു അവമാനിക്കുന്നു? കേട്ടാലും,

പാൎത്ഥൻപാഞ്ചാലപുത്രീപരിണയമതിനാ
യന്നനേരത്തുപാൎത്താ
ലാൎത്തന്മാർപാണ്ഡവന്മാരിതിദയയവരിൽ
തെല്ലുനാമന്നുകാട്ടി
ചീൎത്തോരുൾക്കോപമോടന്നവരൊടുപൊരുതാ
നാൎത്തടുത്താൽനമുക്കീ
വാൎത്തയ്ക്കുന്നുള്ളബന്ധംപുനരിതുകരുതീ
ട്ടെന്തിനിന്നീവിചാരം. (൨൧)

ദുൎയ്യോധനൻ.

അതിരിക്കട്ടെ. കഴിഞ്ഞ കഥ പറഞ്ഞിട്ടു കാൎയ്യമില്ലല്ലൊ. ഇ പ്പോൾ വേണ്ടതിനെ ആലോചിക്കുക.

കൎണ്ണൻ.

ആലോചിക്കുവാനൊന്നുമില്ല. സുഭദ്ര ഭവാനെ ത്യജിച്ചു അ

ജ്ജുനനെ കാമിക്കുമെന്ന എനിക്കശേഷം തോന്നുന്നില്ല. എന്തു കൊണ്ടെന്നാൽ,

കളഹംസത്തെ വെടിഞ്ഞൊരു
നളിനി സഹൎഷം വരിക്കുമോ കാകം ?
തെളിവോടു നിൻഗുണമിന്നാ
ക്കളമൊഴിയറികിൽ ഫലിക്കുമീക്കാമം. (൨൭)

ഇന്ദ്രനോടെതിരിടും പ്രതാപവും
കന്ദബാണസമദേഹകാന്തിയും
ധന്യ നിൻ ധനസമൃദ്ധിയും നിന
ക്കന്യനില്ലിഹ ഭവത്സമൻ സഖേ. (൨൮)

ഇത്ര മാന്യതയും തന്നിൽ ആസക്തിയും ഉള്ള ഭവാനെ സുഭദ്ര കേട്ടാൽ അവൾക്കു സാമാന്യമെങ്കിലും ബുദ്ധിയുണ്ടെങ്കിൽ ഈ അല്പസാരനായിരിക്കുന്ന അൎജ്ജുനനെ പിന്നെ ആഗ്രഹിക്കുമൊ ?

ദുൎയ്യോധനൻ.

സഖേ ! അങ്ങിനെയല്ല.

മതിശാലിനി മാധവീ നിനക്കോ
ലതുമൂലം കൊതി വാച്ചിതെൻറ ഹൃത്തിൽ
ചതിയേറിയ കൃഷ്ണനെന്നെ വഞ്ചി
പ്പതിനുണ്ടിന്നു ധനഞ്ജയപ്രിയത്താൽ. (൨൯)

എന്തു ചെയ്യാം ! ഞാൻ വളരെ വിവശനായി തീൎന്നിരിക്കുന്നു. മാതുലൻ ഒന്നും പറയുന്നതുമില്ല.

കൎണ്ണൻ. [ശകുനിയോട]

ഇവിടുന്നൊന്നും ഈ സംഗതിയെ പററി സംസാരിക്കാത്തതെന്താണ ? ദുൎയ്യോധനൻെറ വിലാപങ്ങൾ കേൾക്കുന്നില്ലേ ?

ശകുനി.

കേൾക്കുന്നുണ്ട. എന്നാൽ ദുൎയ്യോധനൻെറ ശുദ്ധതതന്നെയാണ ഈ വ്യസനത്തിനുള്ള കാരണം. സുഭദ്ര സ്വാധീനയായാൽ പിന്നെ കൃഷ്ണൻ വിചാരിച്ചാൽ എന്തു ചെയ്യാൻ കഴിയും.

കൎണ്ണൻ.

അതും ശരി തന്നെ.

ദുൎയ്യോധനൻ.

അതുകൊണ്ടും ഫലമില്ല.

സുന്ദരിക്കഭയമിന്നിതിമാത്രം
നന്ദനന്ദനനിലുള്ളതുമൂലം
നിന്ദ്യമെങ്കിലുമവന്റെ വചസ്സാ
ൽതനിക്കെങ്കതിനില്ലവികല്പം. (൧൫)

ദുൎമ്മതിയായ കൃഷ്ണൻ അൎജ്ജുനന്ന വളരെ സഹായമായി നില്ക്കുമെന്ന മാത്രമല്ല എനിയ്ക്കു വിരോധമായി പ്രവൃത്തിയ്ക്കുകയും ചെയ്യും.

ശകുനി. [അല്പം ആലോചിച്ചിട്ടു]

എന്നാൽ അതിന്നു വേറെ ഒരു നല്ല ഉപായമുണ്ടു. അതു ചെയ്താൽ സുഭദ്ര നിശ്ചയമായിട്ടും നമ്മുടെ കൈവശത്തിൽ വരും.

ദുൎയ്യോധനനും, കൎണ്ണനും.

അതെന്തുപായമാണ ? പറയു. പറയു.

ശകുനി.

ദുൎയ്യോധനൻ അൎജ്ജുനരൂപം ധരിച്ചു സുഭദ്രയെ വിവാഹം ചെയ്യുന്നതു തന്നെ.

കൎണ്ണൻ.

അതൊരു നല്ല ആലോചന തന്നെ. വിവാഹാനന്തരം ഒന്നുകൊണ്ടും ഭയപ്പെടുവാനില്ല. സുഭദ്രയെ പിന്നെ അന്യന്നു കൊടുക്കുവാൻ ഈ ജന്മത്തിൽ തരമില്ലല്ലൊ. ഇതൊന്നും വിചാരിയ്ക്കാതെ കൃഷ്ണൻ എതുക്കുന്നപക്ഷം നമ്മുടെ പരാക്രമം കുറച്ചു കാണിയ്ക്കുകയും ചെയ്യാം.

ദുൎയ്യോധനൻ.

ഈ വഴി എനിയ്ക്കുത്ര തൃപ്തിയെ തരുന്നില്ല. ഇങ്ങിനെ ഞാൻ പ്രവൃത്തിയ്ക്കുകയുമില്ല.

കൎണ്ണനും ശകുനിയും.

എന്തുകൊണ്ടു ?

ദുൎയ്യോധനൻ.

അതിഭയമയിചോന്നീടുന്നമദ്രേശികൻതൻ
ന്മതിയതിലതിബന്ധംതട്ടമീമട്ടറിഞ്ഞാൽ
മതിമുഖിയെലഭിപ്പാൻമററുപായങ്ങളില്ലെ
ന്നുവരികിലിനിക്കീഭദ്രയേവേണ്ടതാനും. (൧൩)

കൺ്ണൻ.

ബലഭദ്രനു ഭവാനിൽ വളരെ വാത്സല്യമുള്ളതിനാൽ ഇതു കൊണ്ടു വിരോധമുണ്ടാവാൻ വഴിയില്ല.

ശകുനി.

എന്നു മാത്രമല്ല, അനുകൂലവുമായിരിക്കും. ഒന്നുകൊണ്ടും ശങ്കിക്കാനില്ലാ. കേട്ടാലും,

നിനച്ചീടുംകാൎയ്യംവരുവതിനുസാരജ്ഞരനിശം
മടിച്ചീടാതെന്തുംത്വരിതമിഹചെയ്യുന്നിതുലകിൽ
തപിച്ചിട്ടീവണ്ണംപിഴചെറുതുചെയ്യുകിലുമിതിൽ
ചലിച്ചീടാൻബന്ധംഗുരുവരനുചെററില്ലറികനീ. (൧൪)

ദുൎയ്യോധനൻ. [അല്പം കോപത്തോടുകൂടി]

നിങ്ങൾ ഇത്ര വളരെ പറഞ്ഞിട്ട ഒരു പ്രയോജനവുമില്ല.

ഒരുനാളുംമൽഗുരുവര
കരളിൽതാപംഭവിച്ചിടുന്നവിധം
വരമാംകാൎയ്യമതാകിലു
മറികബലാൽചെയ്കയില്ലഞാൻനിയതം. (൧൫)

വിശിഷ്ടനായി ശുദ്ധാത്മാവായിരിക്കുന്ന ഗുരുവിനെ വഞ്ചിക്കുന്നതിനേക്കാൾ വലുതായിട്ടൊരു പാപവുമില്ല. ബന്ധുക്കൾ ഇപ്രകാരമുള്ള അകൃത്യം ചെയ്വാൻ ഒരിക്കലും ഉപദേശിക്കരുത.

ശകുനി. [സ്വകാൎയ്യമായിട്ട]

കൺ്ണ! നമ്മുടെ അഭിപ്രായം ദുൎയ്യോധനനു രുചിക്കുന്നില്ല. ക്ഷോഭിക്കുന്നതു നോക്കു. യാതൊന്നും പ്രവൃത്തിക്കുവാൻ വഹിയാ; കന്യകയെ കിട്ടുകയും വേണം. അതു ദുൎമ്മോഹമല്ലെ?

കൺ്ണൻ.

ബലഭദ്രന ശിഷ്യസ്നേഹവും അപ്രകാരമാണ. ആകട്ടെ

ദുൎയ്യോധനനെ വേഗം സമാധാനപ്പെടുത്തണം. അതിന ഇങ്ങി ന്നെ പറയുക തന്നെ.

ക്രോധിയ്ക്കേണ്ട സഖേ ഭവാൻ മുസലിയോ
ടൎത്ഥിയ്ക്കുകിൽ പ്രീതനായ്
ബോധിച്ചീടുക സത്വരം ഭഗിനിയേ നൽകും
നിനക്കായ് സ്വയം
ആധിയ്ക്കില്ലൊരു ബന്ധവും ഗുരുമതം
കൈക്കൊള്ളുമെല്ലാവരും
സാധിച്ചീടുക മാധവീപരിണയം
മോദേന വാദം വിനാ. (൧൯)

ദുൎയ്യോധനൻ. [സന്തോഷത്തോടുകൂടി]

സഖേ കൎണ്ണ! ഇപ്പോൾ ഭവാൻ പറഞ്ഞത എനിയ്ക്ക വളരെ ബോദ്ധ്യമായി. എന്നാൽ ഞാൻ നേരിട്ട ചോദിയ്ക്കുന്നത അവിവേകമായിരിയ്ക്കും. എനിയ്ക്കു വേണ്ടി കൎണ്ണൻ ഒരെഴുത്തയച്ചാൽ മതി.

കൎണ്ണൻ.

അങ്ങിനെ തന്നെ. ഇതു ശകുനിയ്ക്കും പക്ഷമല്ലേ.

ശകുനി.

അതെ. പക്ഷെ അൎജ്ജുനന്റെ ഇപ്പോഴത്തെ സ്ഥിതി കൂടി അറിഞ്ഞിട്ടായാൽ അധികം ഗുണമുണ്ടായിരുന്നു. അവൻ പോയിട്ട കുറെ ദിവസമായി; ഇതുവരെ മടങ്ങി വന്നിട്ടില്ല. ആ ൾ ഉപായിയാണ.

കൎണ്ണൻ.

അതാവശ്യം തന്നെ.

ദുൎയ്യോധനൻ.

ഈ കാൎയ്യത്തിൽ ഞാൻ ചാരന്മാരെ അയച്ചിട്ടുണ്ട.

കഞ്ചുകി. [പ്രവേശിച്ചു]

മഹാരാജാവ ജയിയ്ക്കട്ടെ! തിരുമനസ്സിലെ കാണ്മാനായി ഒരു ഭിക്ഷു സമയം നോക്കി നില്ക്കുന്നു.

ദുൎയ്യോധനൻ. [ആത്മഗതം]

ഒ! അൎജ്ജുനവൃത്താന്തം അറിയുന്നതിന്നായി നിയോഗിച്ചി രുന്ന ചാരന്മാരിൽ ഒരാളായിരിയ്ക്കാം അവൻ.

[പ്രകാശം]

എന്നാൽ വരുവാൻ പറയുക.

കഞ്ചുകി.

കല്പനപോലെ. [പോയി]

[അനന്തരം ഭിക്ഷുരൂപം ധരിച്ച ചാരൻ പ്രവേശിക്കുന്നു]

ചാരൻ. [നോക്കീട്ട, ആത്മഗതം]

മഹാരാജാവ അംഗരാജാവോടും മാതുലനോടും കൂടിയാണ ല്ലൊ ഇരിയ്ക്കുന്നത. ഇപ്പോൾ ചെന്ന ഈ വൎത്തമാനത്തെ എങ്ങി നെ അറിയിയ്ക്കും. പക്ഷെ അവർ മഹാരാജാവിൻെറ ചെവികൾ തന്നെയാണല്ലൊ. എങ്കിലും ചോദിയ്ക്കുന്നതിൻെറ അവസ്ഥപോ ലെ പറയാം.

ചാരൻ. [അടുത്തചെന്ന]

മഹാരാജാവ ജയിയ്ക്കുന്ന.

ദുൎയ്യോധനൻ. [സൂക്ഷിച്ചുനോക്കീട്ട മന്ദഹാ സത്തോടുകൂടി, ആത്മഗതം]

താടിയും ജടയും കൃത്രിമം തന്നെ.

[പ്രകാശം]

എവിടെ എല്ലാം പോയി? അൎജ്ജുനനെ കണ്ടുവോ?

ചാരൻ.

കണ്ടു.

ദുൎയ്യോധനൻ.

അവൻ എവിടെ എത്തി. വിശേഷങ്ങൾ എല്ലാം കേൾക്കട്ടെ.

ചാരൻ.

സേതുസ്നാനംതുടങ്ങീട്ടനവധിസുകൃതം
ഹന്തസാധിച്ചുപാൎത്ഥൻ
സ്ഫീതാനന്ദംപ്രഭാസത്തിലുമധികമുദാ
മജ്ജനംചെയ്തുവേഗം

പ്രീതന്മാരായ് സദാതൻപിറകില ധചരി
ഷ്ണുംദ്വിജന്മാരെയുംവി
ട്ടേതോചിന്തിച്ചപോലിന്നൊരുയതിവടി
വായ്പോയ്പ്പടിഞ്ഞാട്ടിദാനീം (൨൦)

അടിയൻ ഈ വിവരം ഉണൎത്തിയ്ക്കുവാൻ ഇങ്ങോട്ടും പുറപ്പെട്ടു.

ദുൎയ്യോധനൻ.

സന്തോഷമായി. ഇനി നിന്റെ പ്രവൃത്തിക്കായ്ക്കൊണ്ടു പോയ്ക്കോാംക.

ചാരൻ.

കല്പനപോലെ. [പോയി]

ദുൎയ്യോധനൻ. [വിചാരത്തോടെ]

സഖെ, കൎണ്ണ! അൎജ്ജുനൻ ഭിക്ഷുരൂപം ധരിച്ചതിന്റെ ഉദ്ദേശം എന്തായിരിയ്ക്കാം!

കൎണ്ണൻ.

എന്തെങ്കിലുമാവട്ടെ- അതുംകൊണ്ടു നമുക്കു വല്ല വിരോധവുമുണ്ടോ. സന്ന്യാസിയ്ക്കു സ്ത്രീകളുടെ കഥാ പ്രസംഗംപോലും യോഗ്യമല്ലാത്ത സ്ഥിതിയ്ക്കു ഇതു വളരെ നന്നായി. അവൻ എന്നും സന്ന്യാസാശ്രമത്തിൽ തന്നെ ഇരിയ്ക്കട്ടെ.

[ശകുനിയോടു]

അങ്ങിനെയല്ലെ അവിടത്തെ അഭിപ്രായവും!

ശകുനി.

അല്പം വ്യത്യാസമുണ്ടു. ഇതിലെന്തൊ കളവുള്ളതുപോലെ തോന്നുന്നു.

ദുൎയ്യോധനൻ. [പരിഭ്രമത്തോടെ]

അതെന്താണെന്നറിയുന്നില്ല.

ശകുനി.

പറയാം. എന്തെന്നാൽ,

മാരശാസനവഹിച്ചകിരീടി
ചാരുഗാത്രിമനതാരറിവാനായ്

ആരുമേതുമറിയാത്ത വിധത്തിൽ
ദ്വാരകയ്ക്കുഗമിച്ചതുമന്തനം. (൨൧)

കണ്ണൻ.

അൎജ്ജുനൻ അവരുടെ പൂൎവ്വ ബന്ധുവും വിശേഷിച്ച കൃഷ്ണന്റെ പ്രാണസ്നേഹിതനും ആകയാൽ നേരെ ചെല്ലുന്നതിന്നു തന്നെ വിരോധമില്ലല്ലൊ.

ശകുനി.

അവന്റെ സ്ഥിതി അങ്ങിനെയായിരുന്നാലും കേവലം ഒരു യുവാവായതുകൊണ്ടു കന്യകയെ കാണ്മാനും സംസാരിപ്പാനും വളരെ തടസ്ഥങ്ങളുണ്ടായേക്കാം. എന്നു മാത്രമല്ല, ധീമാനായിരിയ്ക്കുന്ന ബലഭദ്രർ അനുവദിയ്ക്കുകയുമില്ല. അതിനാൽ ഈ വേഷം ധരിച്ചതാണെന്നു ഞാൻ വിചാരിയ്ക്കുന്നു.

സന്ന്യാസിമാൎക്കുതടവില്ലൊരിടത്തുമേതും
കന്യാഗൃഹത്തിലുമവൎക്കുഗമിച്ചുപോരാം
എന്നുള്ളതൊക്കമതിയിൽകരുതീട്ടുധീര
നിന്ദ്രാത്മജൻസകതുകംയതിയായതിപ്പോൾ. (൨൨)

ദുൎയ്യോധനൻ.

കൎണ്ണ! ഇതു വാസ്തവമായിരിയ്ക്കാം. ഗൂഢാഭിപ്രായങ്ങൾ കണ്ടെത്തുന്നതിന്നു ഇത്ര സാമൎത്ഥ്യം മാതുലനേപ്പോലെ അന്യനുണ്ടോ എന്നു സംശയമാണു.

കൎണ്ണൻ.

ശരിയാണു. ഏതായാലും സന്ദേശം അയയ്ക്കുന്നതിന്നു ഇനി കാലതാമസം വരുത്തിക്കൂടാ.

ദുൎയ്യോധനൻ.

എന്നാൽ കൎണ്ണൻ അതിനായുദ്യോഗിച്ചാലും.

കൎണ്ണൻ. [വിചാരിയ്ക്കുന്നു]

ദുൎയ്യോധനൻ. [ആത്മഗതം]

ദ്വാരകയിലെ എല്ലാ വിശേഷങ്ങളും പ്രത്യേകിച്ച സുഭദ്രയുടെ ഇപ്പോഴത്തെ അവസ്ഥയും കൂടി അറിയണം. അതിന്നു ആ

രെയാണയയ്ക്കേണ്ടത. ദൂതന്മാരിൽ പ്രധാനിയായി അതിസമൎത്ഥനായിരിയ്ക്കുന്ന ദുൎവ്വിദഗ്ദ്ധൻ തന്നെ പോകട്ടെ.

[ശകുനിയോട പ്രകാശം]

എഴുത്തും കൊടുത്ത ദുൎവ്വിദഗ്ദ്ധനെ അയച്ചാൽ പോരേ ?

ശകുനി.

ഈ ദൂതനെ തിരഞ്ഞെടുത്തത ഉത്തമമായി. അവന്ന അന്യചിന്താഭിപ്രായത്തെക്കൂടി ഗ്രഹിയ്ക്കുവാൻ സാമൎത്ഥ്യമുണ്ട.

ദുൎയ്യോധനൻ.

ആരാണവിടെ ?

കഞ്ചുകി. [പ്രവേശിച്ച]

അടിയൻ.

ദുൎയ്യോധനൻ.

ദുൎവ്വിദഗ്ദ്ധനോടിവിടെ വരുവാൻ പറയുക.

കഞ്ചുകി.

കല്പനപോലെ. [പോയി]

കൎണ്ണൻ. [എഴുത്തെഴുതീട്ട]

ഇതു മതിയൊ ?

ദുൎയ്യോധനനും ശകുനിയും.

കേൾക്കട്ടെ.

കൎണ്ണൻ. [വായിക്കുന്നു]

വീരന്മാരണിയുന്നചാരുമകുടാല
ങ്കാരമുക്താമണേ !
ധീരന്മാൎക്കിതുയുക്തമല്ലപുനരെന്നാലും
കഥിയ്ക്കുന്നഞാൻ
പാരംഭദ്രനിമിത്തമായ്മമസഖാവായു
ള്ളദുൎയ്യോധനൻ
ധൈൎയ്യംവിട്ടുഴലുന്നിതോൎക്കുകഭവാനല്ലാ
തയില്ലാശ്രയം. (൨൩)

മിത്രമാംരോഹിണീദേവീപുത്രനിന്നുധരിയ്ക്കുവാൻ
മിത്രപുത്രനയയ്ക്കുന്നപത്രമാമിതുസാദരം. (൨൪)

ദുൎയ്യോധനനും ശകുനിയും.

മതിമതി- വളരെ ഭംഗിയായി.

കൎണ്ണൻ.

എന്നാലിനി വേഗത്തിൽ കൊടുത്തയയ്ക്കുകയല്ലേ?

ശകുനി.

അതെ.

ദ്വിദംഷ്ടൻ. [പ്രവേശിച്ച്]

മഹാരാജാവ സൎവ്വദാ വിജയിയായി ഭവിയ്ക്കട്ടെ!

ദുൎയ്യോധനൻ. [ദൂതന്റെ കയ്യിൽ എഴുത്ത കൊടുത്ത്]

ഇതിനെ സമയംപോലെ ബലഭദ്രസ്വാമിയുടെ തൃക്കയ്യിൽ കൊടുക്കണം. വിശേഷിച്ച് ഇങ്ങിനെ കൂടി__

[സ്വകാൎയ്യമായി പറയുന്നു]

ദ്വിദംഷ്ടൻ.

അങ്ങിനെ തന്നെ- [തൊഴുതുപോയി]

അണിയറയിൽ വൈതാളികന്മാർ.

മഹാരാജാവ സൎവ്വോൽകൎഷേണ വൎത്തിയ്ക്കട്ടെ.

ഒന്നാം വൈതാളികൻ.

മഹാരാജാവെ!

ഭുജവീൎയ്യാതിശയത്താൽപ്രജകളെരക്ഷിച്ചുവാഴ്ക ബഹുകാലം

വിജയസമ്പദാപ്തിസുഖംനിജഭാഗ്യംകൊണ്ടനാംഭവിക്കട്ടെ ॥

ശകുനി.

[ചെവികൊടുത്തിട്ട, ആത്മഗതം]

മംഗളമായിരിയ്ക്കുന്നു. ഇത ദുൎയ്യോധനന്ന

സാധു! എന്നാൽ ബുദ്ധി വല്ലാതെ

ദുൎയ്യോധനൻ.

[കൎണ്ണനോട അപവാൎയ്യ]

റുമെന്ന തോന്നുന്നു. ഉപശ്രുതി മംഗ

ഈ ഉപശ്രുതി

മനസ്സിലാവില്ലത്രെ.

യിച്ചുപോകും.

സഖേ! കാൎയ്യം

ളമായിരിക്കുന്നുവെല്ലോ

കണ്ണൻ. [ആത്മഗതം]

രണ്ടു വിധത്തിലും വിചാരിപ്പാൻ വഴിയുണ്ടു. എങ്കിലും ഈശ്വരാനുഗ്രഹത്താൽ ശുഭമായിത്തന്നെ ഭവിക്കട്ടെ.

[പ്രകാശം]

ഞാനും അങ്ങിനെ തന്നെ വിചാരിക്കുന്നു.

രണ്ടാം വൈതാളികൻ.

വൃദ്ധന്മാരായഗൃദ്ധ്രാദികളിതുസമയം
ക്ഷുത്തിനാലാൎത്തിയോടും
മുഗ്ദ്ധന്മാരായപൈതങ്ങളുടെവരവിനെ
പ്പാൎത്തുവാഴുന്നകൂട്ടിൽ
ദഗ്ദ്ധന്മാരായനല്പംരവിയുടെകിരണം
കൊണ്ടുഴന്നദ്ധ്വഗന്മാർ
സ്നിഗ്ദ്ധച്ഛായാഢ്യമാകുംതരുനിരയെയണ
ഞ്ഞാശ്വസിക്കുന്നപാരം. (൧൩)

കണ്ണൻ.

ഓ! നേരം ഉച്ചയായി.

പക്ഷിമൃഗാദികളെല്ലാമിക്ഷണമുള്ളൊരുച്ചചൂടുസഹിയാഞ്ഞു
വൃക്ഷഗുഹാദികൾനോക്കിബ്ഭക്ഷണവുംകൈവെടിഞ്ഞുമണ്ടുന്നു ॥

എന്നാൽ ഇനി വേണ്ട കൃത്യങ്ങൾക്കായി നമുക്കും വേഗം പോവുക.

[എല്ലാവരും പോയി]

ഒന്നാമങ്കം കഴിഞ്ഞു.

സുഭദ്രാൎജ്ജുനം.

ഭാഷാനാടകം.

—·····+·····—

രണ്ടാമങ്കം.

—·····o·····—

അനന്തരം ബലഭദ്രരും കൃഷ്ണനും ഉദ്ധവരും പ്രവേശിക്കുന്നു.

ബലഭദ്രര.

ഞാനിപ്പോൾ നിങ്ങളെ വരുത്തിയത സുഭദ്രയുടെ വിവാഹത്തെപ്പററി ആലോചിപ്പാനാണ. അവൾക്കു യൌവനകാലമായിരിക്കുന്നു. കൃഷ്ണൻ ഇതിനെക്കുറിച്ചു യാതൊന്നും ആലോചിക്കുന്നതായി കേൾക്കുന്നതും ഇല്ല.

ഉദ്ധവര.

ഇവിടുന്നുള്ളപ്പോൾ ഈ വക കാൎയ്യങ്ങളിൽ ശേഷമുള്ളവർ പ്രവേശിച്ചിട്ടാവശ്യമില്ലല്ലൊ.

കൃഷ്ണൻ.

ജ്യേഷ്ഠനിന്നുപറയുന്നതുകേൾപ്പാൻ
ശിഷ്ടമുള്ളജനമെന്നറിയേണം
ശ്രേഷ്ഠമാംതവമനസ്സറിയാത
ഞ്ഞിഷ്ടമെങ്കിലുമുരപ്പതയോഗ്യം. (൧)

അതിനാൽ യഥേഷ്ടം അരുളിച്ചെയ്യാം.

ബലഭദ്രര.

എന്നാൽ നമ്മുടെ സഹോദരിയെ വേഗത്തിൽ ഭൎത്തൃമതിയാക്കിച്ചെയ്യേണം. ഇനി കാലവിളംബനം നമുക്കു വിഹിതമല്ല. [ഉദ്ധവരോട]

അങ്ങിനെയല്ലേ ?

ഉദ്ധവര.

അതിനെന്തു സംശയം. ഇതുപോലെ തന്നെ മഹാജനങ്ങൾ പലരും പറഞ്ഞു കേട്ടിട്ടുണ്ട.

പരധനംഭുവികന്യകനിൎണ്ണയം
വരനനംകണമെന്നതിനാൽദ്രുതം
വരികിലോനവയൌവനമാത്മമ
ന്ദിരമതിങ്കലിരുത്തുകനിന്ദ്യമാം. (൮)

എന്നു. അതുകൊണ്ടു കന്യകയെ കൊടുക്കുവാൻ വൈകിയിരിക്കുന്നു.

ബലഭദ്രർ.

എന്നാൽ സുഭദ്രയ്ക്കു ഭൎത്താവായിരിക്കുന്നതിന്നു ഏതു രാജപുരുഷനായാൽ കൊള്ളാമെന്നു ഉദ്ധവൻ തന്നെ ആലോചിച്ചു പറയുക.

കൃഷ്ണൻ.

ഇനിക്കും ഇതു സമ്മതം തന്നെ.

ഉദ്ധവർ.

ഒരുപോലെ യോഗ്യന്മാരായിരിക്കുന്ന രാജാക്കന്മാർ പലരുമിരിക്കെ ആരേ കുറിച്ചാണു അഭിപ്രായപ്പെടേണ്ടതു ?

കൃഷ്ണൻ.

മിത്രങ്ങളിൽ ഈ വിധക്കാരുണ്ടെങ്കിൽ അന്യന്മാരിൽ ചിന്ത പോയിട്ടു പ്രയോജനമില്ലല്ലൊ.

ബലഭദ്രർ.

ഞാനും കൃഷ്ണനോടു യോജിക്കുന്നു.

ഉദ്ധവർ. [ആത്മഗതം]

ഒ! ശരി തന്നെ. രണ്ടുപേൎക്കും പ്രത്യേകം കുറെറുകാരുണ്ടല്ലൊ. അവരവരുടെ അഭിമതം അതാത വാക്കുകളിൽ സ്ഫുരിക്കുന്നുണ്ടു. ഏതായാലും വിഷമംതന്നെ.

കൊണ്ടൽവൎണ്ണനായനാഥനിന്നുഞാനതിപ്രിയൻ
ശുണ്ഠിയേറെറുമുണ്ടുശുദ്ധനായഹരൌഹിണേയനും
വേണ്ടതെന്തുരണ്ടുപേൎക്കുമിഷ്ടമായുരയ്ക്കുവാ
നുണ്ടുദണ്ഡമേവരാലുമാവതല്ലനിൎണ്ണയം. (൯)

[ആലോചിച്ചു, പ്രകാശം]

എന്നാൽ സ്വയംവരമാണു നല്ലതു. അപ്പോൾ കന്യകയുടെ ഹിതംപോലെ ആവും. നമുക്കെന്നാൽ ആയാസവുമില്ല.

ബലഭദ്രര.

അതിന്നു പല ദോഷങ്ങളും ഉണ്ട. എന്തെന്നാൽ,

ഒരുനാരിയിലാഗ്രഹംപലൎക്കും
വരുമപ്പോളതുകൊണ്ടുവൈരമുണ്ടാം
കരുതീടുകിലത്രയല്ലകന്യാ
വരമാംരൂപമതൊന്നുമാത്രമോൎക്കും. (൨)

അങ്ങിനെ പോരാ.

കൃഷ്ണൻ.

ശരിതന്നെ. എന്തെന്നാൽ,

സൌന്ദൎയ്യൌദാൎയ്യശൌൎയ്യപ്രഭൃതിപലഗുണം
ചേൎന്നുവിഖ്യാതിതേടും
മാന്യന്മാരാംയുവാക്കൾക്കുചിതമിഹകൊടുക്കു
ന്നതുംസ്ത്രീജനത്തെ
അന്യോന്യംചേരുമെന്നാൽപ്രിയമൊടുമവർ
തൻകാന്തമാരെഭരിക്കും
നന്നായ്പിന്നെജ്ജനിക്കുന്നൊരുശിശുവധികം
യോഗ്യനായുംഭവിക്കും. (൩)

ബലഭദ്രര.

കൃഷ്ണൻെറ ഈ സാരമായിട്ടുള്ള യുക്തിയെ ഞാൻ സമ്മതിക്കുന്നു. പ്രത്യേകം ഒരുവനെ തിരഞ്ഞെടുക്കേണ്ടത അത്യാവശ്യം തന്നെ.

ഉദ്ധവര.

ഈ ഭാരം ഇവിടുന്നതന്നെ വഹിച്ചാൽ കൊള്ളാമെന്നാകുന്നു ഞങ്ങളുടെ അപേക്ഷ.

ബലഭദ്രര.

ചന്ദ്രവംശാധീശനായ ദുൎയ്യോധനൻ സുഭദ്രക്കു വളരെ ചേൎച്ചയായിരിക്കും.

കൃഷ്ണൻ.

[ഉപായത്തിൽ ഉദ്ധവരെനോക്കി
മന്ദഹാസംചെയ്തു, ബലഭദ്രരോടു]

ദുൎയ്യോധനൻ മാന്യൻതന്നെ എങ്കിലും സജ്ജനങ്ങൾക്കു അ

വനിൽ തൃപ്തിയില്ലാത്തതിനാൽ മററുള്ള ഗുണങ്ങൾ എത്ര തന്നെ ശോഭിയ്ക്കും.

സാരസൽഗുണങ്ങളോടുചേരിലുംമഹാജനം
പാരമിന്നനാദരിയ്ക്കിലായതൊക്കെനിഷ്ഫലം
പാരിതിൽനിജപ്രിയന്നരാഗമില്ലയെങ്കില
ന്നാരിതൻെറചാരുരൂപശോഭകൊണ്ടുകിംഫലം ? (൯)

അതിനാൽ,

മതിമാനതിവീരനുത്തമന്മാ
ക്കതിമാത്രംപ്രിയനാകുമിന്ദ്രപുത്രൻ
ഹിതമോടിതുകാലമിസ്സുഭദ്രാ
പതിയാകിൽചിതമെന്നെനിക്കുപക്ഷം. (൧)

ഉദ്ധവര. [ആത്മഗതം]

അങ്ങിനെ ! രണ്ടു പേരും തിര നീക്കി.

ബലഭദ്രര. [ഭാവഭേദത്തോടുകൂടെ, ഉദ്ധവരോട]

കൃഷ്ണൻെറ വാക്കു കേട്ടുവൊ ? അജ്ജുനൻ പൂജ്യനും ദുര്യോധനൻ ത്യാജ്യനുമാണത്രെ.

ഉദ്ധവര. [ബലഭദ്രനെ നോക്കി, ആത്മഗതം]

ഇദ്ദേഹത്തിൻെറ വിധമൊന്നു പകന്നിരിയ്ക്കുന്നു. ഇപ്പോൾ എന്തു പറയണം ? ഇത കരുതിയായിരുന്നു ഞാനൊഴിഞ്ഞു നിന്നിരുന്നത. എന്നിട്ടും ഫലമൊന്നുമുണ്ടായില്ല.

[പ്രകാശം]

ഇങ്ങിനെയൊരു കിംവദന്തിയുണ്ട. അതിനാലായിരിയ്ക്കും ഇ പ്രകാരമറിയിച്ചത. അതത്ര സാരവുമില്ല.

ബലഭദ്രര. [അല്പംശാന്തതയോടെ]

കൃഷ്ണൻ ശുദ്ധനാണ. എന്തു കേട്ടാലും വിശ്വസിക്കും. ഊഹാപോഹത്തിന്നു ശക്തിയുണ്ടെങ്കിൽ ഇങ്ങിനെ പറയുവാൻ വഴിയുണ്ടൊ ?

ഇന്ദ്രപ്രഭാവമിയലുന്നൊരുകൌരവേന്ദ്രൻ
തന്നോടുതുല്യതനിനയ്ക്കുകപാൎത്ഥനുണ്ടൊ?
നന്നായ്പ്രകാശമുളവാകിയചന്ദ്രനോടു
കന്നത്തമാൎന്നൊരുബകത്തിനുസാമ്യമുണ്ടൊ? (൮)

ഉദ്ധവര. [ആത്മഗതം]

ഇങ്ങിനെ പറയത്തക്ക ഗുണങ്ങൾ യാതൊന്നും ദുൎയ്യോധനനില്ല, എങ്കിലും വിചാരം നോക്കു. ഇദ്ദേഹത്തിന്റെ ശിഷ്യവാത്സല്യം അതിശയിയ്ക്കത്തക്കതു തന്നെ.

[പ്രകാശം]

ഇതു വാസ്തവമാണ. ദുൎയ്യോധനനോടുപമിയ്ക്കുവാൻ ദുൎയ്യോധനനല്ലാതെ ആരുമില്ല.

കൃഷ്ണൻ.

എങ്ങിനെയായാലും ബന്ധുക്കളെ ഉപേക്ഷിക്കുന്നത അവിഹിതമാകുന്നു.

ബലഭദ്രര.

കൃഷ്ണന സോദരിയെ കുറിച്ചു വാത്സല്യം യഥാൎത്ഥത്തിൽ ഇല്ലെന്നു ഇപ്പോൾ ഞാൻ വിചാരിയ്ക്കുന്നു.

കൃഷ്ണൻ.

എന്തു കാരണത്താൽ?

ബലഭദ്രര.

ബന്ധുത്വം മാത്രം ആലോചിച്ചാൽ മതിയൊ?

പരനുപകാരുണ്യത്താ
ലൊരുവണ്ണംപ്രാഭവംനടിച്ചീടും
നരനാംമിത്രത്തേക്കാൾ
വരനേററംശത്രുവാംപ്രഭുനിനച്ചാൽ. (൯)

എന്നു മാത്രമല്ല,

ഇച്ശപോലിതുവരെയ്ക്കുമിരുത്തി
ത്തുച്ശനാകമൊരുവന്നുകൊടുത്താൽ
സ്വച്ശമാനസകൃശാംഗിസുഭദ്രാ
നിശ്ചയംബഹുവിധേനതപിയ്ക്കും. (൧൦)

അതിനാൽ കൃഷ്ണന്റെ പക്ഷം വളരെ ആലോചിച്ചു തീൎച്ച യാക്കേണ്ടതാകുന്നു.

[അപ്പോൾ ദ്വാരപാലകൻ പ്രവേശിച്ചു]

ദ്വാരപാലകൻ.

മഹാരാജാവു വിജയിയായി ഭവിക്കട്ടെ! ഹസ്തിനപുരത്തിങ്കൽ നിന്നു ഒരു ദൂതൻ വന്നു തിരുമനസ്സിലെ കണ്ടു വന്ദിപ്പാൻ സമയം കാത്തു നില്ക്കുന്നുണ്ടു.

ബലഭദ്രർ.

വരുവാൻ പറയുക.

ദ്വാരപാലകൻ.

കല്പനപോലെ.

[പോയി]

[അനന്തരം ദൂതൻ പ്രവേശിച്ചു ബലഭദ്ര കൃഷ്ണന്മാരെ നമസ്കരിക്കുന്നു]

ബലഭദ്രർ.

ദുൎയ്യോധനാദികൾക്കു സുഖമല്ലെ?

ദൂതൻ.

അതെ.

ബലഭദ്രർ.

ഇപ്പോൾ നിന്നെ എന്തിനാണു ഇവിടയ്ക്കു അയച്ചതു? വല്ല വിശേഷവും ഉണ്ടൊ?

ദൂതൻ.

തൃക്കയ്യിൽ തരുവാനായി ഒരെഴുത്തു തന്നയച്ചിട്ടുണ്ടു.

ബലഭദ്രർ.

എവിടെ?

ദൂതൻ. [എഴുത്തുകൊടുക്കുന്നു]

ബലഭദ്രർ. [വാങ്ങിമുദ്രപൊട്ടിച്ചു വായിക്കുന്നതായി നടിച്ചിട്ടു, സന്തോഷത്തോടെ എഴുത്തു കൃഷ്ണന്റെകയ്യിൽ കൊടുക്കുന്നു]

കൃഷ്ണൻ. [വാങ്ങിവായിച്ചുനോക്കീട്ടു]

ദൂതൻ പുറത്തു പോയി നില്ക്കട്ടെ. പിന്നെ വിളിക്കാം.

ബലഭദ്രർ. [ദൂതനോട]

പുറത്തപോയിനില്ക്കു. അല്പസമയംകഴിഞ്ഞിട്ടമറുവടിതരാം.

ദൂതൻ.

കല്പനപോലെ. [പോയി]

കൃഷ്ണൻ.

ഇവിടുന്ന എങ്ങിനെ മറുവടി അയയ്ക്കുവാനാണ വിചാരിക്കുന്നത?

ബലഭദ്രര.

സംശയിക്കുവാനുണ്ടൊ?

ഭുവനതലമശേഷംകീൎത്തിയാൽശുഭ്രമാക്കു
ന്നവനിപതിവിശേഷാത്സൎവസമ്പത്സമൃദ്ധൻ
സവിനയമിതുനമ്മോടിത്ഥമൎത്ഥിച്ചതോൎത്താൽ
യുവതിഭഗിനിതന്റെഭാഗ്യവൈചിത്ര്യമത്രെ. (൧൧)

എന്നുമാത്രമല്ല,

ചോദിക്കുന്നവനേക്കാൾ
മേദുരനാമന്യനാഗ്രഹിച്ചാലും
മോദമൊടൎത്ഥിക്കല്ലൊ
സാദരമക്കന്യയെക്കൊടുക്കേണ്ടു. (൧൨)

എല്ലാംകൊണ്ടും ദുൎയ്യോധനനാണ കൊടുക്കേണ്ടത. അതിനാൽ നമുക്ക വലിയബന്ധുലാഭവും, സുഭദ്രയ്ക്കു വളരെ ക്ഷേമവും ഭവിക്കും. ഇനി താമസിച്ചുകൂടാ, വേഗത്തിൽ സമ്മതം കൊടുക്കണം.

കൃഷ്ണൻ. [ആത്മഗതം]

കഷ്ടം! അത്യുത്തമനായിരിക്കുന്ന പ്രിയസഖന്റെ ഗുണങ്ങൾ ലേശംപോലും അറിയാതെ ജ്യേഷ്ഠൻ ഈ ദുഷ്ടനെ കുറിച്ച ഇങ്ങിനെ പറയുന്നുവല്ലൊ. ഈ നിശ്ചയം സുഭദ്രയ്ക്കു വ്യസനകരമാകുവാനാണ സംഗതി.

സുമതിഭഗിനിനൂനംഹൃത്തിലോൎത്താലവൾക്കീ
ക്കുമതിയിലനുരാഗംവായ്ക്കുവാനില്ലബന്ധം
അമിതകുതുകമേവംജ്യേഷ്ഠനുംതീൎച്ചയായി
സ്സമിതിയിലുരചെയ്യാനെന്തുഞാൻവേണ്ടതിപ്പോൾ? (൧൩)

[ആലോചിച്ച]

സമ്മതം കൊടുപ്പിക്കാതെ കഴിക്കണം. എന്നാൽ നിവൃത്തിയുണ്ട. ഇപ്പോൾ അഹിതമായിട്ടൊന്നും പറയേണ്ട.

[പ്രകാശം]

ഇക്കാൎയ്യത്തിൽ കന്യകയുടെ ഹിതവും കൂടി അറിയേണ്ടത ആവശ്യമാകയാൽ ചോദിച്ചു മറുവടി വഴിയെ അയക്കാം. ദൂതൻ പോകട്ടെ.

ബലഭദ്രർ.

എന്തിന്ന ചോദിക്കുന്നു? കന്യകയോടനുവാദം വാങ്ങി സാധാരണ വിവാഹം നിശ്ചയിക്കുന്നതു പതിവില്ല.

ഉദ്ധവർ.

അങ്ങിനെയല്ല അദ്ദേഹം അറിവിച്ചത. പുരുഷനെ നിശ്ചയിക്കുന്നതിൽ സ്ത്രീയുടെ മനസ്സും കൂടി അറിഞ്ഞാൽ നന്ന എന്ന മാത്രമാകുന്നു. പിന്നെ അബദ്ധമില്ലല്ലൊ.

ബലഭദ്രർ.

അല്ലെങ്കിൽ എന്താണ അബദ്ധം?

മൽപ്രിയസോദരിയെന്നോ
ടപ്രിയമൊന്നും കഥിക്കയില്ലദ്ധം
മൽപ്രിയനായനിമിത്തം
തൽപ്രിയനാമീൎഷ്യൻവിശേഷിച്ചും. (൧൮)

ഇതിന്ന സംശയമില്ല. പിന്നെ എന്തിന്ന സമയം കളയുന്നു. എഴുതുവാനാവശ്യമുള്ള സാധനങ്ങൾ കൊണ്ടുവരട്ടെ. വേണമെങ്കിൽ ഈ വിവരം എപ്പോഴെങ്കിലും സുഭദ്രയെ അറിവിക്കാമല്ലൊ.

ഉദ്ധവർ.

സുഭദ്രക്ക ഗുരുജനങ്ങളിൽ വളരെ ഭക്തിയും വിശ്വാസവുമുള്ളതുകൊണ്ടു ഈ നിശ്ചയത്തിന്ന വിരോധം പറയുമെന്നുള്ള ശങ്കയില്ല.

കൃഷ്ണൻ.

ധരണിയിങ്കൽവിവേകികളേവരും
ഗുരുജനപ്രിയമെന്തതുചെയ്തിട്ടും

പരമിതൊക്കയുമീപ്സിതമാകമോ
കരുതിയാലതുഭക്തിനിമിത്തമാം. (൪൫)

എന്നാൽ ഗുരുജനം മററുള്ളവരുടെ ശ്രേയസ്സിന്നു എല്ലാപ്പോഴും ആഗ്രഹമുള്ളവരായിരിക്കണം. പറയുന്നതെല്ലാം കേൾക്കുമെന്നുള്ള വിശ്വാസത്താൽ ഹിതം അശേഷം നോക്കാതെ എന്തെങ്കിലും പറഞ്ഞ അവരെ ആയാസപ്പെടുത്തുന്നത കഷ്ടമാണ. ഇത സാധാരണയായിട്ട കാണുന്നു.

നിനച്ചീടാതേതും തരുണിയുടെ ചിത്തം ഗുരുജനം
തനിച്ചാലോചിച്ചിട്ടൊരുവനുകൊടുക്കുന്നിതതിനാൽ
രമിച്ചീടാതുള്ളം കലഹമൊടു തമ്മിൽ ബഹുവിധം
നയിച്ചീടുന്നെല്ലൊ സമയമതു പാരിൽ പലജനം. (൪൬)

അജ്ഞാതരായമിഥുനങ്ങളെയിന്നു ചേൎക്കാൻ
വിജ്ഞാനമുള്ളവർനിനയ്ക്കുകിലെത്രകഷ്ടം
പ്രാജ്ഞൻ ഭവാനവിലമിങ്ങറിവുണ്ടു പാൎത്താ
ലജ്ഞാനമൂലമിതു ഞാനുരചെയ്തിടുന്നു. (൪൭)

ബലഭദ്രർ.

എങ്കിൽ ഇപ്പോഴുള്ള ഭാൎയ്യാഭൎത്താക്കന്മാർ മിക്കവരും ഈവിധത്തിൽ വിവാഹം കഴിഞ്ഞവരാണ. അവരൊക്കയും കലഹിച്ചു കാലം കഴിക്കയായിരിക്കുമൊ?

കൃഷ്ണൻ.

എല്ലാവരും അങ്ങിനെ വരുമെന്ന ഞാൻ പറയുന്നില്ല. സാമാന്യവും ഇങ്ങിനെ തന്നെയായിരിക്കും.

ഇതിലും ദുല്ലഭമായി
ട്ടതിമാത്രം രക്തരായ്ചിലർ ഭവിക്കും
അതിനാൽ ശ്ലാഘ്യതയെന്നു
ണ്ടെതുമന്തനം പൂൎവ്വപുണ്യവൈഭവമാം (൪൮)

ഉദ്ധവർ [ബലഭദ്രരോട]

ഇദ്ദേഹം സ്വീകാൎയ്യമായിരിക്കുന്ന കാൎയ്യമാണ പറയുന്നത. ഇതിനെ ഇവിടുന്നുപേക്ഷിക്കരുത. യുക്തിയുക്തമായ വാക്യങ്ങ

ദതന്നെ പറഞ്ഞാലും സ്വീകരിയ്ക്കേണ്ടതാണല്ലൊ. അവിടെ സേവ്യസേവകഭാവം വിചാരിപ്പാൻ ആവശ്യവും ഇല്ല.

ബലഭദ്രൻ.

എന്നാൽ ഉദ്ധവൻ പോയി വേഗത്തിൽ സുഭദ്രയുടെ മനസ്സറിഞ്ഞു വരു.

ഉദ്ധവൻ.

ഇതത്ര വേഗത്തിൽ സാധിയ്ക്കുന്ന കാൎയ്യമല്ല.

പ്രാണസ്നേഹിതയായതന്റെസഖിയോ
ടെന്നാകിലുംലജ്ജയാ
ശോണാക്ഷീജനമാശുതന്നഭിമതംചൊൽ
വാൻമടിയ്ക്കുംദൃഢം
ആണായീട്ടുകിടേററമുണ്ടുവിഷമം
കാൺമാനുമിക്കന്യമാർ
നാണംകൊണ്ടുകൊടുക്കയില്ലവസരം
ശേഷംകഥിക്കേണമൊ ? (൧൬)

അതിനാൽ ദേവിമാരിൽ ആരെങ്കിലും കന്യകയുടെ സഖിമാരെ ഈ കാൎയ്യം ഏല്പിച്ചാൽ അവർ അല്പ ദിവസംകൊണ്ടറിഞ്ഞു പറയുമായിരിയ്ക്കാം.

ബലഭദ്രൻ.

അതങ്ങിനെ ആവട്ടെ. നിങ്ങൾ രണ്ടു പേരും ഉടനെപോയി വിവാഹത്തിന്നുവേണ്ട ഒരുക്കങ്ങൾ വിശേഷമായി ചെയ്യിയ്ക്കണം.

കൃഷ്ണൻ.

എന്നാൽ എന്തെങ്കിലും ശുഭകൎമ്മങ്ങൾ ആരംഭിയ്ക്കുന്നതിന്ന മുമ്പിൽ ഇഷ്ടദേവതാപ്രീതി വരുത്തേണമെന്ന വൃദ്ധന്മാർ പറഞ്ഞു കേട്ടിട്ടുണ്ട. ഇവിടെ അന്തൎദ്വീപത്തിങ്കൽ പതിവായി കഴിച്ചു വരുന്ന ഉത്സവം തന്നെ ഈ സംവത്സരത്തിൽ കഴിഞ്ഞിട്ടില്ല.

ബലഭദ്രൻ.

എങ്കിൽ വിവാഹം അതു കഴിഞ്ഞിട്ടു മതി. ഉത്സവം പതിവിലധികം ഘോഷിയ്ക്കുകയും, നാമെല്ലാവരും പോകകയുംവേണം.

കൃഷ്ണൻ. [ആത്മഗതം]

ആവൂ! ഉത്സവം കഴിയുന്നതുവരെ വിവാഹത്തിന്നു താമസമുണ്ടല്ലൊ. ഇതിനിടയ്ക്കു എന്റെ ആഗ്രഹം സാധിച്ചുകൊള്ളാം.

ബലഭദ്രർ.

ആരാണവിടെ?

ദൂതൻ. [പ്രവേശിച്ചു]

അടിയൻ.

ബലഭദ്രർ.

നീ ഇപ്പോൾ പൊയ്ക്കൊൾക. മറുപടി വഴിയെ അയക്കാമെന്നു കണ്ണനോടു പറയു.

ദൂതൻ.

കല്പനപോലെ. [പോയി]

[അനന്തരം ഉഗ്രസേനന്റെ കഞ്ചുകി പ്രവേശിച്ചു]

കഞ്ചുകി.

മഹാരാജാവ ജയിക്കട്ടെ. പുരത്തിൽ ഒരു യതി വന്നിട്ടുണ്ടെന്നു ഇവിടെ ഉണൎത്തിപ്പാൻ ഉഗ്രസേനമഹാരാജാവ അടിയനെ കല്പിച്ചയച്ചിരിക്കുന്നു.

കൃഷ്ണൻ. [ആത്മഗതം]

ഇന്നലെ രാത്രി രൈവതകത്തിൽ വെച്ചു കണ്ടു പറഞ്ഞപ്രകാരം അൎജ്ജുനൻ വന്നതായിരിക്കാം.

ബലഭദ്രർ. [കൃഷ്ണാദ്ധവന്മാരോടു]

നിമിത്തം വളരെ നന്നായി. ഇതിനാൽ സുഭദ്രയ്ക്കു ശ്രേയസ്സു ഭവിക്കും നിശ്ചയം. നമുക്ക യതിയെ വന്ദിപ്പാനായി വേഗത്തിൽ പോകുക.

[എല്ലാവരും പോയി]

രണ്ടാമങ്കം കഴിഞ്ഞു.

സുഭദ്രാൎജ്ജുനം

ഭാഷാനാടകം.

———•••••┼•••••———

മൂന്നാമങ്കം.

——•••o•••——

[അനന്തരം കഞ്ചുകി പ്രവേശിയ്ക്കുന്നു]

കഞ്ചുകി.

ഒരുവനുമില്ലനിനച്ചാലരമനയിതിൽവൃദ്ധനായിനിയ്ക്കൊപ്പം
കരുത്തുകിലെന്നുടെമുടിയോപരമിഹവെഞ്ചാമരയ്ക്കുസമമല്ലൊ II

[നെടുവീൎപ്പുവിട്ടു]

കഷ്ടംശിഷ്ടജനാചാരംവിട്ടുഞാനെത്രകാലമായ്
മട്ടോൽവാണികൾതൻവാക്കുകേട്ടുകൊണ്ടുഴലുന്നതും. (൨)

അതിനാലന്തഃപുരത്തിങ്കലുള്ള ഉപജീവനം ജുഗുപ്സിതം തന്നെ.

[ചുററി നടന്നു നോക്കീട്ടു]

ആരാണീ വരുന്നത ?

[അടുത്തു ചെന്നിട്ടു]

ആര ? ദുൎയ്യോധനന്റെ ദൂതൻ ദുൎവ്വിദഗ്ദ്ധനൊ ?

ദുൎവ്വിദഗ്ദ്ധൻ.

ആൎയ്യ ! ബീഭത്സക ! ഭവാൻ എന്നെ അറിഞ്ഞില്ലെ ?

ബീഭത്സകൻ.

അല്പ ദിവസമായിട്ടു എനിയ്ക്കു കണ്ണിന്നു നല്ല സുഖമില്ല. ആളെ അറിയേണമെങ്കിൽ അടുക്കണം.

ദുൎവ്വിദഗ്ദ്ധൻ.

വാൎദ്ധക്യത്താലായിരിയ്ക്കും, അല്ലേ ?

ബീഭത്സകൻ.

അല്ല. ഉഷ്ണാധിക്യത്താലാണ.

ദുൎവ്വിദഗ്ദ്ധൻ.

ഇത വൃദ്ധന്മാരുടെ സ്വഭാവമാണല്ലൊ. ആകട്ടെ, ഇപ്പോൾ എവിടയ്ക്കു പോകുന്നു ?

ബീഭത്സകൻ.

രുഗ്മിണി ദേവിയുടെ നിയോഗപ്രകാരം സുഭദ്രയെ കാണ്മാൻ.

ദ്ധ്വിദഗ്ധൻ.

ആ കുമാരി എവിടെ?

ബീഭത്സകൻ.

ഗ്രഹത്തിലെങ്ങും കാണുന്നില്ല. ഉദ്യാനത്തിലുണ്ടായിരിയ്ക്കാം.

ദ്ധ്വിദഗ്ധൻ. [ആത്മഗതം]

ഈയാളെക്കണ്ടതുപകാരമായി. ഉപായത്തിൽ കന്യകയുടെ സ്ഥിതി മുഴുവനും അറിയേണമെന്ന സ്വാമി പ്രത്യേകം ഏല്പിച്ചിട്ടുള്ള കാൎയ്യമാകയാൽ കുമാരിയെ അന്വേഷിച്ച നടന്നുഴലേണ്ടി വരുമെന്ന വിചാരിച്ചിരുന്നു. ഇതിനാൽ അതു കൂടാതെ കഴിഞ്ഞുവല്ലൊ. ഇനി ഉദ്യാനത്തിൽ ചെന്നുകൂടാം.

[പ്രകാശം]

എനിയ്ക്കു പോകുവാൻ കുറച്ച ബദ്ധപ്പാടുണ്ട. ആൎയ്യൻ അനുവാദം തരണം.

ബീഭത്സകൻ.

താൻ എന്തിന്ന വന്നു? എവിടയ്ക്കു പോകുന്നു? ഇതൊന്നും അറിയാതെ അയയ്ക്കുവാൻ പാടുണ്ടൊ?

അന്യരാജ്യമതിൽനിന്നൊരുദൂതൻ
വന്നുവെങ്കിലതിനുള്ളൊരുമൂലം
ഇന്നതെന്നുവഴിപോലെധരിയ്ക്കാ
തിന്നുകൈവിടുകിലുണ്ടുവിരോധം. (൩)

ദൂതൻ [അല്പം പരിഭ്രമത്തോടെ, ആത്മഗതം]

ഞാൻ പെരുവഴി വിട്ട ഇതിലെ വന്നതുകൊണ്ട ഈയാൾ വല്ലതും ശങ്കിച്ചിരിയ്ക്കുമൊ? [പ്രകാശം]

ആൎയ്യ! എന്നെ മറെറാരുവിധം സംശയിയ്ക്കരുതെ. ഞാൻ ബലഭദ്രസ്വാമിയ്ക്കു ഒരെഴുത്ത കൊണ്ടുവന്ന കൊടുത്ത മടങ്ങിപ്പോകുന്നു. എന്നാൽ ഭവാനെ കാണ്മാനാഗ്രഹിച്ച അന്വേഷിച്ച

പ്പോൾ ഇങ്ങോട്ടു പോന്നതായി അറിഞ്ഞതിനാൽ ഇവിടെ വന്നതാണ.

ബീഭത്സകൻ. [പുഞ്ചിരിയോടെ]

ഞാൻ നേരംപോക്കാണ പറഞ്ഞത. പൊയ്ക്കൊൾക.

ദുർവ്വിദഗ്ദ്ധൻ.

സന്തോഷം. എന്നാൽ പിന്നെക്കാണാം.

[അവിടെനിന്ന പോയി]

കഞ്ചുകി [ചുററിനടന്ന നോക്കീട്ട, ആകാശം ലക്ഷ്യമാക്കി]

കലാവതി! എന്തിനാണ ഹിമജലത്തിൽ കലക്കിയ ചന്ദനവും നനഞ്ഞ താമരഇലയും കൊണ്ടുപോകുന്നത?

[കേട്ടതായി നടിച്ചിട്ട]

എന്തു പറയുന്ന? "കഠിനമായ വെയിൽകൊണ്ട ക്ഷീണിച്ചിരിക്കുന്ന സുഭദ്രയുടെ ശരീരത്തെ തണുപ്പിപ്പാൻ" എന്നൊ? എന്നാൽ വേഗത്തിൽ കൊണ്ടുപോവുക.

[അഞ്ചാറടി നടന്ന മുൻഭാഗത്തനോക്കീട്ട, വിചാരത്തോടെ]

ഹന്തഞാനിതുവരയ്ക്കുമിവണ്ണം
ശാന്തയായസുകുമാരിസുഭദ്രാ
ശ്രാന്തിപൂണ്ടുവലയുന്നതുകണ്ടി
ല്ലെന്തുമൂലമിതിനിന്നുനിനച്ചാൽ. (൯)

പിന്നെയും,

അക്ഷീണപുണ്യമതിനാലുള്ളവായകന്യ
ക്കീക്ഷീണഭാവമിയലുന്നതിനില്ലബന്ധം
സൂക്ഷിയ്ക്കിലുണ്ടൊരുവിചാരമിവൾക്കന്തന
മാക്ഷേപമില്ല, വെയിൽകൊണ്ടിതുപോലെയാമൊ? (൰)

എന്തെങ്കിലുമാവട്ടെ. ഈ വിവരം ദേവിയെ അറിയിച്ചേക്കാം. അടുത്തുചെന്നിവരെ ബുദ്ധിമുട്ടിക്കേണ്ട.

[പോയി]

പൂർവ്വാംഗം കഴിഞ്ഞു.

അനന്തരം സുഭദ്രയും സഖിമാരും മരക്കൂട്ടത്തിൽ മറഞ്ഞുനിന്ന ദുൎവ്വിദഗ്ദ്ധനും പ്രവേശിക്കുന്നു.

ദുൎവ്വിദഗ്ദ്ധൻ.

കഷ്ടം! കഷ്ടം!! ഈ കന്യകയുടെ ഇപ്രകാരമുള്ള അവസ്ഥ കണ്ടാൽ ആരും സഹിക്കയില്ല. എന്തുകൊണ്ടെന്നാൽ,

പുത്തൻപ്രസൂനതതികൊണ്ടുചമച്ചതല്ലേ
മത്തേഭഗാമിനികിടന്നരുളുന്നിതയ്യോ
അത്യാൎദ്രമായനവചന്ദനസാരമേററം
പ്രത്യംഗമാശുപകരുന്നിതുതോഴിമാരും. (൩)

അത്രതന്നെയല്ല,

ഗുണാധിക്യംചേരുന്നിവളുടെശരീരത്തിൽമുഴുവൻ
മൃണാളത്താൽകല്പിച്ചതികരുണമാകല്പമഖിലം
കനത്തീടുംതാപംകലരുമൊരുപൂമേനിയിലിതാ
തണുത്തീടാനേററംസഖികളിഹവീശുന്നുതളിരാൽ. (൪)

സഖിമാർ [മേൽപ്രകാരം ചെയ്കിട്ടു]

സഖി, സുഭദ്രെ! ഇപ്പോൾ നിന്റെ താപം കുറെ ശമിച്ചുവൊ?

സുഭദ്ര.

സഖിമാർ എന്റെ താപശാന്തിക്കു വല്ലതും ചെയ്യുന്നുണ്ടൊ എന്നുകൂടി ഞാൻ ശങ്കിക്കുന്നു.

സഖിമാർ [ശോകാതിശയത്തോടെ അന്യോന്യം നോക്കുന്നു]

ദുൎവ്വിദഗ്ദ്ധൻ.

കുമാരിക്കു വ്യാധിയല്ല; വലുതായൊരു ആധിയാണ. അതെന്തെന്നു ഇവരുടെ വാക്കുകളെക്കൊണ്ടുതന്നെ വഴിയെ അറിയാം.

കലാവതി. [സുശീലയോട അപവാൎയ്യ]

പ്രിയസഖിയുടെതാപംപാൎക്കിലിന്നിത്തരംതൽ
പ്രിയനുടെവരവെന്നോകേൾപ്പതില്ലിങ്ങുദന്തം
നയമൊടിവിടെനാമിന്നെന്തുചെയ്യേണ്ടുചൊല്ലീ
ടയിസപദിസുശീലേതൽപ്രശാന്ത്യൎത്ഥമിപ്പോൾ. (൫)

സുശീല [സാകാംക്ഷമായിട്ട]

സഖി! കലാവതി! ഞാൻ എന്തു പറയേണ്ടു. ഭാഗ്യഹീനകളായ നാം എന്തുചെയ്തിട്ടും ഫലമില്ലല്ലൊ.

സുശീല [പ്രകാശം]

സഖി! സുഭദ്രേ! ഭവതി വളരെ അസ്വാസ്ഥ്യയായിരിക്കുന്നു. അല്പമെങ്കിലും ധൈര്യത്തെ അവലംബിക്കുക.

കലാവതി [പ്രകാശം]

സഖി നിന്റെ ഇഷ്ടജനത്തിന്റെ ദൎശനം വരെ ദേഹത്തെ രക്ഷിക്കുക. ഇല്ലെങ്കിൽ മനോരഥങ്ങൾ വിഫലങ്ങളായിഭവിക്കയില്ലെ?

ഇത്തരംസഖിഖേദിച്ചാലെത്തീടുംദേഹനാശവും
ഭിത്തിയില്ലെങ്കിലെവ്വണ്ണംചിത്രമങ്ങെഴുതുന്നതും? (൯)

ബുദ്ധിദത്തൻ.

ഇവൾ ഏത സുകൃതിയെ കുറിച്ചാണ ഇങ്ങിനെ വ്യസനിക്കുന്നത? ഒരു സമയം നമ്മുടെ മഹാരാജാവിനെ തന്നെ ആയിരിക്കാം. അദ്ദേഹം ഭാഗ്യവാനാകുന്നു.

സുഭദ്ര.

സഖിമാരെ! ഞാൻ എങ്ങിനെ ധൈര്യത്തെ ആശ്രയിക്കും. ആ വസ്തു തന്നെ മദനാഗ്നിയാൽ ദഹിച്ചിരിക്കുന്നു.

സ്മരനഹോകുസുമായുധനെന്നതെ
ന്നുരുതമായ്വരുവാനിഹകാരണം
ഉരസിയെന്നുടെരിക്കനലായിട്ടും
ശരമിതാചൊരിയുന്നിതുമന്മഥൻ. (൧൦)

ആ പ്രിയജനത്തിന്റെ വാൎത്തപോലും കേൾക്കുന്നില്ല. ഞാൻ എത്രകാലം ഇങ്ങിനെ മൃതപ്രായയായി ജീവിച്ചിരിക്കണം. നിൎദ്ദയനായ കാമൻ എന്റെ പ്രാണങ്ങളെ അപഹരിക്കുന്നതുമില്ലല്ലൊ.

[എന്ന മോഹിക്കുന്നു]

സഖിമാർ. [ശോകാവേഗത്തോടെ]

പ്രിയസഖി! ആശ്വസിക്കു. ആശ്വസിക്കു.

[ഹിമജലം തളിച്ചു താമരയിലകൊണ്ടു വീശുന്നു]

ദ്വിവിദൻ.

അയ്യോകഷ്ടം ! ഇവളുടെ വ്യസനം കണ്ടിട്ട എൻെറ ഹൃദയം പിളരുന്നു. ഇവളുടെ ജീവനാഥൻ വളരെ നിർദ്ദയനാണ നിശ്ചയം. അല്ലെങ്കിൽ ഈ പ്രേമാധിക്യത്തെ അവൻ അറിഞ്ഞിട്ടില്ലെന്നും വരാം.

സുഭദ്ര. [അല്പം ആശ്വസിച്ചിട്ട കാമദേവനെ ഉദ്ദേശിച്ച]

പഞ്ചാസ്ത്രനല്ലഭഗവാൻകപടേനലോകം
വഞ്ചിപ്പതിന്നുപറയുന്നിതുന്തനമേവം
നെഞ്ചില്ലൊഴിപ്പതിനിവണ്ണമസംഖ്യബാണം
പഞ്ചായുധന്നുവരുവാനവകാശമുണ്ടൊ ? (൧൧)
മന്മഥനെന്നുപരക്കെ
സമ്മതമാകുന്നമൂലമിതുകാലം
തന്മഥനത്തിനെതൃത്താൽ
നന്മയിലൊരുപേരുകൂടിവരുമെല്ലൊ. (൧൨)

അതിനാൽ ആ വീരപുരുഷനോടെതൃക്കുവാനും അബലയായ എൻെറ പ്രാണങ്ങളെ പ്രിയദശ്ശനംവരെ എങ്കിലും അപഹരിക്കാതിരിക്കാനും ഞാൻ വന്ദിക്കുന്നു.

[വിവശതഭാവിച്ചിട്ട]

ആ ! ഹാ ! കുസുമായുധന്ന ആശ്രിതന്മാരിൽ പോലും വാത്സല്യമില്ലല്ലൊ.

പേമഴപോൽശരമിപ്പോ
ളാമയമേറീട്ടമെൻെറതനുവിങ്കൽ
സീമവെടിഞ്ഞുചൊരിഞ്ഞി
ക്കാമനഹോഹന്തമാംചതിക്കുന്നു. (൧൩)

[എന്നു കരയുന്നു]

സഖിമാർ.

സഖി ! കരയരുതെ ! കരയരുതെ ! ആ മഹാപുരുഷനോട്ടചേരുവാൻ ദൈവം നിനക്കുടനെ സംഗതി വരുത്തും. കുറച്ചു ക്ഷമിക്കുക.

ദുർവ്വിദഗ്ദ്ധൻ.

ഈ ദുഷ്ടകളായ സഖികൾ ഏവനെന്നു സ്പഷ്ടമായി പറയുന്നില്ലല്ലൊ. ഇനി ഏതു വിധം അറിയുന്നു. സമയവുംപോകുന്നു.

സുഭദ്ര.

മഹത്തായിരിയ്ക്കുന്ന സന്താപത്തെ എങ്ങിനെ സഹിയ്ക്കും?

കലാവതി.

സഖി സുശീലെ! സുഭദ്രയുടെ ശോകം മേല്ക്കുമേൽ വൎദ്ധിച്ചു വരുന്നു. നമ്മുടെ പ്രയത്നത്താൽ ഒരു ഫലവും കാണുന്നില്ല. അതിനാൽ നീ പോയി ഇവളാൽ എഴുതപ്പെട്ടിരിയ്ക്കുന്ന ആ പ്രിയസഖന്റെ ചിത്ര പടത്തെ എടുത്തു വേഗത്തിൽ വരണം.

സുശീല.

അങ്ങിനെതന്നെ. [പോയി]

ദുർവ്വിദഗ്ദ്ധൻ.

ആകട്ടെ. ഇതു കണ്ടാൽ കാൎയ്യം അറിയാം. എഴുതുന്ന സമയം മഹാരാജാവ കല്പിച്ചപ്രകാരം ഇവളുടെ അന്തൎഗ്ഗതത്തിന്റെ സൂക്ഷ്മമറിവാൻ ഇപ്പോൾ സംഗതിവരുമെന്നു തോന്നുന്നു.

സുശീല. [വേഗത്തിൽചിത്രപടത്തോടുകൂടി പ്രവേശിച്ചിട്ട, സുഭദ്രയുടെ കയ്യിൽ കൊടുക്കുന്നു.]

സുഭദ്ര. [വാങ്ങുന്നു.]

കലാവതി.

സഖി! ഇനി ഈ ചിത്രത്തിലുള്ള ജീവനായകനെ നോക്കി നിന്റെ മനസ്സിനെ കുറെ വിനോദിപ്പിയ്ക്കുക.

സുഭദ്ര. [ചിത്രപടം നോക്കുന്നു]

ദുർവ്വിദഗ്ദ്ധൻ.

എന്റെ സ്ഥിതി ദൂരത്തായതിനാൽ നല്ലവണ്ണം കാണ്മാൻ കഴിയുന്നില്ല.

സഖി സുഭദ്രേ! നീ അദ്ദേഹത്തിന്റെ ഏതു സമയത്തെ സ്ഥിതിയാണ എഴുതിയിരിയ്ക്കുന്നതു.

കലാവതി.

അവൾ സ്വപ്നത്തിൽ പല വിധവും കാണുമെല്ലൊ, അതിൽ ഒരു സ്വഭാവമായിരിയ്ക്കാം.

സുഭദ്ര.

അല്ല. ജാഗ്രത്തിൽ കണ്ടതുതന്നെ. എന്തെന്നാൽ,

പണ്ടൊരിയ്ക്കലതിമോദമോടുമമസോദ
രേണസഹവീരനാ
മണ്ടകോൻതനയനാശ്രുതാത്മസവിധ
ത്തിൽവന്നസമയത്തിൽമാം
കണ്ടിതന്നവിടെയപ്പൊഴേസരസമ
ന്ന്യരാരുമറിയാതെതൻ
നീണ്ടനേത്രമതുകൊണ്ടുടൻപ്രണയപേ
ശലംചെറുതുനോക്കിനാൻ. (൧൭)

ദുൎവ്വിദഗ്ദ്ധൻ.

അറിയേണ്ടതറിഞ്ഞു. എന്നാൽ ഇവൾ ഭാഗ്യഹീന തന്നെ. അല്ലെങ്കിൽ നമ്മുടെ സ്വാമിയിലല്ലാതെ അൎജ്ജുനനിൽ ആഗ്രഹം ഭവിയ്ക്കുമൊ? ഇരിയ്ക്കട്ടെ, ഇനിയും എന്തെല്ലാമാണെന്ന അറിഞ്ഞിട്ടു പോകാം.

സുഭദ്ര.

ആ പ്രകൃതമാണിത.

സുശീല

ശരി തന്നെ. ആരെയോസാനുരാഗം നോക്കുന്നപോലെ തോന്നും.

കലാവതി.

സഖി! ഇതിൽ ഭവതിയേയും വസുദേവകൃഷ്ണന്മാരേയുംകൂടി എഴുതുന്നത ഈ പ്രകൃതത്തിന്ന ആവശ്യമാകുന്നു.

സുഭദ്ര.

ഇനിയ്ക്കും ഈ ബോധമുണ്ട. എന്നാൽ തരം വരായ്കകൊണ്ടു എഴുതിയില്ല.

കലാവതി.

എന്നാൽ ഇപ്പോൾ പടത്തിന്റെ പണി മുഴുവനാക്കു.

സുഭദ്ര.

എന്തൊ മനസ്സിന്ന അസ്വാസ്ഥ്യം ഭവിച്ചതുപോലെ തോന്നുന്നു. ഇപ്പോൾ എഴുതിയാൽ നന്നാവുന്നതല്ല.

കലാവതി.

അങ്ങിനെ ശങ്കിയ്ക്കാനില്ല. അതു പേടിയാണ.

സുഭദ്ര.

പരീക്ഷിച്ചുനോക്കാം. സുശീല പോയി ചായങ്ങളും തൂലികകളും കൊണ്ടുവരു.

സുശീല.

അങ്ങിനെ തന്നെ. [പോയി]

ബുദ്ധിദഗ്ദ്ധൻ. [ചിത്രപടത്തെ നല്ലവണ്ണം സൂക്ഷിച്ചുനോക്കീട്ട]

ഈ കന്യകയുടെ ചിത്രകലാവൈദഗ്ദ്ധ്യം അതിശയനീയം തന്നെ. ഇതു കണ്ടാൽ സാക്ഷാൽ അൎജ്ജുനൻ തന്നെ നില്ക്കുകയാണെന്നു തോന്നും.

കലാവതി.

ഇപ്രകാരം സൎവ്വഗുണസമ്പന്നനായിരിയ്ക്കുന്ന പുരുഷനിൽ അത്യാസക്തി ഭവിച്ചതുകൊണ്ട ഭവതി വിശേഷിച്ചും ഭാഗ്യവതി തന്നെ.

സുഭദ്ര.

അനുരാഗം ഭവിച്ചതുകൊണ്ടു മാത്രം ഭാഗ്യവതിയായൊ ?

കലാവതി.

പുഷ്പിച്ചാൽ കായ്ക്കാതിരിയ്ക്കുമൊ ?

സുഭദ്ര. [ചിത്രത്തിലുള്ള വല്ലഭനെനോക്കീട്ട, പ്രേമപാരവശ്യത്തോടെ]

അയി പ്രാണനായക !

സൂക്ഷിച്ചീടുകിലല്പമൊന്നുചെറുതായ്
തെല്ലങ്ങുസംഫുല്ലമായ്
പക്ഷ്മത്താലതിരമ്യമായ്സരസിജം
പോലേററവുംകാന്തമായ്

സാക്ഷാൽപ്രേമരസംനിറഞ്ഞുവഴിയും
ചക്ഷുസ്സിനാലീവിധം
വീക്ഷിയ്ക്കുന്നതുമെന്തിനിന്നുസരസം
മാരന്നുമോദത്തിനോ ? (൧൭)

കലാവതി.

അല്ല. നിനക്കു മോദത്തിനാണ.

ദുർബ്ബുദ്ധൻ.

ഈ സഖി സമത്ഥതന്നെ. ഉത്തരം ഉചിതമായി.

സുഭദ്ര. [ലജ്ജിയ്ക്കുന്നു]

കലാവതി.

സഖി! ലജ്ജിയ്ക്കേണ്ട, ചിത്രഗതനായ പ്രിയതമനെ നോക്കിക്കൊണ്ടാത്മാവിനെ വിനോദിപ്പിയ്ക്കുക.

സുഭദ്ര.

സഖി കലാവതി!
മനോരഥശതങ്ങളാൽമനമെരിഞ്ഞുവാഴ്കംവിധൌ
വിനോദമിതുമൂലമായ്മമനിനയ്ക്കിലെന്തുള്ളതും.
അനാരതമബാധമായ് [എന്നു ലജ്ജയാൽ വിരമിയ്ക്കുന്നു]

കലാവതി.

സഖി! സുഭദ്രേ! നീ എന്നെ അന്യയായിട്ടു വിചാരിയ്ക്കുന്നുവൊ? ലജ്ജയെ വിട്ടു മുഴുവനും പറയുക.

സുഭദ്ര. [പണിപ്പെട്ടു]

ദയിതനോടചേന്നേററവും
മനോഭവവിലാസമാന്മരുവീടിലാനന്ദമാം. (൧൮)

സുശീല. [അല്പം വിഷാദഭാവത്തോടെ പ്രവേശിച്ചു, കലാവതിയോട സ്വകാൎയ്യമായിട്ടു]

സഖി! നമ്മുടെ സുഭദ്രയെ ദുൎയ്യോധനന്നു കൊടുക്കുവാൻ ആൎയ്യനായിരിയ്ക്കുന്ന ബലഭദ്രസ്വാമി നിശ്ചയിച്ചിരിയ്ക്കുന്നു എന്നു ഉദ്യാനപാലികയായ ഭ്രമരിക ഇപ്പോൾ എന്നോടു പറഞ്ഞു.

ഞാൻ അതു കേട്ട വ്യസനിച്ച ചായമെടുക്കുവാൻ പോകാതെ ഇവിടക്കു വരികയാണ ചെയ്യുത.

കലാവതി [സ്വകാൎയ്യമായിട്ട]

ആരാകുന്നു ഭ്രമരികയോട പറഞ്ഞത ?

സുശീല.

രേവതീ ദേവിയുടെ സഖിയാണത്രെ.

കലാവതി.

എന്നാൽ സത്യമായിരിക്കാം. എങ്കിലും അനുജന്ന അഹിതമായിട്ട ജ്യേഷ്ഠനും സോദരിയുടെ ഹിതമറിയാതെ അനുജനും ഒന്നും പ്രവൃത്തിക്കുക പതിവില്ല.

സുശീല.

പതിവിപ്പോൾ ഭേദപ്പെട്ടിരിക്കാം.

കലാവതി. [ബദ്ധപ്പെട്ട]

ആൎയ്യനായ കൃഷ്ണനും സമ്മതിച്ചുവൊ ?

സുശീല.

ആദിയിൽ വളരെ തടസ്ഥം പറഞ്ഞുവെങ്കിലും ജ്യേഷ്ഠന്റെ നിൎബ്ബന്ധത്താൽ പിന്നെ ഒരു വിധം സമ്മതിച്ചുവത്രെ.

കലാവതി.

കഷ്ടം ! കഷ്ടം ! !

കേട്ടീടിലിക്കഥലവംമമതോഴിയിപ്പോൾ
ഞെട്ടിഭ്രമിക്കുമതിനില്ലവികല്പമല്പം
ഇഷ്ടംവരുത്തുവതിനുള്ളൊരുസോദരൻതൻ
മട്ടൊന്നുമാറിസഖി ! കഷ്ടമിതെന്തുചെയ്യാം. (൧൭)

ദുൎവ്വിദഗ്ദ്ധൻ.

ഈ സഖിമാർ തമ്മിൽ കന്യക കേൾക്കാതെ എന്താണ പറയുന്നത ? മുഖഭാവംകൊണ്ട ഒരു വ്യസന വൎത്തമാനംപോലെ തോന്നുന്നു. അൎജ്ജുനന്ന വല്ല ആപത്തും നേരിട്ടിരിക്കുമൊ ? അല്ലെങ്കിൽ ഇവളെ മറയ്ക്കുവാൻ കാരണമെന്ത ?

സുഭദ്ര. [ശോകത്തോടെ, ആത്മഗതം]

എന്നോടെന്തുംമടിക്കാതിതുവരെയുരയ്ക്കുന്ന

ന്നന്യോന്യംചേൎന്നിവണ്ണംനിഭൃതമിഹ
വിഷാദേനയെന്തോതിടുന്നു ?
മുന്നംതീൎത്ഥങ്ങളാടുന്നതിനതികുതുകം
പോയമൽപ്രാണനാഥൻ
വന്നീലിന്നുംവിപത്തെൻദയിതനുവഴി
മേൽവല്ലതുംസംഭവിച്ചോ ? (൫൮)

സഖിമാരെ ! നിങ്ങൾ എന്നെ ഉദ്ദേശിച്ചു എന്തോ പറയുന്നപോലെ തോന്നുന്നു.

ദുൎബ്ബുദ്ധി.

ഇപ്പോൾ കാൎയ്യം എനിയ്ക്കും കേൾക്കാമെല്ലൊ.

സഖിമാർ.

വിശേഷിച്ചൊന്നുമല്ല.

സുഭദ്ര.

വിശേഷിച്ചൊന്നുമല്ലെങ്കിൽ വേണ്ട. നിങ്ങൾ പറഞ്ഞിരുന്നതു പറയരുതെ.

സഖിമാർ.

പറവാൻമാത്രം ഒന്നുമില്ല.

സുഭദ്ര [ആത്മഗതം]

നിൎബ്ബന്ധിച്ചിട്ടും ഇവർ മടിയ്ക്കുന്നതു കാണുമ്പോൾ ഞാൻ ശങ്കിച്ച കാൎയ്യം തന്നെ ആണെന്നു തോന്നുന്നു. അല്ലെങ്കിൽ ചായമെടുക്കുവാൻ പോയ സുശീല അതെടുക്കാതെ വ്യസനത്തോടു കൂടി മടങ്ങി വരുവാൻ കാരണമെന്തു ?

സുശീല. [സുഭദ്രയെനോക്കി സ്വകാൎയ്യമായിട്ടു]

സഖി ! കലാവതി ! ഇനി പറയാതെ കഴിയുമെന്നു തോന്നുന്നില്ല. ഇവളുടെ പ്രകൃതം മാറിക്കാണുന്നു.

കലാവതി.

പറയുകതന്നെ- എപ്പോഴെങ്കിലും ഇവൾ അറിഞ്ഞു വ്യസനിയ്ക്കും. അതു ഇപ്പോഴായാൽ നമുക്കു വല്ല വിധവും ആശ്വസിപ്പിയ്ക്കാമെല്ലൊ.

സുഭദ്ര [ഗൽഗദത്തോടെ]

സഖിമാരെ! എന്തുകാൎയ്യമായാലും എന്നോട വേഗത്തിൽ പറയുവിൻ. പലതും ശങ്കിച്ച് എന്റെ ഹൃദയം തകരുന്നു.

ദുൎമ്മിദഗ്ദ്ധൻ.

ചോദിയ്ക്കിലുംകന്യകകാൎയ്യമേററവും
മോദിച്ചുചൊല്ലുന്നതുമില്ലതോഴിമാർ
വാദിപ്പതിന്നില്ലിതുനാഗകേതനൻ
മോദിപ്പതിന്നുള്ളൊരുമൂലമായ്വരും. (൧൯)

സഖിമാർ.

സഖി! വ്യസനിയ്ക്കുവാനൊന്നുമില്ല പറയാം.

[വളരെ പണിപ്പെട്ട]

ബലഭദ്രകൃഷ്ണന്മാർ ഭവതിയെ ദുൎയ്യോധനന്ന കൊടുക്കുവാൻ നിശ്ചയിച്ചതായി കേട്ടു.

സുഭദ്ര [മൂൎച്ഛിക്കുന്നു]

സഖിമാർ [താപോദ്വേഗത്തോടെ]

സഖി! ആശ്വസിയ്ക്കു ആശ്വസിയ്ക്കു!

ദുൎമ്മിദഗ്ദ്ധൻ [സന്തോഷത്തോടെ]

കന്യകയെ കൊടുക്കുവാൻ നിശ്ചയിച്ചുവൊ! നന്നായി. അദ്ദേഹത്തിന്റെ മനോരഥം സഫലമാകുമല്ലൊ.

[ഈൎഷ്യയോടെ]

അതിന്ന ഈ കുലടകൾ വ്യസനിക്കുന്നതെന്തിനാകുന്നു? സുഭദ്ര ദുഃഖിയ്ക്കുന്നത അൎജ്ജുനനിലുള്ള അഭിനിവേശംകൊണ്ടായിരിയ്ക്കാം. ഇവരുടെ വ്യസനഭാവം കണ്ടപ്പോൾ അവന്റെ കഥ കഴിഞ്ഞിരിയ്ക്കുമെന്ന ഞാൻ വിചാരിച്ചു. ഇല്ലെങ്കിലും വൈഷമ്യമില്ല. ബലഭദ്രസ്വാമി നിശ്ചയിച്ച കാൎയ്യത്തിന്ന ഇളക്കം ഉണ്ടാകുമൊ?

സുഭദ്ര [അല്പം ആശ്വസിച്ചിട്ട]

കഷ്ടം! കഷ്ടം!

മോഹാവേശാലിവണ്ണംസതതമിഹതപി
യ്ക്കുന്നഞാനെന്നതെന്നിൽ
സ്നേഹംപാരംപെരുക്കുന്നൊരുസഹജനമി
ന്നുള്ളിലോൎക്കാതെതെല്ലും

സാഹങ്കാരംവസിയ്ക്കുംകുരുവരനുകൊടുത്തീ
ട്ടുവാനോർത്തതോർത്താൽ
ഹാ! ഹാ! മദ്ദുർവ്വിപാകം ശിവ! ശിവ! പറവാ
നാക്കുമിന്നാവതല്ലേ. (൨൦)
അഹഹ! ബഹുവിധത്തിൽസ്നേഹമോടെന്നെലാളി
ച്ചഹിതമിതുവരുത്താൻഭൈഷ്മിയുംസമ്മതിച്ചോ.

[അനന്തരം ധ്യാനിച്ച്, ദീർഘമായി നിശ്വസിച്ചിട്ടു]

മഹിതസുഗുണരാശെ! കാന്തമററാരുമില്ലീ
മഹിയിലിനിനിനച്ചാലിന്നസാഹായ്യമയ്യോ. (൨൧)

[വിലപിയ്ക്കുന്നു]

സഖിമാർ [പശ്ചാത്താപത്തോടെ]

സഖി! നീ മൂഢകളെപ്പോലെ കരയുന്നതെന്താണ? ധൈര്യത്തോടെ ഇരിയ്ക്കുക. മനോരഥസിദ്ധിയ്ക്കു എന്തെങ്കിലും വഴിയുണ്ടാക്കാം.

[അണിയറയിൽ]

കുമാരിയെ കാണ്മാൻ രുഗ്മിണീദേവി എഴുന്നെള്ളുന്നുണ്ട.

സുഭദ്ര [ചെവി കൊടുത്തിട്ട, പരിഭ്രമത്തോടെ]

ഭ്രമരികയുടെ വാക്കാണിത. സഖി കലാവതി! ഈ ചിത്രപടം എവിടെ എങ്കിലും മറച്ചു വയ്ക്കുക.

[സുശീലയോട]

സഖി! ശീതോപചാരത്തിന്ന കൊണ്ടുവന്ന സാധനങ്ങൾ ഇവിടെനിന്നും വേഗം മാററുക.

[രണ്ടുപേരും അപ്രകാരം ചെയ്യുന്നു]

സുഭദ്ര. [ആത്മഗതം]

ആര്യയായ രുഗ്മിണി ഇപ്പോൾ എന്തിനാണ വരുന്നത? വിവാഹകാര്യം എന്നോട പറയുവാനായിരിയ്ക്കുമൊ?

ദുർവ്വിദഗ്ദ്ധൻ.

ഈ സ്ത്രീകളുടെ സാമത്ഥ്യം അതിശയിയ്ക്കത്തക്കതുതന്നെ. ഇതുവരെ ഇവിടെ എന്തെല്ലാം കലാപമായിരുന്നു. ഇപ്പോൾ ക

ണ്ടാൽ ഇങ്ങിനെ ഒരു കഥ കൂടി ഇവർ അറിഞ്ഞിട്ടില്ലെന്നു തോന്നും. ആകട്ടെ, രുഗ്മിണീദേവി വരുന്നത വിവാഹം നിശ്ചയിച്ചത കന്യകയോട പറവാനാണ. സംശയമില്ല. അതിന്ന ഇവൾ എന്ത മറുവടി പറയും എന്നുകൂടി അറിഞ്ഞിട്ട പോകാം.

[അനന്തരം രുഗ്മിണിയും സഖിയും പ്രവേശിക്കുന്നു]

[സുഭദ്രയും സഖിമാരും സവിനയം ഉപചരിക്കുന്നു]

രുഗ്മിണി. [സുഭദ്രയെ കണ്ടിട്ട, ആത്മഗതം]

കഷ്ടം! കഷ്ടം!

ചെന്താമരപ്പൂവിനുതാപമേകും
ചന്തംകലൎന്നോരിവൾതൻെറവക്ത്രം
എന്തിന്നുബന്ധംവെയിൽകൊണ്ടപാരം
വെന്തോരശോകത്തളിർപ്പോലെയാവാൻ ? (ഢ.ഢ)

[ആലോചിച്ചിട്ട]

ദുഷ്ടനാംധാൎത്തരാഷ്ട്രന്നായ്തുഷ്ടിയോടെകൊടുക്കുവാൻ
ജ്യേഷ്ഠൻകല്പിച്ചവൃത്താന്തംകേട്ടിട്ടിവൾതപിക്കയാം.

എന്നാൽ ഇങ്ങിനെ വരും; ഈ വ്യസനം ഞാൻ നല്ലവണ്ണം അറിഞ്ഞിട്ടുണ്ട.

പണ്ടെന്നെശ്ശിശുപാലന്നായ്കൊണ്ടേകാൻസഹജന്നഹോ
ഉണ്ടായഭാവംകണ്ടിട്ടന്നിണ്ടലെത്രുളുജിച്ചുഞാൻ ? (ഢ൯)

കേൾക്കുമ്പോൾ ഇത്ര തപിച്ചാൽ വേൾക്കുമ്പോളെത്ര വേണ്ടിവരും ?

[പ്രകാശം]

ഭദ്രേ! നീ എന്താണിപ്രകാരം ക്ഷീണയായി ഭവിച്ചത ? നിന്നെക്കണ്ടാൽ ശരീരത്തിന്നൊ മനസ്സിന്നൊ വലുതായ സുഖക്കേടുണ്ടെന്ന തോന്നുമല്ലൊ.

സുഭദ്ര. [ആത്മഗതം]

എല്ലാകാൎയ്യവുമറിഞ്ഞിട്ടാണ അറിയാത്ത വിധത്തിൽ ചോദിക്കുന്നത. ആകട്ടെ.

[പ്രകാശം]

ഗുരുജനമെന്നിലിവണ്ണം
കരുണകലൎന്നനേരംചരിക്കുമ്പോൾ
കരുതുകിലെന്തവകാശം
വരുവതിനെൻചിത്തകാമ്പിലാതങ്കം ? (൨൭)

രുഗ്മിണി. [സ്വഗതമായിട്ടു]

സഖി! ലീലാവതി! ഇവൾ പറയുന്നതു സ്നേഹസൂചകമായിട്ടാകുന്നു എങ്കിലും ആന്തരത്തിൽ എല്ലാവരിലും പരിഭവിച്ചിട്ടാണ.

ലീലാവതി. [സ്വഗതമായിട്ടു]

അതു കുമാരിയുടെ കുററമല്ല. പുറമെ നടന്ന കഥകൾ കേൾക്കുന്നതുകൂടാതെ നിങ്ങൾ മനസ്സിൽ കരുതുന്നതു ഇവൾ എങ്ങിനെ അറിയും ?

രുഗ്മിണി.

ശരിതന്നെ. [പ്രകാശം]

അയി ഭദ്രെ !

ചിത്തത്തിലാൎത്തിചെറുതെങ്കിലുമില്ലയെന്നാ
ലത്യന്തമീപ്രകൃതികോമളമാംശരീരം
അത്യുഗ്രമായവെയിൽകൊണ്ടടനേറവാടും
പുത്തൻതുണാളസമമാവതിനെന്തുബന്ധം ? (൨൮)

സുഭദ്ര. [സഖിമാരോട സ്വഗതമായിട്ടു]

വളരെ യത്നിച്ചിട്ടും എന്റെ ആകാരവികാരങ്ങളെ മറയ്ക്കുവാൻ ഞാൻ ശക്തയായി ഭവിച്ചില്ലല്ലൊ. ഇതിനെന്തുത്തരമാണ പറയേണ്ടതു ?

കലാവതി. [സ്വഗതമായിട്ടു]

സഖി! ദേവി വളരെ വിദഗ്ദ്ധയാണ. നിന്റെ ഹൃദയശല്യം അല്പം സൂചിപ്പിച്ചാൽ ഒരു സമയം വല്ല നിവൃത്തിയും ഉണ്ടാവാം.

സുശീല. [സ്വഗതമായിട്ടു]

ശരിതന്നെ.

സുഭദ്ര.

അതിന്ന ലജ്ജ എന്നെ തടുക്കുന്നു.

സഖിമാർ.

ദേവിയോടങ്ങിനെ വിചാരിപ്പാനില്ല.

സുഭദ്ര. [പ്രണിപ്പെട്ടു, പ്രകാശം]

എല്ലാമറിയാമവിടെചൊല്ലീടാനില്ലതെല്ലുമതുമൂലം
നല്ലതിനിയ്ക്കുവരുത്താനല്ലോചൊല്ലാനിങ്ങൾതുനിയേണ്ടു ॥

രുഗ്മിണി. [സ്വാകാര്യമായിട്ടു]

സഖി! ലീലാവതി! ഇതു കേട്ടില്ലെ? ഇവൾ ഇത്രയും പറയണമെങ്കിൽ താപം എത്ര ദുസ്സഹമായിരിയ്ക്കണം! അദ്ദേഹം ഇതൊക്കെയും കാലെ ആലോചിച്ച തന്റെ സ്നേഹിതനും ഇവൾക്ക അതിപ്രിയനും ആയിരിയ്ക്കുന്ന അൎജ്ജുനന്ന കൊടുക്കുവാൻ വേണ്ട ഉപായങ്ങൾ കണ്ടിരിയ്ക്കുന്നുവല്ലൊ. വളരെ ബുദ്ധിമാൻ തന്നെ.

ലീലാവതി. [സ്വാകാര്യമായിട്ടു]

സംശയമുണ്ടൊ? എങ്കിലും ഇപ്പോൾ വല്ലവിധവും ഇവളെ അല്പം ആശ്വസിപ്പിയ്ക്കണം. അല്ലെങ്കിൽ കഷ്ടമാണ.

രുഗ്മിണി. [പ്രകാശം]

ഖേദിയ്ക്കൊലാമാധവിനിന്നഭീപ്സിതം
ബോധിയ്ക്കുടോമൽപ്രിയനാശുനല്കിടും
മോദിയ്ക്കുനിൻസോദരനുള്ളനാൾനിന
ക്കാധിയ്ക്കുകേളില്ലൊരുകാരണംദൃഢം. (വം)

ദുൎവ്വിദഗ്ദ്ധൻ. [ഈൎഷ്യയോടെ]

ഇവളുടെ വരവ നമ്മുടെ സ്വാമിയ്ക്കു ഉപകാരമായി തീരുമെന്ന ശങ്കിച്ചിരുന്നു. എന്നാൽ അപകാരമായിട്ടാണ ഭവിച്ചത. അല്ലെങ്കിൽ മഹാനുഭാവന്മാരായിരിയ്ക്കുന്ന ബലഭദ്രകൃഷ്ണന്മാർ തീൎച്ചയാക്കിയ കാൎയ്യത്തിന്ന വിഘ്നംചെയ്വാൻ ഇവളാൽ സാദ്ധ്യമൊ? ഇത അഹങ്കാരത്തിന്റെ ആധിക്യം തന്നെ.

സുഭദ്ര. [സാകാൎയ്യമായിട്ട]

സഖിമാരെ ! ആൎയ്യ ഇങ്ങിനെ പറഞ്ഞത എനിക്ക മനസ്സമാധാനത്തിന്നായിരിക്കുമൊ ?

സഖിമാർ.

എന്നാൽ ഇത്ര നിശ്ചയമായി പറയുകയില്ല.

സുഭദ്ര. [വിനയത്തോടെ പ്രകാശം]

സതിമാരുടെമാനസംനിനച്ചാ
ലതിമാത്രംസുകുമാരമെന്നസിദ്ധം
അതിനാൽതവദീനവത്സലത്വം
ചിതമല്ലോമതിയിങ്കലിന്നിവണ്ണം. (൮൯)

രുഗ്മിണി. [സ്നേഹത്തോടെ]

അയി ഭദ്രെ !

ചൂടകന്നവെയിൽതന്നടെയിപ്പോ
ളാടൽതീൎന്നിനിനമുക്കുഗമിക്കാം
മോടിചേൎന്നതവഗേഹമതിങ്കൽ
കേടകന്നസുഖമാൎന്നുവസിക്കാം. (൯൦)

സുഭദ്ര.

ഇവിടത്തെ ഹിതംപോലെ.

ദ്ധ്വിദഗ്ധൻ.

ഇവരൊക്കെ യാത്രയായി. ഇനി ഈ സന്തോഷവൎത്തമാനത്തെ മഹാരാജാവിനോടുണൎത്തിപ്പാൻ വേണ്ടി ഞാനും പോവുക തന്നെ.

[എല്ലാവരും യഥോചിതം പോയി]

മൂന്നാമങ്കം കഴിഞ്ഞു.

സുഭദ്രാൎജ്ജുനം.

ഭാഷാനാടകം.

നാലാമങ്കം.

പൂൎവ്വാംഗം.

അനന്തരം പൂപറിയ്ക്കുന്ന നാട്യത്തോടെ സുശീല പ്രവേശിയ്ക്കുന്നു.

സുശീല.

പ്രിയ സഖിയായിരിയ്ക്കുന്ന സുഭദ്രയ്ക്കു ശ്രേയസ്സിന്നു വേണ്ടിയാകുന്നു ഈ പ്രയത്നമൊക്കയും. ആ വിശിഷ്ടനായിരിയ്ക്കുന്ന യോഗി അവളിൽ പ്രസാദിച്ചുവെങ്കിൽ നന്നായിരുന്നു.

അണിയറയിൽ.

ആരാണു ഉദ്യാനത്തിൽ കടന്നു പൂവ്വൊക്കെ പറിച്ചു നാശമാക്കുന്നത ?

സുശീല. [കേട്ടതായി ഭാവിച്ചു]

ആര ! ഭ്രമരികയൊ ? സഖി ! ഇവിടയ്ക്കു വരു.

ഭ്രമരിക. [പ്രവേശിച്ചു]

സഖി ! മുഷിയരുതെ. ഞാൻ ആളെ അറിഞ്ഞില്ല.

സുശീല.

അതുകൊണ്ടെന്താണു ?

ഭ്രമരിക.

നീ താനെ വന്നു പുഷ്പമറുത്തു കളിയ്ക്കുന്നതെന്താണു ? കുമാരിയും കലാവതിയുമെവിടെ ?

സുശീല.

ഞാൻ പൂപറിയ്ക്കുന്നത കളിയ്ക്കുവാനല്ല. കന്യാഗൃഹത്തിൽ ഒരു സന്ന്യാസി വന്നിട്ടുണ്ട. അദ്ദേഹത്തിന്നു തേവാരത്തിന്നാകുന്നു. അവിടെ ശുശ്രൂഷയ്ക്കായി സുഭദ്രയെയാണു ആക്കിയിരിയ്ക്കുന്നത. കലാവതി അവൾക്കു സഹായമായി നില്ക്കുകയാകുന്നു.

ഭ്രമരിക.

ആരാണിങ്ങിനെ നിശ്ചയിച്ചത ?

സുശീല.

സഹോദരൻ തന്നെ.

ഭ്രമരിക.

ആര ? ശ്രീകൃഷ്ണസ്വാമിയൊ ?

സുശീല.

അല്ല. അല്ല. അദ്ദേഹത്തിന്നിത അത്ര രസമായിട്ടില്ല. ജ്യേഷ്ഠനാണ.

ഭ്രമരിക.

അദ്ദേഹത്തിന്ന രസമല്ലെന്ന എങ്ങിനെ അറിഞ്ഞു.

സുശീല.

കന്യകാഗൃഹത്തിൽ സന്ന്യാസിയെ പാൎപ്പിക്കേണമെന്നുള്ള ജ്യേഷ്ഠൻെറ അഭിപ്രായം അനുജനോടു പറഞ്ഞപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു.

"കല്യന്മാരെന്നുചിന്തിച്ചിവരുടെകുല
ശീലാദിയൊന്നുംധരിക്കാ-
തുല്ലാസത്തോടിവൎണ്ണംസദനമതിലിരു
ന്നീടുവാൻസമ്മതിച്ചാൽ
ചൊല്ലാംകില്ലില്ലദോഷംവരുവതിനിട
യുണ്ടാകയാലിന്നിതെല്ലാം
തെല്ലാലോചിച്ചുകല്പിക്കുകയതിയുവതീ
മന്ദിരേവന്നിരിപ്പാൻ. (൧)

അത്രയുമല്ല,

തരുണൻബഹുസുന്ദരൻയതീന്ദ്രൻ
തരളാക്ഷീമണിയിന്നുഭദ്രയോൎത്താൽ
കരുതീടുകിലിത്തരത്തിലുള്ളോ
രൊരിടത്തിൽസ്ഥിതിചെയ്വതെത്രനിന്ദ്യം." (൨)

ഭ്രമരിക.

ഇതു ശരിയാകുന്നു. എന്തെന്നാൽ കുമാരിക്കു സൌന്ദൎയ്യാദിഗുണങ്ങൾ അത്രയുണ്ട. ആകട്ടെ. ബലഭദ്രസ്വാമി പിന്നെ എന്ത കല്പിച്ചു ?

സുശീല.

" വിശിഷ്ടരിലൊരിക്കലുംകപടമെന്നതുണ്ടാകയി
ല്ലനിഷ്ടമിതുകേൾക്കിലൊട്ടവനുമുണ്ടുപാപംദൃഢം
വരിഷ്ഠമമസോദരീ,ശിവസമൻയതീന്ദ്രൻ,പരം
കനിഷ്ഠ ! തവഭാഷിതംകഠിനമെന്നറിഞ്ഞീടെടൊ. (൩)

എന്നു മാത്രമല്ല.

നന്നായ്സദാപരിചരിച്ചതിഭക്തിയോടും
സന്ന്യാസിമാൎക്കുകതുകംഹൃദയെവളൎത്തി
തന്നിഷ്ടമായവരമാശുലഭിച്ചുവാഴും
തന്വീജനങ്ങൾഉ വനത്തിലനേകമില്ലേ ? (൪)

അതിനാൽ കൃഷ്ണൻ ഇനി തടസ്ഥമൊന്നും പറയരുത. വേഗത്തിൽ ഈ സന്ന്യാസിയെ കൊണ്ടുപോയി കന്യകാമന്ദിരത്തിൽ ഇരുത്തി അദ്ദേഹത്തിന്ന യാതൊരു അപ്രിയത്തിന്നും ഇട വരുത്താതെ ശ്രദ്ധയോടു കൂടി ശുശ്രൂഷിപ്പാൻ അവളെ ഏല്പിച്ചു പോരു " എന്ന.

ഭ്രമരിക.

പിന്നെ ഇദ്ദേഹം വിരോധമൊന്നും പറയാതെ ജ്യേഷ്ഠന്റെ കല്പനയെ അനുസരിച്ചു, അല്ലെ ?

സുശീല.

ഇല്ല. ഇല്ല. അദ്ദേഹം വൈഷമ്യം ആലോചിച്ചു തുടങ്ങിയാൽ അവസാനിക്കുമൊ ? പിന്നെ ഇങ്ങിനെകൂടി പറഞ്ഞു.

ഭ്രമരിക.

എങ്ങിനെ ? പറയു. പറയു.

സുശീല.

" വേഷമൊന്നുബലമാക്കുരുതീട്ടി
യോഷതൻമണിഗൃഹത്തിലയച്ചാൽ
ശേഷമിങ്ങുഗുണമാകിലുമേററം
ദോഷമെങ്കിലുമരക്കുരുതേതും." എന്ന. (൫)

ഭ്രമരിക.

ശ്രീകൃഷ്ണസ്വാമിയുടെ ഈ അഭിപ്രായം തക്കേണ്ടതല്ല. എന്തുകൊണ്ടെന്നാൽ,

തിയ്യിൻസമീപമതിൽനൽപുതുവെണ്ണവച്ചാൽ
നെയ്യായ്ക്രമേണ വരുമെന്നതിനെന്തുവാദം
പൊയ്യല്ലിവണ്ണമിവൾതൻസവിധത്തിൽ വാസം
ചെയ്യുന്നതാകിൽയതിയുംപതിയായ്ഭവിക്കും. (൩)

ഇരിയ്ക്കട്ടെ. അനുജന്ന വിരോധമായിട്ടുകൂടി ജ്യേഷ്ഠൻ ഇത്ര നിഷ്കൎഷിയ്ക്കുന്നതെന്തിനാകുന്നു ?

സുശീല.

അല്പ ദിവസമായിട്ട സുഭദ്രയ്ക്ക നല്ല സുഖമില്ലല്ലൊ. വിശേഷിച്ച വിവാഹവും സമീപിച്ചിരിയ്ക്കുന്നു. അതിനാൽ ആ യോഗിയുടെ മംഗലകരമായ അനുഗ്രഹം വാങ്ങുവാൻ മാത്രമാണ.

ഭ്രമരിക.

ആകട്ടെ. പിന്നെ. പിന്നെ.

സുശീല.

ഇദ്ദേഹം ഒരു യോഗിയെ ഉദ്ദേശിച്ചിങ്ങിനെ പറഞ്ഞത കൊണ്ട ജ്യേഷ്ഠന്ന അശേഷം സുഖമായില്ല. അദ്ദേഹം ഭാവഭേദത്തോടെ, ‘ കഷ്ടം ! കഷ്ടം ! ഇങ്ങിനെ പറയരുത. ഇതിൽ വരുന്ന ഗുണദോഷങ്ങൾക്ക ഞാനുത്തരവാദിയാണ ’ എന്ന പറഞ്ഞു. അപ്പോൾ ആൎയ്യനായ കൃഷ്ണൻ ‘ ജ്യേഷ്ഠന്റെ കല്പനപോലെ ’ എന്ന പറഞ്ഞ ആ ഭിക്ഷുവിനെ കൊണ്ടുപോയി സുഭദ്രയുടെ ഗൃഹത്തിൽ ആക്കി വേണ്ടതെല്ലാം അവളെ ഏല്പിച്ച പോകയും ചെയ്തു.

ഭ്രമരിക.

എന്നിട്ട.

സുശീല.

അവൾ അപ്രകാരം ശുശ്രൂഷിച്ച വരുന്നു.

[പുഷ്പഭാജനത്തിൽ നോക്കീട്ട]

ഭൃംഗംമദിച്ചുതസുഗന്ധമിയന്നപുഷ്പ
സംഗത്തിനായ്ക്കുതുകമോട്ടുതുനിഞ്ഞിടുന്നു
മങ്ങാതെശോഭയൊടുമിന്നിതുകൊണ്ടുചെന്നി
ട്ടങ്ങേകുവാനഹമയേസഖി ! പോയിടട്ടെ. (൪)

ഭ്രമരിക.

എന്നാൽ അങ്ങിനെ ആട്ടെ. ഞാനും പോകുന്നു. പിന്നെ ക്കാണാം.

[രണ്ടു പേരും പോയി]

[പൂൎവ്വാംഗം കഴിഞ്ഞു.]

അനന്തരം സുഭദ്രയും ഭിക്ഷുവേഷത്തെ ധരിച്ചിരിക്കുന്ന അൎജ്ജുനനും പ്രവേശിക്കുന്നു.

അൎജ്ജുനൻ. [ആത്മഗതം]

സുഭദ്രയെ സ്മരിക്കുമ്പോൾ തന്നെ മന്മഥതാപം ദുസ്സഹമാകുന്ന സ്ഥിതിക്കു ദൎശിക്കുമ്പോൾ എങ്ങിനെ സഹിക്കും?

[സുഭദ്രയെ നല്ലവണ്ണം നോക്കീട്ട]

ലാവണ്യാതിശയേനദേവവനിതാ
രത്നങ്ങൾക്കെകുപ്പമീ
ക്കാൎവ്വേണീമണിതൻെറരൂപമമലം
കണ്ടീടിലത്യത്ഭുതം
ഈവണ്ണംരതിതൻെറഗൎവ്വമഖിലം
തീൎത്തീടുവാൻപത്മഭൂ
വാവുംവണ്ണമമന്ദകൌതുകമിദംനി
ൎമ്മിച്ചതാംനിൎണ്ണയം. (൭)

അതിരുചികലരുന്നോരംഗസൌന്ദൎയ്യമോൎത്താ
ലതിയിവൾനരയോഷാരത്നമല്ലെന്നുതോന്നും
കൃതിജനനയനത്തിന്നുത്സവംനൾകുവാനായ്
രതിപതിവിജയശ്രീവന്നിതോമന്നിലേവം. (൮)

[പ്രകാശം]

ഭദ്രെ! നീ ഇനിക്കുവേണ്ടി ഇതുവരെ ഓരോരോ പ്രവൃത്തികളിൽ ഉദ്യോഗിച്ചിരുന്നതിനാൽ ക്ഷീണിച്ചിരിക്കും. ഇനി ഇ വിടെ ഇരുന്നല്പം വിശ്രമിക്കുക.

സുഭദ്ര. [ആത്മഗതം]

ഇദ്ദേഹം എന്താണിങ്ങിനെ പറയുന്നത? ദയകൊണ്ടെങ്കിൽ

ഇവിടെത്തന്നെ ഇരിയ്ക്കേണമെന്നുണ്ടോ? ഇദ്ദേഹത്തിന്റെ ജഗന്മോഹനമായിരിയ്ക്കുന്ന രൂപംകൊണ്ടും ഈ വിധമുള്ള വാക്കുകളെക്കൊണ്ടും യതിത്വത്തിങ്കൽ തന്നെ ഇനിയ്ക്കു സംശയം ജനിയ്ക്കുന്നു.

[പ്രകാശം]

ഭഗവൻ! സുകൃതിലഭ്യമായിരിയ്ക്കുന്ന ഭവൽപാദശുശ്രൂഷണത്താൽ സുഖസമൃദ്ധിയ്ക്കല്ലാതെ ക്ഷീണത്തിന്നു കാരണമുണ്ടോ?

അൎജ്ജുനൻ.

അതില്ല. എന്നാൽ,

സുഭാഷിണിയനല്പമായ് ശ്രമമയേ
നിനക്കില്ലയേ
ന്നിരിയ്ക്കിലിതുകാലമെന്തിതിന
മലമേണേക്ഷണേ
തുഷാരജലബിന്ദുപേൎന്നധിക
കാന്തിപൂണ്ടോരുനൽ
സരോരുഹസമാനമായുവമുഖം
ഭവിച്ചീടുവാൻ! (൫൦)

സുഭദ്ര. [ആത്മഗതം]

ഈ യോഗിയുടെ ശൃംഗാരരസത്തോടു കൂടിയിരിയ്ക്കുന്ന വാക്കുകൾ എന്റെ സംശയത്തെ വൎദ്ധിപ്പിയ്ക്കുന്നു. എന്നു മാത്രമല്ല, ഇദ്ദേഹം

എന്നെക്കാണുന്നനേരംരഹസിസരഭസം
പ്രേമമോടേറെനോക്കും
പിന്നെത്തെല്ലൊന്നുചിന്തിച്ചധികവിവശനായ്
ദീൎഘമായ്നിശ്വസിയ്ക്കും
എന്നംഗംപാൎത്തുപേൎത്തുംപുളകിതതനുവായ്
തെല്ലുചൊൽവാൻശ്രമിയ്ക്കും
മന്ദംമന്ദംപണിപ്പെട്ടൊരുമൊഴിപറയും
പിന്നെമൌനംധരിയ്ക്കും. (൫൧)

എല്ലാ അവസ്ഥകൊണ്ടും ഇദ്ദേഹം നിഷ്കളങ്കനായിരിയ്ക്കുന്ന

ഒരു ഭിക്ഷുവല്ലെന്നു തോന്നുന്നു. എന്നാൽ ഓജസ്സിനാൽ ഒരു മഹാപുരുഷൻ എന്നുമാത്രം ഊഹിയ്ക്കാം. ഇതിന്റെ സത്യസ്ഥിതി എങ്ങിനെ അറിയും ?

[ആലോചിച്ചിട്ട]

കുറെ സമയം സംസാരിച്ചു എങ്കിൽ വല്ല വിധവും അറിവാൻ തരമാകും. ഇപ്പോൾ കൃത്യങ്ങൾ ഒക്കെ നിവൃത്തിച്ചു സ്വസ്ഥമായിരിയ്ക്കുന്ന സമയവുമാണല്ലോ.

[അല്പം സമീപത്തിൽചെന്നു മൌനത്തെ അവലംബിച്ചു നില്ക്കുന്നു]

അൎജ്ജുനൻ. [ആത്മഗതം]

ഇവൾ എന്തോ പറയുവാൻ ഉദ്യോഗിച്ചു ലജ്ജയാൽ നിവാരിതയായതുപോലെ തോന്നുന്നു. എന്തെന്നാൽ,

സുന്ദരിനിന്നൊരുദിക്കതിൽ
നിന്നുടനേമിന്നൽപോലെയൊന്നിളകി
വന്നിഹസന്നതമുഖിയായ്
നിന്നീമണ്ണിൽപദേനയെഴുതുന്നു. (൨൨)

[പ്രകാശം]

യതിയാമഹമിന്നുമോഹനേനിൻ
മതിവൈചിത്ര്യവശാൽനിനക്കധീനൻ
ഹിതമെന്തയിചൊൽകനീമടിക്കാ
തിതുകാലംസുകുമാരി!സുഭ്രു!ബാലെ! (൨൩)

കലാവതി. [പ്രവേശിച്ചു]

ഭഗവൻ! യതീശ്വര! ഭവല്പാദപത്മം കണ്ടു വന്ദിപ്പാൻ ആൎയ്യന്മാരായ ബലഭദ്രകൃഷ്ണന്മാർ വന്നുസമയം കാത്തുനില്ക്കുന്നു.

അൎജ്ജുനൻ.

[അല്പം വൈവൎണ്യത്തോടെ ആത്മഗതം]

ഹതവിധി! ഇതിന്നുകൂടി അനുവദിയ്ക്കുന്നില്ലല്ലൊ! കഷ്ടം!

[പ്രകാശം]

വേഗം വരുവാൻ പറയുക.

കലാവതി.

അങ്ങിനെതന്നെ. [പോയി]

സുഭദ്ര.

[അല്പം പിൻഭാഗത്തേ ക്കു മാറി നില്ക്കുന്നു.]

ബലഭദ്രകൃഷ്ണന്മാർ.

[പ്രവേശിച്ചു അൎജ്ജുന നെ നമസ്കരിക്കുന്നു]

അൎജ്ജുനൻ.

നിങ്ങൾ വിജയികളായി ഭവിക്കട്ടെ! ഇപ്പോൾ വരുവാൻ വിശേഷിച്ചു വല്ലതുമുണ്ടൊ?

ബലഭദ്രർ.

ഞങ്ങൾ അന്തർദ്വീപത്തിങ്കൽ ഉത്സവത്തിന്നായി പുറപ്പെട്ടിരിക്കുന്നു. എന്നാൽ തൃപ്പാദപങ്കജം കണ്ടുവന്ദിച്ചു പോയാൽ കൊള്ളാമെന്നാണു താല്പൎയ്യം.

അൎജ്ജുനൻ.

സന്തോഷമായി. നിങ്ങൾക്കു മേൽക്കുമേൽ ശ്രേയസ്സുഭവിക്കും. സുഖമായി പോയി വരുവിൻ.

കൃഷ്ണൻ.

സുഭദ്ര ശിശുവാണ. വേണ്ടതുപോലെ പറഞ്ഞുകൊണ്ടു നടക്കുവാനുള്ള ഭാരം അവിടത്തെന്നെയാകുന്നു.

അൎജ്ജുനൻ. [ആത്മഗതം]

ഈ വാക്കു ഇദ്ദേഹം പറഞ്ഞതാകയാൽ സംശയത്തിന്നിടയായിതീൎന്നു.

[അല്പം മന്ദഹാസത്തോടെ പ്രകാശം]

അങ്ങിനെ തന്നെ.

ബലഭദ്രർ. [സുഭദ്രയെ നോക്കീട്ടു]

വത്സേ! നീ എല്ലാസമയവും ഇവിടെ ഉണ്ടായിരിക്കണം. ഈ യോഗീശ്വരന്നു ഒരു ബുദ്ധിമുട്ടിന്നും ഇടവരുത്തരുത.

സുഭദ്ര.

ജ്യേഷ്ഠന്റെ കല്പനപോലെ.

കൃഷ്ണൻ. [ആത്മഗതം]

ജ്യേഷ്ഠന്റെ ശുദ്ധത നോക്കു.

[പ്രകാശം]

ഇവിടെ നോം പറയേണ്ടതൊന്നുമില്ല. വേണ്ടതുപോലെ അദ്ദേഹംതന്നെ പ്രവൃത്തിപ്പിച്ചുകൊള്ളും.

ബലഭദ്രർ.

ഞങ്ങൾ പോകുന്നു. ഉത്സവം കഴിഞ്ഞ വേഗത്തിൽ വന്നോളാം.

[പോയി]

അൎജ്ജുനൻ.

ഉത്തമേതത്രനിന്നിപ്പോളത്രവന്നിട്ടുസത്വരം
നിസ്ത്രപംമമചോദ്യത്തിനുത്തരംനീകഥിക്കെടൊ. (൧൮)

സുഭദ്ര.

[ലജ്ജയാൽ അധോമുഖിയായി നില്ക്കുന്നു]

അൎജ്ജുനൻ.

[സുഭദ്രയെനല്ലവണ്ണം നോക്കീട്ടു, ആത്മഗതം]

തനിച്ചുപുഷ്പാസ്ത്രനനംഗനെങ്കിലും
ജയിച്ചുലോകത്രയമീസ്സുഭദ്രയാൽ
ലഭിച്ചതില്ലിങ്ങിവൾതന്നെയെങ്കിലോ
ഭവിച്ചുജന്മംമമനിഷ്ഫലംധ്രുവം. (൧൯)

[കണ്ണടച്ചു, ദുസ്സഹമായിരിക്കുന്ന മന്മഥതാപത്തോടെ സ്ഥിതി ചെയ്യുന്നു]

സുഭദ്ര. [നോക്കീട്ടു]

ഇദ്ദേഹം സമാധിയിലിരുന്നുവൊ. എന്നാൽ സ്വേദജലത്താൽ ശരീരമിങ്ങിനെ നനയുന്നതിന കാരണമെന്താകുന്നു.

[അടുത്തചെന്നു വിശറികൊണ്ടു വീശുന്നു]

അൎജ്ജുനൻ.

[അല്പം ആശ്വാസസന്തോഷ
ങ്ങളോടുകൂടെ ആത്മഗതം.]

ഇവൾ ഏററവും ദയയുള്ളവൾ തന്നെ. അതിനാൽ എ
ൻെറ ഈ കഷ്ടാവസ്ഥ ഇവളെ അറിവിച്ചാൽ എന്നെ രക്ഷിയ്ക്കും.
എങ്കിലും എങ്ങിനെയാണ പറയുന്നത !

[കണ്ണ മിഴിച്ച പ്രണയ
ത്തോടെസുഭദ്രയെസൂക്ഷി
ച്ചുനോക്കീട്ട ആത്മഗതം]

ഏത സുകൃതിയാണ ഇവളെ ഇപ്രകാരമാക്കിയത.

വിളറിശരീരമശേഷം
കുളുൎമുലകഠിനംവെടിഞ്ഞുശോഷത്താൽ
നളിനായുധനുടെവെള്ളു
ത്തഴയോയിന്നിവൾവിയോഗദേവതയൊ ? (ഹന്ത)

സുഭദ്ര. [അൎജ്ജുനൻെറ അംഗങ്ങ
ൾ പ്രത്യേകം സൂക്ഷിച്ചു
നോക്കീട്ട, ആത്മഗതം]

ഇദ്ദേഹം ഒരു യോഗിയല്ല നിശ്ചയംതന്നെ. എന്തുകൊ
ണ്ടെന്നാൽ, ചെഷ്ടകളിലൊ വാക്കുകളിലൊ യോഗികളുടെ ലക്ഷ
ണം കാണുന്നില്ലെന്നു മാത്രമല്ല, കാമികളുടെ സ്വഭാവം കാണുക
യും ചെയ്യുന്നു. അത്ര തന്നെയല്ല ആ പ്രിയജനത്തിൻേറയും ഇ
ദ്ദേഹത്തിൻേറയും ആകൃതിയ്ക്കു തമ്മിൽ വളരെ സാമ്യവും കാണു
ന്നു. ഇതിനെന്തു സംഗതി ? അല്ലെങ്കിൽ അല്പസാരയായ ഞാ
ൻ വളരെ ഗംഭീരമായിരിയ്ക്കുന്ന ഹൃദയത്തെ എങ്ങിനെ അറിയും ?
ചോദിച്ചാൽ വല്ല അബദ്ധവുമുണ്ടോ ?

[വിചാരമഗ്നയായി നില്ക്കുന്നു]

അൎജ്ജുനൻ. [പ്രകാശം]

ഭദ്രേ ! നീ എന്താണാലോചിയ്ക്കുന്നത ? എന്നോടെന്തോ
ചോദിയ്ക്കുവാൻ വിചാരിച്ചിട്ട പിന്നെ സംശയിയ്ക്കുന്നതുപോലെ
തോന്നുന്നല്ലൊ.

കല്യാണിചൊൽകനില്ലുജ്ജംചൊല്ലീടാനുള്ളതൊക്കയും
എല്ലാംഞാനറിയുംവണ്ണംകില്ലില്ലപറയാംദ്രുഢം. (൮൭)

സുഭദ്ര. [പ്രകാശം]

ഭഗവൻ! ഇവിടുത്തെ സന്നിധിയിൽ ഏതു കാൎയ്യവും പറയുന്നതിന്ന ഇനിയ്ക്കൊരു ശങ്കയുമില്ല. എങ്കിലും രഹസ്സല്ലാപം കന്യകാജനങ്ങൾക്കനുചിതമെന്ന വിചാരിയ്ക്കകൊണ്ടൊ എന്നറിയുന്നില്ല, ലജ്ജ എന്നെ തടുക്കുന്നു.

അൎജ്ജുനൻ.

സന്ദേഹമെന്തിന്നയിസുന്ദരാംഗി
ധന്യേകഥിച്ചീടുകചിന്തിതന്തേ
ഇന്നാരുകണ്ടീടിലുമില്ലദോഷ
മെന്നോൎക്കനീഞാനൊരുയോഗിയല്ലൊ. (൮൮)

സുഭദ്ര.

സ്വാമിൻശൈശവശീലത്താൽസാഹസംചിലതോതുവാൻ
സാമോദംമുഗ്ദ്ധമാംചിത്തംമാമലട്ടുന്നിതേററവും. (൮൯)
തൽപാദപാംസുപൊഴിയുന്നതുമൂലമോൎത്താ
ലിപ്പാരശേഷമധുനാപരിശുദ്ധമെത്രേ
തല്പാദസേവകജനംപിഴയാൎക്കുറച്ചു
ജല്പിയ്ക്കിലുംകരുണയോടുപൊറുത്തിടേണം. (൯൦)

അൎജ്ജുനൻ. [ആത്മഗതം]

ഇവൾ പറയുവാൻ ഭാവിയ്ക്കുന്നതല്ലാതെ പറയുന്നില്ലല്ലൊ. കാൎയ്യമെന്തെന്നറിയായ്കയാൽ എന്റെ മനസ്സു വളരെ ചലിയ്ക്കുന്നു.

[പ്രകാശം]

സുമുഖി! ഈദൃശമുള്ള ജനം എന്തു തന്നെ പറഞ്ഞാലും ആൎക്കാണ വൈമുഖ്യം ഭവിയ്ക്കുന്നത. യഥേഷ്ടം പറയുക.

സുഭദ്ര. [ആത്മഗതം]

ഇദ്ദേഹത്തിന്റെ വാക്കുകൾ എന്തെങ്കിലും പറയാമെന്നുള്ള വിശ്വാസം എന്നിൽ ജനിപ്പിയ്ക്കുന്നു എങ്കിലും മുമ്പു തന്നെ അദ്ദേഹത്തിനെകുറിച്ചു സന്ദേഹിച്ചു ചോദിയ്ക്കുന്നത യുക്തമല്ല. അതിനാൽ എന്നെ സംബന്ധിച്ചു വല്ല പ്രശ്നവും ചെയ്യുതിന്ന

ശേഷമാവാം. അതിന്നിങ്ങിനെ ചോദിച്ചാൽ ഒരു സമയം രണ്ടു കാൎയ്യവും അറിഞ്ഞു എന്നും വരാം.

[പ്രകാശം]

മഹാത്മാവായ ഇവിടുത്തെ പാദശുശ്രൂഷകൊണ്ടു കന്മഷം തീൎന്ന ഞാൻ പുണ്യവതിയായി ഭവിച്ചു എങ്കിലും എന്റെ ഭാവിയായിരിക്കുന്ന ശുഭാശുഭങ്ങളെ ത്രികാലജ്ഞനായ ഇവിടുന്ന അരുളിച്ചെയ്തു കേൾക്കുവാൻ ഏററവും ആഗ്രഹിക്കുന്നു.

അൎജ്ജുനൻ [അല്പം ആലോചിച്ചിട്ടു]

നിനക്കിലയിശോഭനേ! തവഗുണങ്ങളാൽമേല്ക്കുമേൽ
ഭവിക്കുമിഹമംഗളംചെറുതുമില്ലതിൽസംശയം
ധരിക്കുകുലകന്യകാജനമതിങ്കൽവച്ചേററവും
ലഭിക്കുമളിവേണിനീ [അല്പം മന്ദസ്മിതത്തോടെ]
വിജയമാത്രകൌതൂഹലം. (൨൧)

സുഭദ്ര [സന്തോഷത്തോടുകൂടെ, ലജ്ജയാൽ അധോമുഖിയായിട്ടു, ആത്മഗതം]

ഇദ്ദേഹത്തിന്റെ അവസ്ഥ കാണുമ്പോൾ ഈ വിജയശബ്ദത്തിന്ന സാധാരണമായ അൎത്ഥമാണ കല്പിച്ചിരിക്കുന്നത എന്ന തോന്നുന്നില്ല. ഈ മഹാനുഭാവൻ മനോഹരങ്ങളായിരിക്കുന്ന വചനങ്ങളാൽ എന്റെ സംശയത്തെ വൎദ്ധിപ്പിക്കുന്നു എന്നു മാത്രമല്ല അന്തഃകരണത്തിങ്കൽ എന്തോ ചില വികാരങ്ങളെ ജനിപ്പിക്കുകയും ചെയ്യുന്നു.

[പ്രകാശം]

ഏററംഗംഭീരമാകുന്നൊരുതവവചന
ത്തിന്റെസാരംഗ്രഹിപ്പാൻ
പെറ്റുംബോധംഭവിക്കാത്തൊരുമമമതി
കൊണ്ടെങ്ങിനെസാദ്ധ്യമാകും?
മുറ്റുംകാരുണ്യമോടേമമഹൃദിസ്ഥമായി
നിന്നിൽതവബോധം

പററും വണ്ണം കുറഞ്ഞോന്നരുളണമധുനാ
സജ്ജനോത്തംസധീമൻ ! (൨൨)

അൎജ്ജുനൻ [പ്രേമഹൎഷങ്ങളോടു
കൂടെ ആത്മഗതം]

നന്മയിൽമേഘലരവത്താൽ
പെണ്മയിലെങ്ങിനെഭവിയ്ക്കുമതുപോലെ
ഇന്നിവൾവിജയധ്വനിയാൽ
നന്ദിതയായിട്ടിന്നിടുന്നസൌഖ്യത്തെ. (൨൩)

അതിനാൽ ഇവൾക്കെന്നിൽ അനുരാഗമുണ്ടെന്നും ഞാൻ ഉദ്ദേശിച്ച അൎത്ഥം ഇവൾ ധരിച്ചു എന്നും നിശ്ചയിയ്ക്കാം. എന്നാൽ അറിയാത്തവളെപ്പോലെ ചോദിയ്ക്കുന്നത സംശയത്താലെന്നെ പരീക്ഷിയ്ക്കുവാനായിരിയ്ക്കണം.

[പ്രകാശം]

എന്നുമാത്രമല്ല,

യശോധനസമൃദ്ധനായൊരുനരൻധരിച്ചീടെടോ
കൃശോദരിനിനക്കുടൻകണവനായ്ഭവിയ്ക്കുംദൃഢം
അശോകശരപീഡയാലധികശോകമോടിന്നവൻ
സുശീലവതിസാദരംതവപദേപതിയ്ക്കുംജവാൽ. (൨൪)

സുഭദ്ര [ആത്മഗതം]

ഇദ്ദേഹത്തിന്റെ ഇപ്രകാരം ഭാവഗൎഭങ്ങളായിരിയ്ക്കുന്ന വചനങ്ങളാലും കാമത്തെ ഉദ്ദീപിപ്പിയ്ക്കുന്നവയായ ചേഷ്ടകളാലും ഞാൻ വിശേഷിച്ചും അസ്വാസ്ഥ്യയായിതീൎന്നു. അതിനാൽ ഇദ്ദേഹം ഹൃദയംഗമനായിരിയ്ക്കുന്ന ആ പ്രിയതമൻ തന്നെ ആയിരിയ്ക്കാം. എന്റെ മനഃപ്രവൃത്തി ഈ വിധമാകുവാൻ മററാരാലും സാദ്ധ്യമല്ല. എന്നാൽ എന്നെ ഇങ്ങിനെ ദണ്ഡിപ്പിയ്ക്കുന്നത എന്തിനാണ.

[അല്പം ലജ്ജാഖേദങ്ങളോടുകൂടെ പ്രകാശം.]

വക്രോക്തിയാലിങ്ങിനെശങ്കയിന്നെ
ന്നുൾക്കാമ്പിലെന്തിന്നുവളൎത്തിടുന്നു ?

ചൊൽക്കൊണ്ടവക്രാശ്രിതമാംജനത്തി
ലൊക്കുന്നതോകൈതവമിപ്രകാരം. (൨൧)

അൎജ്ജുനൻ. [സ്നേഹത്തോടെ ആത്മഗതം]

ഞാൻ നിമിത്തം ഇവളുടെ മനസ്സു വളരെ ആയാസപ്പെട്ടുന്നു. അതിനാൽ ഇനി സ്പഷ്ടമായി പറയുക തന്നെ.

[പ്രകാശം]

സരസിജമുഖിമുടിമാലേ!
സാരസനയനേധരിക്കുനീചാലേ
സുരവരസുതനിതുബാലേ
സുന്ദരിസദയംവരിക്കുമാംകാലേ. (൨൨)

സുഭദ്ര. [പ്രണയലജ്ജാനന്ദാശ്ചൎയ്യങ്ങളോടു കൂടെ സ്ഥിതി ചെയ്യുന്നു.]

അൎജ്ജുനൻ.

തവാധരസുധാരസംനുകരുവാൻകൊതിച്ചീവിധം
ദിവാനിശമനല്പമാത്സുരിതപിച്ചുവാഴുന്നുഞാൻ
സരോരുഹവിലോചനേ! സപദിദാസനാമെന്നെനീ
വരാംഗിമുടിരത്നമേ! കരുണയാകടാക്ഷിക്കെടോ. (൨൩)

[മദന പാരവശ്യത്തോടെ സസംഭ്രമം സുഭദ്രയെ ആലിംഗനം ചെയ്വാൻ ഭാവിക്കുന്നു]

സുഭദ്ര. [പ്രേമലജ്ജാ സാദ്ധ്വസങ്ങളോടു കൂടെ]

അയിജീവിതനാഥസാഹസംകേൾ
മയിചെയ്യീടരുതേതുമിന്നിവണ്ണം
പ്രിയസോദരനിങ്ങുവന്നുവെങ്കിൽ
ദയയോടാശുഭവാനുനൽകുമെന്നെ. (൨൪)

അതിനാൽ ഇപ്പോൾ പോകുവാനനുവദിക്കണം.

അൎജ്ജുനൻ.

അയി! പ്രേയസി!

ഏറക്കാലംകൊതിച്ചിട്ടൊരുദിനമതിഭാ
ഗ്യത്തിനാൽതന്റെറകയ്യിൽ
ചേരുംസദ്വസ്തുപാത്താലമിതമനുഭവി
യ്ക്കാതെയിന്നൊരുത്തൻ
പാരിൽദ്ദൂരെത്ത്യജിയ്ക്കുന്നതുസുമുഖി! യി
തിന്മൂലമുണ്ടാമനൎത്ഥം
നേരായ്യാനേല്ലജിച്ചീട്ടവനതികുതുക
ത്തോടുഞാനാടലന്യേ. (൨൯)

സുഭദ്ര. [ആത്മഗതം]

ഇനി പൂൎവ്വസ്ഥിതിപോലെ ഇവിടത്തന്നെ നില്ക്കുന്നത യുക്തമല്ല.

[പ്രകാശം]

ഇത ലൌകികത്തിന്ന കുറെ വിരുദ്ധമല്ലേ, അതിനാൽ ഞാൻ ഇപ്പോൾ പോകട്ടെ.

അൎജ്ജുനൻ.

മനോഹരമൃദുസ്മിതംമദനകേളിരംഗസ്ഥലം
മദാലസവിലോചനംമഹിതരാഗരമ്യാധരം
തവാനനസരോരുഹംതരുണലോകനേത്രോത്സവം
ജനോയമവിലോകയൻകഥമസൂനയേധാരയേൽ? (൩൦)

സുഭദ്ര.

പത്മിനീവവിരഹേണരവിഃകിം
തപ്യതേകുമുദിനീവശശാങ്കഃ
പ്രായഏവവനിതാസ്വപതിമാത്രം
വൃദ്ധിമേതിഹിവിയോഗജതാപഃ. (൩൧)

അണിയറയിൽ.

സന്ധ്യാകാലം സമീപിച്ചു.

കോകംവിരഹഭയത്താൽ
മാഴ്കുംപ്രിയയെക്കനിഞ്ഞുനോക്കുന്നു

സാകംദിവസശ്രീയൊടു
പോകുവതിന്നക്കനാശ്രുതുനിയുന്നു. (൩൨)

അതിനാൽ ഈ പൂജാദ്രവ്യങ്ങൾ കൊണ്ടുചെന്ന വേഗത്തിൽ യോഗീശ്വരന്ന കൊടുക്കണം.

സുഭദ്ര. [പരിഭ്രമത്തോടെ പോകുവാൻ ഭാവിക്കുന്നു]

അർജ്ജുനൻ.

[കാമപാരവശ്യത്തോടെ]

അയി! പ്രണയിനി! നീ എന്നെ ഈ സ്ഥിതിയിലാക്കീട്ടു പോകരുതേ. എന്നാൽ നിർദ്ദയനായ മദനൻ എന്റെ പ്രാണങ്ങളെ അപഹരിക്കും.

സുഭദ്ര. [ശോകാവേഗത്തോടെ ആത്മഗതം]

ഞാൻ ഏററവും അസ്വാതന്ത്ര്യയായ കന്യകയാണ. ഇദ്ദേഹത്തിന്റെ അവസ്ഥയൊ ഇപ്രകാരമായിരിക്കുന്നു. ഇവിടെ എന്താണ ചെയ്യേണ്ടത.

[കൃഷ്ണനെ ഉദ്ദേശിച്ച, പ്രകാശം]

ഹാനാഥഹാപ്രിയസഹോദരദീനബന്ധോ!
ഞാനാധിപൂണ്ടുവലയുന്നിതുപാരമയ്യോ
മാനംകുലാംഗനവഹിപ്പൊരുധർമ്മമോമൽ
പ്രാണങ്ങളോസപദിയൊന്നുനശിക്കുമിപ്പോൾ. (൩൩)

[പ്രേമഖേദങ്ങളോടെ അർജ്ജുനനെ വീക്ഷിച്ചുംകൊണ്ടു പോയി]

അർജ്ജുനൻ. [താപോദ്വേഗത്തോടെ കാമനെ ഉദ്ദേശിച്ച]

ബാണംസംഹരമീനകേതന! ദുശംകാ
രുണ്യമോടേമമ
പ്രാണാപായമൊഴിച്ചുകൊണ്ടുഭഗവൻ!
രക്ഷിക്കുമാമിക്ഷണം

ഏണാക്ഷീമണിയായമാധവിതന്നിലുള്ളൊ
ന്നിൽപ്രിയംവായ്ക്കയാൽ
സാനന്ദംകൃതകൃത്യനാമിഹഭവാന
ല്പംക്ഷമിച്ചീടുക. (൩൰൪)

[നാലുപുറവും നോക്കീട്ട്]

ഒ! സന്ധ്യാകാലമതിക്രമിക്കുന്നു. എന്തെന്നാൽ,

കുന്ദംതൊട്ടുള്ളശസ്ത്രങ്ങളുടെപരിമളം
പാരിലെങ്ങുംപരക്കു
ന്നെന്നല്ലിപ്പോളനല്പംപികകളരവമാം
കാഹളംകേട്ടിടുന്നു
കന്ദർപ്പൻദർപ്പമോടുംമലയപവനനാം
സ്യന്ദനംതന്നിലേറീ
ട്ടെന്നെപ്പോലേതപിക്കുംവിരഹികളെവധിപ്പാൻ
ചരിക്കുന്നിതെങ്ങും. (൩൰൫)

അതിനാൽ വേഗത്തിൽ സന്ധ്യയെ വന്ദിപ്പാൻ പോകുക തന്നെ. [പോയി]

നാലാമങ്കം കഴിഞ്ഞു.

സുഭദ്രാർജ്ജുനം.

ഭാഷാനാടകം.

അഞ്ചാമങ്കം.

പൂർവ്വാംഗം.

അനന്തരം വേത്രവതി പ്രവേശിക്കുന്നു.

വേത്രവതി [നാലുപുറവും നോക്കീട്ടു]

ഒ ! പ്രഭാതസമയമായി എന്നു തോന്നുന്നു. എന്തെന്നാൽ,

പുഷ്പായുധന്നു സമരത്തിനു രാത്രിയിങ്ക
ലല്പേതരം കുതുകമോടു തുണച്ചു മൂലം
കെല്പുള്ളതൊക്കെയകലത്തു വെടിഞ്ഞിദാനീം
സ്വല്പപ്രഭം തുഹിനരശ്മി ഗമിച്ചിടുന്നു. (൧)

എന്നുമാത്രമല്ല.

വികസിച്ചൊരു സാരസങ്ങളിൽച്ചെ
ന്നരസിത്തന്മധുവിൽ കുളിച്ചു നന്നായ്
സരസം സുഖമോടു മാരുതൻതാ
നിഹ സാനന്ദമണഞ്ഞിടുന്നു മന്ദം. (൨)

[ചുററിനടന്നു മുൻ ഭാഗത്തു നോക്കീട്ടു]

ആരാണൊരുവനോടിവരുന്നതു ?

[അനന്തരം ശരത്തോടുകൂടി ഒരു ഭടൻ പ്രവേശിക്കുന്നു]

വേത്രവതി.

ആര ? രണഭടൻ വിക്രമനോ ? സഖെ ഭവാൻ എന്താണിത്ര ബദ്ധപ്പെട്ടോടിവരുന്നതു ? ദ്വാരകയിൽ വല്ല വിശേഷവുമുണ്ടോ ?

വിക്രമൻ.

ഇതില്പരം വിശേഷം മററൊന്നും വരുവാനില്ല. ബലഭദ്രസ്വാമി എവിടെ ? കണ്ടുണൎത്തിപ്പാൻ വൈകി.

വേത്രവതി.

ഏതില്പരം ? പറയു. എന്നിട്ടു പോകാം.

വിക്രമൻ.

താമസിക്കുവാൻ തരമില്ലല്ലൊ.

വേത്രവതി.

എന്തുകൊണ്ടു ? ശത്രുക്കളിൽ ആരെങ്കിലും യുദ്ധത്തിന്നു വന്നു വളഞ്ഞുവൊ ?

വിക്രമൻ.

എന്നാൽ വിരോധമുണ്ടായിരുന്നില്ല. ബന്ധുക്കൾ യുദ്ധം ചെയ്തു.

വേത്രവതി.

എന്താണു ഭവാൻ അസംബന്ധം പറയുന്നതു. ചുരുക്കത്തിലെങ്കിലും കാൎയ്യം പറയു.

വിക്രമൻ.

പറയാം. കേൾക്കു.

ചൊല്ക്കൊണ്ടീടുന്നയോഗീശ്വരനുടെവടിവായ്
 ധൂൎത്തനാം പാൎത്ഥനിപ്പോ
ളിക്കണ്ടീടുംനൃപന്മാർനിജപുരമതിൽനിന്നിങ്ങു
 വന്നോരുശേഷം
ഉൾക്കൊണ്ടീടുംസ്മരാൎത്ത്യായദുനൃപസുതയാംഭ
 ദ്രയെച്ചാതിയോടേ
കൈക്കൊണ്ടേറ്റുംമടിക്കാതുടനെരജനിയിൽത
 ന്നെപോയാൻദുരാത്മാ. (൩)

വേത്രവതി.

എന്നാൽ പരിഭ്രമിക്കുവാനില്ല.

വിക്രമൻ.

എന്തുകൊണ്ടു ?

വേത്രവതി.

അൎജ്ജുനനാണ കൊണ്ടുപോയതെങ്കിൽ അതിന്ന ശ്രീകൃഷ്ണസ്വാമിയുടെ അറിവുണ്ടായിരിയ്ക്കണം. അദ്ദേഹത്തിന്റെ ഹിതം അറിയാതെ അൎജ്ജുനൻ ഒരിയ്ക്കലും ഈ വിധം പ്രവൃത്തിയ്ക്കുകയില്ല.

വിക്രമൻ.

ശ്രീകൃഷ്ണസ്വാമി ഇവിടെ ആയിരുന്നില്ലേ; അപ്പോൾ അവിടെ നടന്ന കഥ എങ്ങിനെ അറിയും ?

വേത്രവതി.

ഇന്നലെ രാത്രി ഇവിടെ നിന്ന എവിടയ്ക്കോ എഴുന്നെള്ളുന്നതു കണ്ടു. ദ്വാരകയ്ക്ക തന്നെയായിരിയ്ക്കുമെന്നാണ ഇപ്പോൾ എനിയ്ക്ക തോന്നുന്നത.

വിക്രമൻ.

അദ്ദേഹം ഇവിടെ ഇല്ലേ ?

വേത്രവതി.

ഇപ്പോളുണ്ട. അദ്ദേഹത്തിന്ന അസാദ്ധ്യമായിട്ടെന്തെങ്കിലുമുണ്ടൊ ?

വിക്രമൻ.

ഇരിയ്ക്കട്ടെ. ശ്രീകൃഷ്ണസ്വാമി എഴുന്നെള്ളുമ്പോൾ കൂടെ ആരെങ്കിലും ഉണ്ടായിരുന്നുവൊ ?

വേത്രവതി.

അതിനിയ്ക്ക നിശ്ചയമില്ല. അവരുടെ പോക്കും എന്റെ നിദ്രയുടെ വരവും ഒരു സമയത്തായിരുന്നതിനാൽ അതറിവാൻ എനിയ്ക്ക സാധിച്ചില്ല. ആകട്ടെ ഭവാൻ ശേഷവും പറയു.

വിക്രമൻ.

എന്താണ പറയുവാനുള്ളത ? അപ്പോൾ ഞങ്ങൾ ചെന്നു തടുത്തു.

വേത്രവതി.

പോകുന്നത നിങ്ങൾ എങ്ങിനെ അറിഞ്ഞു.

വിക്രമൻ.

തേർ നടത്തുന്ന ശബ്ദത്താൽ.

വേത്രവതി.

പിന്നെ. പിന്നെ.

വിക്രമൻ.

പിന്നെ അതി ഭയങ്കരമായ യുദ്ധംചെയ്തു ഞങ്ങളെ ജയിച്ച സുഭദ്രയെ കൊണ്ടുപോകയും ചെയ്തു.

വേത്രവതി.

അൎജ്ജുനന്ന സഹായമായിട്ട ആരെങ്കിലും ഉണ്ടായിരുന്നുവോ?

വിക്രമൻ.

അദ്ദേഹത്തിന്ന വേറെ സഹായം ആവശ്യമില്ല. ഇങ്ങിനെ പരാക്രമശാലിയായിട്ട ഭൂലോകത്തിൽ ആരും തന്നെ ഇല്ലെന്ന പറയാം.

വേത്രവതി.

തേർ തെളിപ്പാനെങ്കിലും മറ്റുസഹായംകൂടാതെകഴിയുമൊ?

വിക്രമൻ.

ചീൎത്തോരൌത്സുക്യമോടുംവിജയനുടെരഥം
ഭദ്രതാനേതെളിച്ചു
കൂൎത്തോരസ്ത്രങ്ങൾപാൎത്ഥൻപെരുമഴചൊ
രിയുംവണ്ണമേററംപൊഴിച്ചു
പാൎത്താൽനേരിട്ടെതൃപ്പാനവനൊടുകഴിവി
ല്ലായ്കയാൽഞങ്ങളെല്ലാ
മാൎത്തന്മാരായ്പുണിപ്പെട്ടൊരുവിധമവിടം
വിട്ടുവേഗംതിരിച്ചു (൪)

വേത്രവതി.

നിങ്ങൾ പലർകൂടി ഒരുവനോടൊഴിച്ചുത വിചാരിക്കുമ്പോൾ എനിക്കത്ഭുതം തോന്നുന്നു.

വിക്രമൻ.

അപ്പോൾ ഭവതി അവിടെ ഉണ്ടായിരുന്നെങ്കിൽ ഇങ്ങിനെ പറയുകയില്ല. എന്തെന്നാൽ,

ധൃഷ്ടനാംവിജയനെട്ടുദിക്കുമൊരുപോലെഞെ
ട്ടുമൊരുമട്ടിലായ്

തുഷ്ടിയോടെചെറുഞാൺവലിച്ചരിശമോടു
വിട്ടുളവില്ലോററവും
വിഷ്ടപംമുഴവനുംവിറച്ചിതതിരുഷ്ണനാ
യിരുകരങ്ങളാൽ
വൃഷ്ടിപോലെശരമെയ്യുകിട്ടുംപൊഴതിലുള്ളവേലാ
ഷമുരചെയ്യുന്നൊ ? (൫)

ചുരുക്കിച്ചൊല്ലീടാമവനൊടു പടയ്ക്കിന്നെതിരിടാൻ
കരുത്തുള്ളോർലൊകത്രയമതിലുമില്ലെന്നുനിയതം
തരത്തിൽദിവ്യാസ്ത്രങ്ങളെയുടനുടൻതന്നെവിട്ടമ
മ്മരുത്താലേപാരംകിടുകിടെവിറയ്ക്കും ത്രിദിവവും. (൬)

വേത്രവതി.

എന്നാൽ അദ്ദേഹത്തിനെ അൎജ്ജുനനെന്ന നിങ്ങൾ എ ങ്ങിനെ ധരിച്ചു ? സുഭദ്രയുടെസൌന്ദൎയ്യാദിശയത്തെ ആരെങ്കിലും പറഞ്ഞുകേട്ടിട്ട ഇന്ദ്രനൊ മറെറാ മനുഷ്യരൂപം ധരിച്ചുവന്ന അ വളെക്കൊണ്ടു പോയതായിരിക്കാം.

വിക്രമൻ.

ഓജസ്സും പരാക്രമവും കണ്ടിട്ട ഞങ്ങളും അങ്ങിനെ തന്നെ ശങ്കിച്ചിരുന്നു. പിന്നെ അദ്ദേഹം അയച്ച ശസ്ത്രങ്ങൾ വീണുകി ടക്കുന്നതിൽ അൎജ്ജുനനെന്ന് വ്യക്തമായി എഴുതിയിരിക്കുന്നത കണ്ടതിന്ന ശേഷമാണ സന്ദേഹം തീൎന്നത.

വേത്രവതി.

ആ അസ്ത്രമായിരിക്കുമോ ഭവാൻെറ കയ്യിലിരിക്കുന്നത ?

വിക്രമൻ.

അതേ. ബലഭദ്രസ്വാമിയെ കാണിക്കുവാൻ കൊണ്ടുവന്ന താണ. അദ്ദേഹം പള്ളിക്കുറുപ്പുണൎന്നുവോ ?

വേത്രവതി.

ഉണൎന്നുവോ എന്നു നോക്കാം. വരു.

[രണ്ടു പേരും പോയി]

പൂൎവ്വാംഗം കഴിഞ്ഞു.

അനന്തരം സ്വപ്നോത്ഥിതനായിട്ട

ബലഭദ്രര പ്രവേശിക്കുന്നു

ബലഭദ്രര.

ദിക്കെട്ടുംഞെട്ടുമാറെന്തൊരുരവമെവിട

ന്നിങ്ങുകേഠക്കുന്നതിപ്പോ

ളിക്കാലംകാറുകാണാതിടിയുടെനിനദം

കേഠപ്പതിന്നില്ലബന്ധം

വക്കാണത്തിന്നുകോപ്പിട്ടസുരരുമമരന്മാ

രുമൊന്നിച്ചുവാഴ്ക

ന്നഠക്കോപത്തോടിവണ്ണംപടഹനിരയടി

ക്കുന്നതോഘോരഘോരം ? (൧)

[ആലോചിച്ചിട്ട]

ദ്വാരകയിൽ നിന്നാണ കേഠക്കുന്നത. എന്നു മാത്രമല്ല രണഭേരി അടിക്കുകയുമാണ.

[വിചാരത്തോടെ]

കെല്പോടെൻപുരിതന്നിൽനിന്നധികമായ്

ഭേരീരവംകേഠപ്പതി

ന്നിപ്പോളെന്തൊരുബന്ധമീയവസരം

കണ്ടിട്ടരാതിവ്രജം

ക്ഷിപ്രം വന്നുചുഴന്നിതോയതിവരൻ

തന്നോടുകൂടീട്ടടൻ

മൽപ്രേമാസ്പദമാംസുഭദ്രയെബലാൽ

ദ്രോഹിക്കുമോപാപികഠ ? (൨)

ഏതായാലുംകൃഷ്ണോദ്ധവന്മാരെ വരുത്തുകതന്നെ. അവരോടുകൂടി ആലോചിച്ചു വേണ്ടവിധം തീൎച്ചയാക്കാം. ആരാണവിടെ ?

വേത്രവതി. [പ്രവേശിച്ചു]

അടിയൻ.

ബലഭദ്രര.

കൃഷ്ണോദ്ധവന്മാരോട വേഗത്തിൽ ഇവിടക്കു വരുവാൻ പറയുക.

വേത്രവതി.

ഒന്നുണൎത്തിപ്പാനുണ്ട.

ബലഭദ്രർ.

കേൾക്കട്ടെ.

വേത്രവതി.

ദ്വാരകാപുരത്തിൽ നിന്ന വിക്രമൻ വന്ന സമയം കാത്തു നില്ക്കുന്നുണ്ട.

ബലഭദ്രർ. [ആത്മഗതം]

നന്നായി. വേഗത്തിൽ സൂക്ഷ്മം അറിയാറായല്ലൊ.

[പ്രകാശം]

വരുവാൻ പറയു.

വേത്രവതി.

കല്പനപോലെ. [പോയി]

[അനന്തരം വിക്രമൻ പ്രവേശിച്ചു ബലഭദ്രരെ നമസ്കരിക്കുന്നു.]

ബലഭദ്രർ.

നീയിപ്പോളെന്തിനാണ വന്നത ? ദ്വാരകയിൽ വല്ല വിശേഷവുമുണ്ടൊ ?

വിക്രമൻ.

ഉണ്ട.

ബലഭദ്രർ.

എന്നാൽ പറയു.

വിക്രമൻ.

അവിടെയുണ്ടായിരുന്ന കപടസന്യാസി കന്യകയെ കളവു ചെയ്തു കൊണ്ടു പോയി.

ബലഭദ്രർ. [പരിഭ്രമത്തോടെ]

എന്ത ? ഒന്നുകൂടി പറയു.

വിക്രമൻ.

കന്യകയെ ഇന്നലെ രാത്രിയിൽ തന്നെ ആ ഭിക്ഷു കട്ടുകൊണ്ടുപോയി.

ബലഭദ്രർ. [ആത്മഗതം]

കഷ്ടം ! കഷ്ടം ! അന്നു കൃഷ്ണൻ പറഞ്ഞതിനെ ധിക്കരിച്ചു യാൽ വന്ന ആപത്താണിതു.

[പ്രകാശം]

അവനാരാണു ? ശേഷവും പറയൂ.

വിക്രമൻ.

യതിയായ്വാസവതനയൻ
മതിമുഖിയെകട്ടുകൊണ്ടുപോകുമ്പോൾ
ചതിവുധരിച്ചുതടുത്താ
രതിപതുഷംഞങ്ങളാശ്രമംവിഫലം. (൯)

ബലഭദ്രർ.

ആര ! അർജ്ജുനനൊ !

വിക്രമൻ.

ഈ ശരം നോക്കിയാൽ സംശയം തീരും.

[ശരം കയ്യിൽ കൊടുക്കുന്നു]

[അപ്പോൾ കൃഷ്ണോദ്ധവന്മാർ പ്രവേശിച്ചു
യഥായോഗ്യം ബലഭദ്രരെ ഉപചാരം
ചെയ്തു ഇരിയ്ക്കുന്നു]

ബലഭദ്രർ. [ശരംവാങ്ങിനോക്കീട്ടുക്രോധത്തോടെ, കൃഷ്ണനോടു]

കേട്ടീടേണംവിശേഷംയതിയുടെവടിവായ്
ദുഷ്ടനാംഫൽഗുനൻതാൻ
കഷ്ടംനമ്മെച്ചതിച്ചെൻഭഗിനിയെരഭസംവ്യാ
ജമായ്ക്കൊണ്ടുപോയാൻ
ഒട്ടല്ലോർത്താൽനമുക്കിന്നവമതിയതിനാ
ലിഷ്ടനെന്നുള്ളഭാവം
പെട്ടെന്നിപ്പോൾവെടിഞ്ഞീയധമനുടെമദം
പോക്കണംശങ്കയെന്ന്യേ. (൧൦)

കൃഷ്ണൻ. [ആത്മഗതം]

അർജ്ജുനൻ സുഭദ്രയെ വ്യാജമായിട്ടല്ല കൊണ്ടുപോയതു. വേണ്ടവിധം തന്നെയാണു.

[അല്പം അനുതാപത്തെ
അഭിനയിച്ചിട്ട, പ്രകാശം]

കഷ്ടം ! കഷ്ടം ! ശിഷ്ടനെന്നോൎത്തുനാമീ
ദുഷ്ടൻതന്നിൽഭക്തിയാൽചെയ്യുതെല്ലാം
കേട്ടീടുമ്പോൾശിഷ്ടരാംലോകരെല്ലാം
കൂട്ടത്തോടെഹന്ത ! പൊട്ടിച്ചിരിക്കും. (൧൧)

ഉദ്ധവർ. [ആത്മഗതം]

ഇദ്ദേഹത്തിന്റെ അറിവ കൂടാതെ അൎജ്ജുനൻ ഇങ്ങിനെ ചെയ്യുമൊ ? ഇത എനിക്ക അത്ര ബോദ്ധ്യമാകുന്നില്ല.

[പ്രകാശം]

കന്യകയെ കൊണ്ടുപോയത അൎജ്ജുനനാണെങ്കിൽ കുറെ ആലോചിക്കാനുണ്ട.

കൃഷ്ണൻ. [ആത്മഗതം]

ഉദ്ധവർ ഇങ്ങിനെ പറയുന്നത എന്താണ ? ഒരു സമയം വല്ലതും ശങ്കിച്ചിരിക്കുമൊ ? ഇതിന്ന ഒരു സംഗതിയുമില്ലല്ലൊ.

ബലഭദ്രർ.

ആലോചിക്കുവാനെന്തുണ്ട ; അൎജ്ജുനനായാൽ വല്ല വിശേഷവുമുണ്ടൊ ?

'പൂജ്യനാം' വിജയനിന്നുചെയ്യൊരതിസാഹസം
ഏദിനിനയ്ക്കിലൊ
'ത്യാജ്യ'നാകുമഹികേതനൻവളരെയോഗ്യനി
ല്ലതിനുസംശയം
അന്ധഭൂപതിസുതന്നുമാധവിയിലുണ്ടുവാഞ്ഛ
പുനരെങ്കിലും
ബന്ധുവാംസുരവരാത്മജന്റെതൊഴിൽചെയ്ക
യില്ലവനൊരിക്കലും. (൧൨)

കൃഷ്ണൻ. [ഉദ്ധവരെഅഭിപ്രായത്തോ
ടുകൂടെനോക്കീട്ട, ആത്മഗതം]

പണ്ട വിവാഹാലോചനയിങ്കൽ ഞാൻ അൎജ്ജുനന്ന സഹായമായി സംസാരിച്ചതുകൊണ്ടുള്ള ഉപാലംഭമാണിത.

ഉദ്ധവർ. [ആത്മഗതം]

ജ്യേഷ്ഠന്റെ വാക്കിലുള്ള സാരം അനുജൻ നല്ലവണ്ണം ധരിച്ചു എന്നു അദ്ദേഹത്തിന്റെ വീക്ഷണം പറയുന്നുണ്ട.

ബലഭദ്രർ.

ധൂർത്തേറുന്നൊരുപാർത്ഥനോടുപകരംപോ
ദിയ്ക്കുവാൻമല്ക്കരേ
ചേർത്തീടുന്നകഠോരമായമുസലംപോരുന്ന
താമെങ്കിലും
ഓർത്തീടുന്നളവന്തകാത്മജഗുണംചിത്തത്തി
ലത്യുൽക്കടം
കത്തീടുന്നൊരുകോപദാവദഹനൻമങ്ങുന്നു
തെല്ലിങ്ങഹൊ. (൫൩)

കൃഷ്ണൻ.

ആ സന്യാസിയെ കന്യാമന്ദിരത്തിങ്കലേയ്ക്കു അയയ്ക്കുമ്പോൾ തന്നെ ഞാൻ ഈ വൈഷമ്യമൊക്കെ അറിവിച്ചില്ലെ ?

ബലഭദ്രർ.

പുറമെ കാണുന്ന അവസ്ഥകളെക്കൊണ്ട യോഗ്യതായോഗ്യതകളെ നിശ്ചയിക്കുന്നത കൂടാതെ ഒരുവന്റെ ഹൃദയം അറിവാൻ ആൎക്ക കഴിയും ?

ഉദ്ധവർ.

അതു ശരിതന്നെ. എങ്കിലും പൂൎവ്വബന്ധുവും ശ്രീകൃഷ്ണസ്വാമിയ്ക്കു അത്യന്തം സ്നേഹിതനുമായിരിയ്ക്കുന്ന അൎജ്ജുനൻ ഇങ്ങിനെ പ്രവൃത്തിച്ചത വളരെ സാഹസമായി.

ബലഭദ്രർ. [അമൎഷത്തോടെ]

എടുത്തുമുസലത്തെഞാൻഝടിതിയോടി
എത്തീട്ടുടൻ
തടുത്തഥകിരീടിതന്നുടലടിച്ചുപൊടി
ച്ചീക്ഷണം
തുടുത്തുതുടരെത്തിളച്ചൊഴുകുമക്കടും
ചോരയാൽ

കെട്ടത്തുവനെരിഞ്ഞിട്ടുംകഠിനമായ
കോപാഗ്നിയെ. (൧൪)

ഉദ്ധവർ. [ബലഭദ്രരെ നോക്കിട്ടു, ആത്മഗതം]

ഒ! ഇദ്ദേഹം വളരെ കോപിച്ചിരിയ്ക്കുന്നു. ഇപ്പോളൊരു വിധം സമാധാനപ്പെടുത്തിയില്ലെങ്കിൽ അൎജ്ജുനനെ സംഹരിയ്ക്കും, നിശ്ചയം. അദ്ദേഹം സ്വഭാവത്താൽ വളരെ യോഗ്യനായ ഒരു മഹാപുരുഷനാണ. എന്നാൽ അസഹ്യമായിരിയ്ക്കുന്ന മദനതാപത്താൽ നിവൃത്തിയില്ലായ്കകൊണ്ടു ഈ ആഭാസകൃത്യം ചെയ്യതായിരിയ്ക്കണം. ആകട്ടെ. ശ്രീകൃഷ്ണസ്വാമിയുടെ പ്രകൃതംകൂടി കാണട്ടെ.

കൃഷ്ണൻ. [അഹംകാരത്തെ നടിച്ചിട്ടു]

ഇക്കാലംഞാനിരിയ്ക്കുപ്പുരുഷമൊടരിയെ
കൊല്ലുവാൻജേഷ്ഠനെന്തി
ന്നാംക്കാമ്പിൽചിന്തചെയ്യുന്നതുതവസഹ
ജൻപോരുമിപ്പോരിനിപ്പോൾ
ശീഘ്രംചക്രായുധത്താലരിയുടെകുലവും
കൂടിനീറാക്കിവായ്ക്കു
ന്നാംക്കോപംതീൎത്തുകൊണ്ടീടുവനരനിമിഷം
കൊണ്ടുവേണ്ടാവിഷാദം. (൧൫)

ഇനിമേൽപാണ്ഡവചരിതം
തനിയേശേഷിക്കുമില്ലസന്ദേഹം
നിനവുവെടിഞ്ഞുനടക്കും
ജനമിതുകണ്ടിട്ടടങ്ങേണം. (൧൬)

ഉദ്ധവർ. [ആത്മഗതം]

ഇപ്പോൾ രണ്ടു പേരും ഒരുപോലെ ആയി. ഇനി മൌനം പറ്റുകയില്ല.

[പ്രകാശം]

ഇരുവരുമ്മരുകോപത്താ
ലൊരുപോലിസ്സാഹസംപ്രവൃത്തിപ്പാൻ

കരുതുകിലേററവുമശുഭം
വരുമെല്ലോകന്യകയ്ക്കുതോക്കേണം. (൮൭)

ബലഭദ്രർ. [ശാന്തതയോടുകൂടെ]

ശരിതന്നെ. ആ കാൎയ്യം ഞാനാലോചിച്ചില്ല. കഷ്ടം! കഷ്ടം! സുഭദ്ര ബാല്യവൈധവ്യദുഃഖത്താൽ തപിയ്ക്കുന്നത നോം എങ്ങിനെ കണ്ടു സഹിക്കും?

കൃഷ്ണൻ.

ആ താപം കാണാതെ കഴിയ്ക്കാം.

പാൎത്ഥാൽനിൎമ്മലമായയാദവകുലത്തിങ്കൽകളങ്കത്തിനേ
ചേൎത്താമാധവിനാരിയെങ്കിലുമുടൻകൊല്ലാതിരിയ്ക്കില്ലഞാൻ
പാൎത്ഥൻതന്നുടെകണ്ഠവുംപുനരുടൻഛേദിച്ചുയുഷ്മൽപദേ
ചേൎത്തീടാമിഹകാഴ്ചയായ്ഭഗിനിതാൻപിന്നെതപിച്ചീടുമോ? ( )

അതിനാൽ ഞാനിപ്പോൾ തന്നെ പോകുന്നു. ആരാണവിടെ? ദാരുകനോടു വേഗത്തിൽ രഥംകൊണ്ടു വരുവാൻ പറയുക.

ഉദ്ധവർ. [ആത്മഗതം]

ഇദ്ദേഹത്തിൻെറ സഹോദരിസ്നേഹവും ഗുരുഭക്തിയും ആലോചിയ്ക്കുമ്പോൾ ഇങ്ങിനെ പറയുന്നതിന്നൊരു കാരണവും കാണുന്നില്ല. അതിനാൽ ഇതിൽ എന്തൊ കളവുണ്ടെന്നു തോന്നുന്നു. ഇരിയ്ക്കട്ടെ വഴിയെ അറിയാം.

ബലഭദ്രർ. [കരുണയോടുകൂടെ കൃഷ്ണനോടു]

മുന്നംനിഷ്ഠുരനായകംസനദയംചെയ്തോരുകൎമ്മത്തിനാൽ
തന്നേസന്തതമേററവുംജനനിതാൻകേണിങ്ങുവാഴുംവിധൌ
ഇന്നേററംപ്രിയപുത്രനാകിയഭവാനിസ്സാഹസംചെയ്കിലോ
വന്നീടുംപരിതാപമെന്തുപറയാംമാതാവിനുംതാതനും. (൮൯)

ഉദ്ധവർ.

പ്രായേണ ജനങ്ങൾക്കു സംഭവിയ്ക്കുന്ന ദുഃഖങ്ങൾക്കൊക്കെ ഓരോരോ കാരണവശാൽ ഒരു വിധം സമാധാനമുണ്ടു. എന്നാലീദമ്പതിമാൎക്കു അതിന്നു വഴിയില്ല.

ബലഭദ്രർ.

നിനക്കിലീപുത്രിയിലേററവുംപ്രിയം
ഭവിക്കയാൽമാലിതൊഴിച്ചിരിപ്പതും
വധിക്കിലോമാധവിതന്നെയക്ഷണം
മരിക്കുമത്താപമൊടമ്മയുംദൃഢം. (൨൦)

എന്നുമാത്രമല്ല, ഭൎത്തൃദുഃഖത്താലും ശത്രുപീഡകൊണ്ടും പരിതപിക്കുന്ന ആൎയ്യയായ കുന്തീദേവിക്കു ഇനി പുത്രശോകം കൂടി ഉണ്ടാക്കിത്തീൎക്കരുത.

ഉദ്ധവർ. [ബഹുമാനത്തോടുകൂടെ ആത്മഗതം]

ഇദ്ദേഹത്തിന്നു വൈരികളിൽ കൂടി ഇപ്രകാരം കാരുണ്യം ഭവിക്കുന്നുവല്ലൊ. ഇത്ര നിൎമ്മലമായ മനസ്സു മററാൎക്കുമില്ലെന്നു തന്നെ പറയാം.

കൃഷ്ണൻ. [ആത്മഗതം]

കാൎയ്യം ഒരു വിധം ഞാനുദ്ദേശിച്ചു ദിക്കിലായി. ഇനി ശങ്കിക്കുവാനില്ല.

[ശാന്തതയോടെ, പ്രകാശം]

എന്നാൽ ജ്യേഷ്ഠന്റെ ഹിതംപോലെ ചെയ്യാം. ഇനി വേണ്ടപോലെ അരുളിച്ചെയ്യുക.

ബലഭദ്രർ.

ഇപ്പോൾ പാണ്ഡവന്മാരും സുഭദ്രയും ഇതുകൊണ്ടു വളരെ ഭയപ്പെട്ടിരിക്കയായിരിക്കും. നോം ചെന്നു അവരെ സമാധാനപ്പെടുത്തണം.

[ഉദ്ധവരോടു]

അങ്ങിനെയല്ലേ ?

ഉദ്ധവർ.

അതിന്നെന്തു സംശയം.

കൃഷ്ണൻ.

എന്നാൽ പുറപ്പെടുക.

ബലഭദ്രർ.

ഉദ്ധവൻ ദ്വാരകയിൽചെന്നു ബന്ധുജനങ്ങളേയും അന്തഃപുരസ്ത്രീകളേയും കൂട്ടിക്കൊണ്ടു വേഗത്തിൽ വരു. ഞങ്ങൾ ഈ വഴിക്കു തന്നെ പോകട്ടെ.

ഉദ്ധവര.

അങ്ങിനെതന്നെ.

[പോയി]

[അനന്തരം ദാരുകൻ പ്രവേശിക്കുന്നു]

ദാരുകൻ.

മഹാരാജാക്കന്മാര ജയിക്കട്ടെ. രഥം സജ്ജമാക്കീട്ടുണ്ട. അതിൽ ആരോഹണം ചെയ്യാം.

ബലഭദ്രകൃഷ്ണന്മാര.

[അഞ്ചാറടി നടന്നിട്ട, രഥാരോഹണത്തെ അഭിനയിക്കുന്നു]

ബലഭദ്രര. [ദാരുകനോട]

ഇന്ദ്രപ്രസ്ഥത്തിങ്കലേക്കു വേഗത്തിൽ രഥത്തെ നടത്തുക.

ദാരുകൻ.

കല്പനപോലെ?

[രഥവേഗത്തെ നടിച്ചിട്ട]

മഹാരാജാക്കന്മാർ തൃക്കണ്ണോക്കുക.

ഏററം വേഗം ചരിക്കും പവനനുടെമദം
പോക്കുവാനെന്നപോലി
ന്നുററത്തോടേഗമിക്കുന്നൊരുരഥമതിൽനി
ന്നുത്ഭവിക്കുംമരുത്താൽ
ചുററും നില്ക്കും ദ്രുമൌഘം തരിതമൊടധുനാ
തങ്ങളിൽതച്ചൊടിഞ്ഞും
മുററും വേഗാലുലഞ്ഞിട്ടിഹചിലതുമറി
ഞ്ഞും പതിക്കുന്നു ഭൂമൌ. (൨൯)

ബലഭദ്രര. [നോക്കീട്ട, സന്തോഷത്തോടെ]

ശരിതന്നെ. നോമിപ്പോൾ മാർഗ്ഗമദ്ധ്യത്തിൽ എത്തി.

കൃഷ്ണൻ. [നോക്കീട്ട]

അതാ! ഇന്ദ്രപ്രസ്ഥത്തിൻെറ സമീപത്തിലുള്ള ആ വലിയ പർവ്വതം കാണുന്നു.

ഏററംവാച്ചതുമൂലമിന്നുഗഗനേതട്ടന്നശൃംഗങ്ങളിൽ
പററീട്ടന്നഘനങ്ങളാലുമധികംസാനുപ്രദേശേട്ടശം
മൂററീട്ടന്നതമാലവൃക്ഷപടലത്താലും വിളങ്ങീട്ടമി
ക്കുററൻപൎവ്വതമേററവുംപുകവമിയ്ക്കുന്നെന്നുതോന്നുന്നമേ. ()

ബലഭദ്രർ.

ഞാൻ ആ ശൈലം നല്ലവണ്ണം കാണുന്നതിന്നു മുമ്പു തന്നെ രഥം ആ പ്രദേശം വിട്ടുപോന്നു. ഇരിയ്ക്കട്ടെ ഈ കാണുന്ന ഉദ്യാനമേതാണ ?

ദാരുകൻ.

ഇത പാണ്ഡവന്മാരുടെ പുരോദ്യാനമാകുന്നു.

ബലഭദ്രർ. [അത്ഭുതത്തോടെ]

ഇത്ര വേഗം ഇവിടെ എത്തിയൊ ?

[കൃഷ്ണനോട]

ഇനി രഥത്തിലിരുന്നു സഞ്ചരിയ്ക്കുന്നത അത്ര ഭംഗിയല്ല. അതിനാൽ ഇവിടെ ഇറങ്ങി ഈ ഉദ്യാനത്തിൽകൂടി പട്ടണത്തിലയ്ക്കു പോകുകയല്ലേ നല്ലത ?

കൃഷ്ണൻ.

അങ്ങിനെതന്നെ.

ബലഭദ്രർ.

ദാരുക ! രഥത്തെ നിൎത്തുക.

ദാരുകൻ.

കല്പനപോലെ. [അപ്രകാരം ചെയ്യുന്നു]

ബലഭദ്രകൃഷ്ണന്മാർ.

[രഥത്തിൽനിന്ന ഇറങ്ങുന്നതായി നടിച്ചിട്ട, ദാരുകനോട]

രഥം അവിടെ നില്ക്കട്ടെ. ദാരുകനും വരൂ.

ദാരുകൻ.

കല്പനപോലെ. [എല്ലാവരും ചുററി നടക്കുന്നു]

ബലഭദ്രർ.

ഈ ഉദ്യാനം ഏററവും രമണീയം തന്നെ. എന്തുകൊണ്ടെന്നാൽ,

അത്യാനന്ദേനമാവിൻപുതിയകിസലയം
തിന്നുടൻകോകിലൌഘം

മത്തന്മാരായമന്ദംമധുരതരമിതാ
പഞ്ചമംപാടിടുന്നു
നൃത്തംചെയ്യുന്നുവാഴ്ക്കുംകതുകമോടുമയൂ
രങ്ങളാരാമമെങ്ങും
പുത്തൻതേനുണ്ടുമത്തഭ്രമരനിരമദാ
മേളമായ്ക്കളിടുന്നു. (൨൩)

കൃഷ്ണൻ.

ശരിതന്നെ. ഈ ഉദ്യാനശോഭ ഇവിടെ സഞ്ചരിയ്ക്കുന്നവൎക്കു വളരെ ആഹ്ലാദത്തെ ഉണ്ടാക്കുന്നു.

[ദാരുകനോട സ്വകാൎയ്യമായിട്ടു]

മല്ലീവല്ലീഗൃഹത്തിൽപരമിഹപൊഴിയും
പൂക്കളാൽമെത്തതീൎത്തി
ട്ടുല്ലാസത്തോടതിന്മേൽപുതുമധുപനിനീ
രാത്തമോദംതളിച്ചും
മെല്ലെപ്പൂരേണുവാകുംപരിമളപടവാസ
ത്തെനന്നായുതൃത്തും
ചൊല്ലാൎന്നീടും വസന്തത്തൊടുസഹകളി
യാടുന്നിതുദ്യാനലക്ഷ്മീ. (൨൪)

ദാരുകൻ. [മന്ദസ്മിതത്തോടെ, ആത്മഗതം]

ഇവരിൽ മദനന്റെ ജനകനെ സൌന്ദൎയ്യത്താലറിഞ്ഞ കൂടാ എങ്കിലും വാക്കിനാലറിയാം നിശ്ചയം.

[കൃഷ്ണനോട, പ്രകാശം]

തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തതു പോലെ തന്നെ ഈ ഉപവനം വളരെ ശോഭിയ്ക്കുന്നു.

ബലഭദ്രൻ.

ഇവിടേ സമീപം ഒരു സരസ്സുണ്ടെന്നു തോന്നുന്നു.

കളഹംസങ്ങളിദാനീം
തെളിവൊടുശബ്ദിപ്പതുണ്ടുകേൾക്കുന്നു

കൃഷ്ണൻ.

എന്നുമാത്രമല്ല,

അളികുലകളത്ധ്വങ്കാരം
വളരെക്കൌതൂഹലത്തെനല്കുന്നു. (൨൭)

ദാരുകൻ.

ഇതാ അടുത്ത ആ സരസ്സു കാണുന്നു.

കൃഷ്ണൻ.

കില്ലില്ലീസ്സരസികളിച്ചുമന്ദമോദം
മല്ലാക്ഷീജനമധുനാഗമിച്ചനന്തരം
സൊല്ലാസംമുടിയിലണിഞ്ഞുകാന്തിമങ്ങും
മുല്ലപ്പൂനിരചിതറിക്കിടപ്പിതെങ്ങും. (൨൮)

ബലഭദ്രർ.

ഈ സരസ്സു ചുററും പുഷ്പിച്ചു നില്ക്കുന്ന ലതകളാലും വികസിച്ചിരിക്കുന്ന താമരയുടെയും കരിംകുവളത്തിൻെറയും പൂക്കളാലും ശോഭിക്കുന്നു.

ദാരുകൻ.

ഇവിടെ മധുപാനത്തിന്ന വന്നു നിറഞ്ഞിരിക്കുന്ന വണ്ടുകളാൽ ഈ സരസ്സു നീലവൎണ്ണമായിട്ടു കാണപ്പെടുന്നു.

കൃഷ്ണൻ. [സരസ്സിനേ ഉദ്ദേശിച്ചു]

നളിനിഭവതിയിങ്കൽസസ്പൃഹംരാജഹംസം
തെളിവൊടുകളിയാടുന്നേരമിന്നിന്ദിരങ്ങൾ
വളരുമൊരുവിഷാദത്തോടുചുററുംപറന്നി
ങ്ങൊളിവിലഥചരിച്ചീടുന്നതിന്നെന്തുബന്ധം? (൨൯)

ദാരുകൻ.

[മുൻഭാഗത്തു നോക്കീട്ടു]

ധൎമ്മപുത്രമഹാരാജാവ ഇവിടക്കു എഴുന്നെള്ളുന്നുണ്ടു.

ബലഭദ്രർ.

നോം വന്ന വിവരം അറിഞ്ഞിട്ടു വരുന്നതായിരിക്കാം. നമുക്കവിടെക്കുതന്നെ ചെല്ലുക. [ചുററിനടക്കുന്നു]

ധൎമ്മപുത്രര. [പ്രവേശിച്ചു]

[ബലഭദ്രകൃഷ്ണന്മാരെ യഥായോഗ്യം ഉപചരിക്കുന്നു.]

ബലഭദ്രര.

സഖെ! ധൎമ്മപുത്ര! ഭവാനും അനുജന്മാൎക്കും സുഖമല്ലെ?

ധൎമ്മപുത്രര. [ആത്മഗതം]

ഇദ്ദേഹം ക്രോധിച്ചിരിക്കുമെന്ന കരുതി ഞാൻ വളരെ ഭയപ്പെട്ടിരുന്നു. ഈ ചോദ്യത്താൽ ആ ഭയമല്പം തീൎന്നു.

[വിനയത്തോടുകൂടി പ്രകാശം]

ഇങ്ങിനേയുള്ള ബന്ധുക്കളുള്ളപ്പോൾ ഞങ്ങൾക്കു സുഖക്കേടിന്നവകാശമുണ്ടൊ?

ബലഭദ്രര. [അല്പം പശ്ചാത്താപത്തോടെ, ആത്മഗതം]

ഇപ്രകാരമുള്ള സുഹൃത്തിന്ന ഞാൻ വ്യസനത്തെ ഉണ്ടാക്കുവാൻ വിചാരിച്ചുവെല്ലൊ. കഷ്ടം!

കൃഷ്ണൻ. [ആത്മഗതം]

ജ്യേഷ്ഠൻ പാണ്ഡവന്മാരിൽ വളരെ സ്നേഹത്തോടുകൂടിയാണ സംസാരിക്കുന്നത. എന്നു മാത്രമല്ല, മുമ്പ ക്രോധിച്ചതിനെകുറിച്ചു അനുതപിക്കുന്നുണ്ടെന്നു കൂടി തോന്നുന്നു.

[അണിയറയിൽ]

ദ്വാരകയിൽ നിന്നും അവരോധജനങ്ങൾ വരുന്നുണ്ട.

ധൎമ്മപുത്രര. [പരിഭ്രമത്തോടെ]

ആരാണവിടെ? ഇവിടെയുള്ള അന്തഃപുരസ്ത്രീകളൊടു പോയി അവരെ എതിരേറ്റു കൊണ്ടു വരുവാൻ പറയുക.

[ബലഭദ്രകൃഷ്ണന്മാരോട]

എന്നാലിനി പുരത്തിങ്കലേക്കു പോകുകയല്ലെ.

ബലഭദ്രകൃഷ്ണന്മാർ.

അങ്ങിനെതന്നെ.

[എല്ലാവരും ചുററി നടക്കുന്നു]

ബലഭദ്രര. [കൃഷ്ണനോടസ്വകാൎയ്യമായിട്ട]

സോദരിയുടെ വിവാഹ മഹോത്സവത്തിന്നായിട്ടെന്ന തോന്നുന്നു ഈ പുരം വളരെ ഭംഗിയായി അലങ്കരിച്ചിരിയ്ക്കുന്നത.

കൃഷ്ണൻ.

ശരിതന്നെ.

കത്തുംതിയ്യോത്തരത്താക്കൊടികളുമിടയിൽ
പത്തനംചുററുമേററം
പുത്തൻമുത്താൽതൊടുത്തിട്ടതിരുചികലരും
തോരണശ്രേണിതാനും
അത്യുത്സാഹംരചിച്ചോരിതരതരവിദാനങ്ങളും
കാണ്കിലിപ്പോൾ
വൃത്രാരാതിയ്ക്കുപോലുംപുരമതിലള വററുള്ള
മോഹംജനിയ്ക്കും. (൨൨)

ബലഭദ്രര. [നോക്കീട്ട]

നാം രാജമന്ദിരത്തിലെത്തിയല്ലൊ.

ധൎമ്മപുത്രര.

ഇനി ഇവിടെ ഈ സിംഹാസനങ്ങളിൽ ഇരുന്ന അല്പം വിശ്രമിയ്ക്കാം.

ബലഭദ്രര.

സഖേ ! ഭവാനും ഇരിയ്ക്കുക.

ധൎമ്മപുത്രര.

അങ്ങിനെതന്നെ.

[എല്ലാവരും ഇരിയ്ക്കുന്നു]

ബലഭദ്രര. [നാലുപുറവും നോക്കീട്ട]

അൎജ്ജുനനെവിടെ ? കാണ്മാനില്ലല്ലൊ.

ധൎമ്മപുത്രര.

ഇവിടേയുണ്ട.

ബലഭദ്രര.

എന്നാൽ ഇവിടെയ്ക്കു വരാഞ്ഞതെന്താണ ? ഞങ്ങൾ വന്ന വിവരം അറിഞ്ഞില്ലെ ?

കൃഷ്ണൻ. [ആത്മഗതം]

അൎജ്ജുനൻ നേരേ വരാത്തത ലജ്ജകൊണ്ടായിരിയ്ക്കും.

ധൎമ്മപുത്രര.

അറിയായ്കയല്ല.

കൃത്യാകൃത്യവിവേകശൂന്യമതിയായുള്ളോ
രുബാലൻവിധി
വ്യത്യാസാലൊരുനിന്ദ്യകൎമ്മമൊരുനാൾ
ചെയ്യീടിലബ്ബാലനിൽ
അത്യന്തംകൃപയുള്ളതൽഗുരുജനംക്രോധി
യ്ക്കയില്ലെങ്കിലും
മത്യാമന്നതുമൂലമായ്പരമവന്നുണ്ടാക
മല്ലോഭയം. (൨൯)

ബലഭദ്രര.

അൎജ്ജുനൻ ഞങ്ങൾക്കഏററവുംഉപകാരമാണചെയ്യത. ആ സ്ഥിതിയ്ക്ക അൎജ്ജുനനോടസന്തോഷമല്ലാതെവിരോധമുണ്ടാകുമൊ ?

കൃഷ്ണൻ.

വരഗുണമഖിലവുമിയലു
ന്നൊരുനരനീക്കന്യയെക്കൊടുപ്പതിനായ്
കരളിൽപെരുകിയമോഹം
ത്വരിതമനായാസമിന്നുസാധിച്ചു. (൩൦)

[അനന്തരം ലജ്ജയാൽ അധോമുഖനായിട്ട അൎജ്ജുനനും, പാഞ്ചാലിയാൽ ഹസ്താവലംബിതയായിട്ട സുഭദ്രയും, ദേവകിയും, രുഗ്മിണിയും, പ്രവേശിയ്ക്കുന്നു]

[അന്യോന്യം യഥോചിതം ആചാരോപചാരങ്ങൾ ചെയ്യ എല്ലാവരും ഇരിയ്ക്കുന്നു]

ബലഭദ്രര. [പാഞ്ചാലിയേയുംസുഭദ്ര യേയുംകണ്ടിട്ടആത്മഗതം]

ഒരുവനിരുവരുണ്ടെന്നാകിലോഭാൎയ്യമാരായ്
പെരുകിയൊരുവിരോധംതമ്മിലുണ്ടാകമെല്ലോ

കരുതുകിലതു വിട്ടീഭദ്രയിൽപ്രേമമേവം
ദ്രുപദനൃപസുതയ്ക്കിന്നുള്ളതത്യന്തചിത്രം ! (൮൪)

ഇതു വളരെ ദുൎല്ലഭംതന്നെ. ഇനി സുഭദ്രയ്ക്കു ഒരു സുഖക്കേടിന്നും കാരണമില്ല. ഇവരെല്ലാവരും അവളെ പുത്രിയെപ്പോലെ ലാളിക്കും നിശ്ചയം.

[സന്തോഷത്തോടെ, ധൎമ്മപുത്രരോട പ്രകാശം]

ധൎമ്മജതവമാഹാത്മ്യം
നന്മവളൎത്തുന്നരീക്കുലത്തിങ്കൽ

ധൎമ്മപുത്രര. [വിനയത്തോടെ]

ഇന്നുഭവൽക്കൃപയല്ലാ
തൊന്നുമെനിക്കില്ലമൽക്കുലത്തിന്നും. (൮൫)

കൃഷ്ണൻ. [സ്വകാൎയ്യമായിട്ട, അൎജ്ജുനനോട]

സഖേ ! ഭവാനിനിയും അധോമുഖനായിട്ട മൌനത്തെ അവലംബിച്ചിരിക്കുന്നതെന്താണ ? ജ്യേഷ്ഠന്റെ ഹിതവചനങ്ങൾ കേൾക്കുന്നില്ലെ ?

അൎജ്ജുനൻ. [ലജ്ജയെവിട്ട അല്പം തല ഉയൎത്തി ഇരിക്കുന്നു]

ബലഭദ്രര. [ധൎമ്മപുത്രരോട]

ഞങ്ങൾ അൎജ്ജുനന്ന സ്ത്രീധനം കൊടുക്കുവാനായി വിചാരിക്കുന്നു.

ധൎമ്മപുത്രര.

യഥേഷ്ടം ചെയ്യാം.

ബലഭദ്രര. [കൃഷ്ണനോട]

എന്നാൽ കൊടുക്കുകയല്ലേ ?

ബലഭദ്രര. [അൎജ്ജുനനോട]

സ്ത്രീധനമിന്നുതരുന്നേൻ
സാധുമതേ ! സ്വീകരിക്കുകതുകേന
ആധിവെടിഞ്ഞിഹസുചിരം
മാധവിയോടുംസുഖേനവാഴ്ക ഭവാൻ. (൮൬)

[കൊടുക്കുന്നു]

അൎജ്ജുനൻ. [അത്യാനന്ദത്തോടെ സ്വീകരിക്കുന്നു]

ബലഭദ്രർ. [സുഭദ്രയോട]

കേൾക്കനീതരുണികൾക്കുവല്ലഭൻ
പാൎക്കിലിന്നുപെരുവിദൈവതംദൃഢം
നീക്കമില്ലപതിയേഭജിയ്ക്കിലോ
കയ്ക്കലഞ്ഞുസകലാൎത്ഥസിദ്ധിയും. (൩൧)

കൃഷ്ണൻ.

അതിനാൽ ഭൎത്തൃശുശ്രൂഷ ചെയ്തുകൊണ്ട വളരെ കാലം സുഖമായിരിയ്ക്കുക.

ദേവകി.

[സുഭദ്രയെ ആലിംഗനം ചെയ്തിട്ട]

എല്ലാനേരവുമാദരേണപതിയെ
ശുശ്രൂഷചെയ്യേററവും
കല്യാണീജനവന്ദ്യയായയിസുതേ!
വാണീടുകേറദ്ദിനം
തെല്ലുംമോദമവന്നുനിന്നിലുളവായ്
വന്നീലയേന്നാകിലും
കല്യേചൊല്ലരുതപ്രിയംമനമതിൽ
ചിന്തിയ്ക്കയുംചെയ്യൊലാ. (൩൨)

രുഗ്മണി. [സുഭദ്രയെ ആശ്ലേഷിച്ച്, സാകാൎയ്യമായിട്ട]

ഞങ്ങളിലുണ്ടായിരുന്ന പരിഭവമൊക്കെ ഇപ്പോൾ തീൎന്നില്ലേ?

സുഭദ്ര. [ലജ്ജയോടെ തല താഴ്ത്തി നില്ക്കുന്നു]

രുഗ്മണി. [പ്രകാശം]

ഭദ്രെ! നീ സ്വാധീനപതികയായി ഭവിയ്ക്കട്ടെ.

[പാഞ്ചാലിയോട]

സഖി! ഈ സമയത്തിൽ സാധാരണസ്ത്രീകളോട പറയും പോലെ ഭവതിയോട പറവാൻ ഒരാവശ്യവും കാണുന്നില്ല.

പാഞ്ചാലി.

എന്റെ പ്രാണങ്ങളും സുഭദ്രയും തമ്മിൽ എനിക്കു അഭേദമെന്നു മാത്രം ഞാൻ പറയുന്നു.

കൃഷ്ണൻ. [അൎജ്ജുനനോടു]

സഖേ! ഭവാനു എന്തു അഭീഷ്ടമാണു ഞാനിനിയും സാധിപ്പിക്കേണ്ടതു?

അൎജ്ജുനൻ.

ഇവിടുത്തെ അനുഗ്രഹത്താൽ എനിക്കു സൎവ്വാഭീഷ്ടസിദ്ധിയും ഭവിച്ചു. എങ്കിലും ഭവൽകൃപയാലിങ്ങിനെ ഭവിക്കട്ടെ.

—····+····—

ഭരതവാക്യം.

ഉൽകൃഷ്ടവിദ്യവഴിപോലഭ്യസിച്ചുഹൃദി
ബോധംവളൎന്നുസുഖമായ്
മക്കണ്ണിമാർഹൃദയമൊക്കുംവിധംകണവ
രൊന്നിച്ചുചേൎന്നുസുചിരം
പൊല്പൊണ്ടിടുന്നനിജധൎമ്മംഭരിച്ചുഭുവി
വാണീടണംസകുതുകം
കൈക്കൊണ്ടുടൻകരുണശൈലേന്ദ്രനന്ദിനി
യുമിന്നേകണംമമസുഖം. (൩൩)

[എല്ലാവരും പോയി.]

അഞ്ചാമങ്കം

കഴിഞ്ഞു.

സുഭദ്രാൎജ്ജുനം

സമ്പൂൎണ്ണം.

·····o·····

TESTIMONIALS.

I have carefully perused the Malayalam Drama entitled *Subhadrârjunam* and I am glad to say that it is an interesting and dignified composition. It undoubtedly depicts the dramatic talent of its authoress. The style is easy; alliterations are very many and the plot is clear. I hope and I wish that it will be as widely popular as any good Malayalam work in the language.

Trichur.
June 22, 1892.

KARELA VURMAH,
First Prince of Cochin.

We have much pleasure in introducing to the notice of the reading public an interesting little drama in Malayalam, composed recently by an educated Nair lady. The authoress, we understand, is a young lady who has already earned a name among the living poets of Malabar, and the work before us is an eloquent testimony to the capacity of a female mind. The historical land of *Kerala*, has, from time immemorial, been famous for its literary wealth, and it is undeniable that the richness of intellect and fertility of imagination which have, for centuries, characterized the literary *elite* of its people are, in no small degree, due to the congenial character of its social and domestic institutions. At the present day, when the march of material civilization characteristic of the nineteenth century, and the rage for "scientific reforms" which it has created have powerfully triumphed over imaginative faculty and poetic

sentiment, it is truly gratifying to welcome such a literary production as the one before us. It is a matter for profound delight that, in the present case, it is a female intellect that puts us in mind of the glory of our literary ancestry.

The poem before us is worthy of every praise coming as it does from the pen of a member of the soft sex. The subject of it is the well-known story of Arjunâ's marriage with Subhadra—a story that has been handled in various forms by many a Sanskrit and Malayalam poet. Though there is nothing in the subject with which an ordinary scholar is not already familiar, still the skilful way in which the story is developed in its dramatic garb is certainly creditable.

The chief merit of this poem lies in its extreme purity of thought and elegance of diction. The style is graceful, and the language employed is, generally speaking, idiomatic. The deliniation of character and incident is true to nature, and the pourtrayal of human sentiments in its varying phases betokens a poetic capacity of no mean order. Judged by the severe canons of dramatic art, this little work is perhaps not free from blemishes, but against this must be set off the lyrical and metrical beauty of the poem which is certainly great. It is to be hoped that this gifted authoress will long continue to embellish the literature of Malabar, by the productions of her fertile pen, so as to render the literary reputation of *Kerala*, a subject of pride to its well-wishers.

THE HINDU.

കേരള സാഹിത്യ
അക്കാദമി